# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 6 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | സെപ്റ്റംബർ 2014




## ഇന്ത്യയിലെ ജൈവ വൈവിധ്യവും അവയുടെ സംരക്ഷണവും

- സംഘർഷം എങ്ങനെ നിയന്ത്രിക്കാം?
- എബോള വൈറസ് രോഗം: ആശങ്കയും പ്രതിരോധവും
- മാലിന്യ നിർമ്മാർജ്ജനം കുമളി മാതൃക

## 'നമ്മുടെ പഞ്ചായത്ത്
## ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം
## നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

സെപ്റ്റംബർ 2014

## ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 വീടുകളും വിദ്യാലയങ്ങളാവണം
ഡോ. എം.കെ. മുനീർ



8 സങ്കല്പത്തിന്റെ ഓണവർണങ്ങൾ
വിനു എ.



11 ക്വാളിറ്റി സർക്കിൾ
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

14 ഇന്ത്യയിലെ ജൈവ വൈവിധ്യവും അവയുടെ സംരക്ഷണവും
രഘുരാമൻ



17 "നിശബ്ദനായി അനുസരിക്കേണ്ടയാളല്ല; നിയമാനുസൃതം പ്രവർത്തിക്കേണ്ടയാളത്രെ സെക്രട്ടറി"
സി. രാജഗോപാലൻ

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 ചാരുതയാർന്ന ചിങ്ങമാസം
ബിന്ദുരാജ് എം.എ.

24 ഓണം (കവിത)
അജിത് എഴക്കാട്

25 മികച്ച വിളവ് ഉറപ്പാക്കാൻ സോയിൽ ഹെൽത്ത് കാർഡ്
കെ.എം. രവീന്ദ്രൻ, എം. ശ്രീവിദ്യ




26 സൗര ലവണം
എം.വി.എസ്. പ്രസാദ്

28 പരിസ്ഥിതി സൗഹൃദവും കുടുംബശ്രീയും
റസാഖ് പയമ്പ്രോട്ട്

31 സംഘർഷം എങ്ങിനെ നിയന്ത്രിക്കാം



35 ബിസിനസ്സ് ലോകത്തിന് പുതിയ മുഖമുദ്രയുമായി ഇന്ത്യൻ രൂപ
ടി. ഷാഹുൽ ഹമീദ്

36 മാലിന്യ നിർമ്മാർജ്ജനം കുമളി മാതൃക
എ. സെയിദ്

39 എബോള വൈറസ് രോഗം: ആശങ്കയും പ്രതിരോധവും
ഡോ. എച്ച്. ആർ. കേശവമൂർത്തി





◀ *കേരള ഗവർണറായി ചുമതലയേറ്റ ജസ്റ്റിസ് പി. സദാശിവത്തെ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ രാജ്ഭവനിൽ സന്ദർശിച്ചപ്പോൾ.*

# കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ഇനി മുതൽ എല്ലാ വർഷവും ഓണം അലവൻസ്

പൊന്നിൻ ചിങ്ങമാസത്തിലെ ഓണം കെങ്കേമമാക്കാൻ സംസ്ഥാനത്തെ 1072 സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് കുടുംബശ്രീയുടെ അവിസ്മരണീയ സമ്മാനം.

കുടുംബശ്രീ പതിനാറാം വാർഷികത്തിൽ സംസ്ഥാനത്തെ മുഴുവൻ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും ഓണം അലവൻസായി ആയിരം രൂപ വീതം നൽകുമെന്ന വാക്ക് പാലിച്ചുകൊണ്ട് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ തന്റെ പ്രതിബദ്ധത തെളിയിച്ചപ്പോൾ അത് കുടുംബശ്രീയുടെ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി. ഇതു പ്രകാരം ഓണത്തോടനുബന്ധിച്ച് സെപ്റ്റംബർ അഞ്ചിനു മുമ്പായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന സംസ്ഥാനത്തെ 1072 സി.ഡി.എസ് ചെയർപേഴ്സൺമാർക്കും ഈ ആനുകൂല്യം ലഭ്യമാക്കി. വർഷങ്ങളായി സി.ഡി.എസ് ചെയർപേഴ്സൺമാർ നിരന്തരം ആവശ്യപ്പെട്ടിരുന്ന കാര്യമാണ് ഈ ഓണത്തിനു മുമ്പേ യാഥാർത്ഥ്യമായത്.

പതിനാറാം വാർഷികാഘോഷവേളയിൽ സി.ഡി.എസ് ചെയർപേഴ്സൺമാർക്കായി പ്രഖ്യാപിച്ച ഓണം അലവൻസ് ഓണത്തിനു മുമ്പു തന്നെ അവർക്ക് നൽകാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ഇനി മുതൽ എല്ലാ വർഷവും ഓണം അലവൻസ് ലഭിക്കുമെന്നും മന്ത്രി ഡോ.എം.കെ മുനീർ പറഞ്ഞപ്പോൾ നിറഞ്ഞ കരഘോഷത്തോടെയാണ് സി.ഡി.എസ് പ്രവർത്തകർ അതിനെ വരവേറ്റത്. തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ഓണം അലവൻസ് സംസ്ഥാനതല വിതരണോദ്ഘാടനവും ഓണച്ചന്ത 2014 സംഘാടനത്തിനുള്ള സഹായധന വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കുടുംബശ്രീ ഉൽപന്നങ്ങൾ ഇന്ന് വളരെയധികം ജനകീയമായി മാറിക്കഴിഞ്ഞുവെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ മേയർ അഡ്വ. കെ ചന്ദ്രിക പറഞ്ഞു. തനിമയുള്ള ഉൽപന്നങ്ങളായതു കൊണ്ടാണ് അവ ജനങ്ങൾക്ക് പ്രയങ്കരമാകുന്നതെന്നും മേയർ പറഞ്ഞു.




*സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ഓണം അലവൻസ് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം. കെ മുനീർ കോർപ്പറേഷൻ സി.ഡി.എസ് മൂന്നിലെ ചെയർപേഴ്സൺ ഷീലയ്ക്ക് നൽകുന്നു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ.കെ ചന്ദ്രിക സമീപം*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2014 | പുസ്തകം 54 | ലക്കം 6 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

## എഡിറ്റോറിയൽ

ഈ വർഷം സെപ്റ്റംബർ മാസം ആദ്യവാരത്തിൽ വന്നെത്തിയ ഓണം മുൻവർഷങ്ങളിലെ പോലെ മലയാളികളായ നാം അത്യാഹ്ലാദത്തോടെ ആഘോഷിച്ചു. അപ്രതീക്ഷിതമായി പെയ്ത മഴ ഓണത്തിന്റെ ശോഭ കെടുത്തുമോ എന്ന് ആശങ്കപ്പെട്ടിരുന്ന നമുക്കു ഓണം അടുത്ത നാളുകളിൽ കാലാവസ്ഥ അനുകൂലമായതിനാൽ ശോഭ മങ്ങാതെ ഓണം ആഘോഷിക്കാൻ കഴിഞ്ഞു.

ഓണം മുൻകാലങ്ങളിൽ വിളവെടുപ്പ് ഉത്സവത്തിന്റെ ആഘോഷമായിരുന്നെങ്കിൽ ഇന്നത് വെറും വാങ്ങലുകളുടെ ആഘോഷമായി മാറിയിരിക്കുന്നു. കാർഷിക സംസ്കാരത്തോട് ചേർന്നാണ് ഓണം വളർന്നത്, അദ്ധ്വാനം കൊണ്ട് മാത്രം വിജയം കുറിച്ച പഴയകാലത്തിന്റെ വിളവെടുപ്പുകൾ ഉത്സവ കാഴ്ചകളായിരുന്നെങ്കിൽ ഇന്നത് കമ്പോളത്തിന്റെ നിറകാഴ്ചയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഓണാഘോഷത്തിനായി നാം വാങ്ങുന്ന പച്ചക്കറിയും, അരിയും, പൂക്കളും എന്ന് വേണ്ട ഉണ്ണാനായിട്ടുള്ള തൂശനിലവരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണെന്നുള്ളത് സ്വയം വിമർശന ബുദ്ധിയോടെ കാണേതുണ്ട്. ജനങ്ങളെ കാർഷിക വൃത്തിയിലേക്ക് പ്രേരിപ്പിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ കർത്തവ്യം നാം മറന്നു കൂട. ഗ്രാമീണ ജീവിത പശ്ചാത്തലത്തിൽ നിന്നും യാന്ത്രികമായി നഗര സംസ്കാരത്തിലേക്കു നാം മാറിയപ്പോൾ നമ്മുടെ ആഘോഷങ്ങളും യാന്ത്രികമായി മാറിക്കഴിഞ്ഞു. പക്ഷെ 'ഓണം' എന്ന രണ്ടക്ഷരം കേരളീയന്റെ മനസ്സിൽ ഉണ്ടാക്കുന്ന പരസ്പര സ്നേഹത്തിന്റെയും ഒരുമയുടേയും വികാരം ഒരു കമ്പോള സംസ്കാരത്തിനും മലയാളിയുടെ മനസ്സിൽ നിന്നും മാറ്റാൻ കഴിയില്ല.

ഓണം നൽകുന്ന സന്ദേശം സമത്വത്തിന്റേതും സാഹോദര്യത്തിന്റേതുമാണ്. വർഗ്ഗ വർണ്ണ വ്യത്യാസമില്ലാത്ത സമത്വപൂർണവും സാമൂഹ്യനീതിയിലധിഷ്ഠിതവുമായ ഒരു സാമൂഹ്യ ക്രമത്തെയാണ് ഓണം എന്ന ആഘോഷത്തിലൂടെ നമുക്കു നേടാൻ കഴിയുന്നത്. ഗ്രാമീണമായ ജീവിത പശ്ചാത്തലം പുരോഗമിക്കുന്നതിനെ അവഗണിക്കാനോ, നാം നേടിയ ആധുനിക ജീവിത സൗകര്യങ്ങളെ നിരാകരിക്കാനോ നമുക്കു കഴിയില്ല. നാം നേടിയ വികസനവും, സൗകര്യങ്ങളും അംഗീകരിച്ചു കൊണ്ട് ഗ്രാമീണതയുടെ വിശുദ്ധി പ്രകൃതിയിൽ മാത്രമല്ല മനസ്സിലും ഉണ്ട് എന്ന സങ്കല്പത്തിൽ നിന്നും വേണം നാം ഓണാഘോഷങ്ങളെ കാണേണ്ടത്.

നമ്മുടെ വികസനത്തിൽ സംഭവിച്ച പാളിച്ചകളാൽ പ്രകൃതി കൂടുതൽ വരണ്ടതായി വരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ നമ്മുടെ മനസ്സുകളെ വരണ്ടതാക്കാൻ ഒരു വികസനത്തിനും സാധ്യമല്ല എന്നതിന്റെ തെളിവാണ് എല്ലാ വർഷവും അത്യാഹ്ലാദത്തോടെ നാം ആഘോഷിക്കുന്ന ഓണം. ഇത്തരം ആഘോഷങ്ങളിലൂടെ സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും ഒരുമയുടേയും സന്ദേശം എല്ലാവരിലും എത്തിക്കാൻ നമുക്കു കഴിയുന്നു. ഓരോ ഓണവും കേരളീയ സമൂഹത്തിനു പുത്തൻ പ്രതീക്ഷകളും നന്മയും പ്രദാനം ചെയ്യുന്ന ആഘോഷങ്ങളായി മാറട്ടെ എന്നാശംസിക്കുന്നു.

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ
**എ. സെയിദ്**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# വീടുകളും വിദ്യാലയങ്ങളാവണം

പെൺകുട്ടിയുടേതായാലും ആൺകുട്ടിയുടേതായാലും കൗമാരം വളർച്ചയിലെ വിസ്മയകരമായ ഘട്ടമാണ്. അതിന്റെ The Magic Age എന്ന സംജ്ഞ തികച്ചും അർത്ഥപൂർണ്ണമാണ്. മിഥ്യയെ യാഥാർത്ഥ്യമാക്കി പലപ്പോഴും കരുതാവുന്ന പ്രായം. ബാല്യം കഴിഞ്ഞ്, പ്രായപൂർത്തിയിൽ എത്തുന്നതിന് മുമ്പുള്ള ഈ പ്രായം വ്യക്തിത്വ വികസനത്തിന്റേതാണ്. കൗമാര പ്രായത്തിലുള്ള കുട്ടികൾക്കും സമ്പൂർണ്ണ വ്യക്തിത്വമുണ്ടെന്നും അത് അംഗീകരിക്കപ്പെടേണ്ടതാണെന്നും സമൂഹം ഉൾക്കൊള്ളണം. അവരുടെ അഭിപ്രായങ്ങൾ അവഗണിക്കേണ്ടവയല്ല; മുതിർന്നവർ അംഗീകരിക്കേണ്ടവയാണ്. കൗമാരം പ്രത്യേകിച്ച് പെൺകുട്ടികളിൽ 'ഐഡന്റിറ്റി ക്രൈസിസ്' ഉണ്ടാക്കുന്ന പ്രായമാണ്. ഡവലപ്പ്മെന്റൽ സൈക്കോളജിയിൽ ലോകം എമ്പാടും അറിയപ്പെടുന്ന വിദഗ്ദ്ധനായ എറിക് എറിസൺ ഈ ഐഡന്റിറ്റി ക്രൈസിസിനെപ്പറ്റി ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ജീവശാസ്ത്രപരമായ മാറ്റങ്ങൾ പെൺകുട്ടികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നു. ഒരു പിടി ഉത്കണ്ഠകൾക്ക് അവർ വിധേയരാവുന്നു. ഈ ഉത്കണ്ഠകളും വെളിവാക്കപ്പെടാത്ത ആശങ്കകളും ഒക്കെച്ചേർന്ന് എന്തിനോടും പ്രതികരിക്കാനുള്ള പ്രവണത അവരിൽ വളരുകയും ചെയ്യുന്നു.

ഈ പ്രായത്തിൽ രക്ഷിതാക്കളോട് അവർ ഉള്ളുതുറന്ന് സംസാരിക്കാൻ വൈമുഖ്യം കാട്ടുന്ന പ്രവണതയുണ്ട്. സ്വന്തം അമ്മയോടുപോലും പറയാത്ത കാര്യങ്ങൾ വിദ്യാലയങ്ങളിലെ ഏറ്റവും അടുത്ത സുഹൃത്തുക്കളുമായിട്ടായിരിക്കും പങ്ക് വയ്ക്കുക. ഈ സുഹൃത്തുക്കളെപ്പറ്റിയാകട്ടെ, രക്ഷിതാക്കൾക്ക് യാതൊരു ധാരണയും ഉണ്ടാവില്ല. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ ഇടപെടുന്ന സാഹചര്യം, അവരുടെ സുഹൃത്തുക്കൾ, സുഹൃത്തുക്കളുടെ





സ്വഭാവവിശേഷം, അവരുടെ രക്ഷ കർത്താക്കൾ, അവരുടെ ഗാർഹികാന്തരീക്ഷം, എന്നിവയെപ്പറ്റി ഓരോ മാതാപിതാവിനും അറിവുണ്ടായിരിക്കണം. Peer groupൽ ഉൾപ്പെട്ട കുട്ടികളുടെ കോൺടാക്റ്റ് നമ്പരുകൾ രക്ഷിതാക്കളുടെ പക്കൽ ഉണ്ടാവണം.

Drug abuse-ന്റെ ഒരു മായാവലയത്തിൽ കൗമാരക്കാരായ കുട്ടികൾ ചെന്നുപെടുക എന്ന ഏറ്റവും അപകടകരമായ സ്ഥിതി ഫലപ്രദമായ ഒരു പേരന്റൽ ചെക്ക് മെക്കാനിസത്തിലൂടെ വലിയ ഒരു പരിധി വരെ പ്രതിരോധിക്കാൻ കഴിയും. 'Know her friends' എന്നത് ഒരു കർത്തവ്യമായി ഏറ്റെടുക്കണം. സൈബർ ലോകത്തിലൂടെ കെണിയിൽപ്പെടുന്ന അവസരത്തെപ്പറ്റിയും പ്രത്യേകം ജാഗ്രത പുലർത്തേണ്ടതുണ്ട്. വീട്ടിലെ കമ്പ്യൂട്ടർ, കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും access ഉള്ള പൊതു ഇടത്ത് തന്നെ വയ്ക്കണം. ട്രാക്കിംഗ് മെക്കാനിസം ഉപയോഗിച്ച് കുട്ടികൾ വിസിറ്റ് ചെയ്യുന്ന സൈറ്റുകൾ ഇടക്കിടെ ചെക്ക് ചെയ്യണം. മൊബൈൽ ഫോണുകൾ നൽകുമ്പോൾ ഏറ്റവും കുറവ് applications ഉള്ളതും കഴിയുമെങ്കിൽ incoming / outgoing call facility ഉള്ളതും മാത്രം നൽകാൻ നിഷ്കർഷിക്കുന്നത് അഭികാമ്യമായിരിക്കും. ഏതെങ്കിലും വിധത്തിൽ ഒരു രണ്ടാമത്തെ ഹാൻഡ് സെറ്റ് കൂടി കയ്യിൽ വരുന്നില്ല എന്നും ഉറപ്പാക്കണം. കാരണം ഇത് ആരും അറിയാതെ സംഘടിപ്പിച്ചതോ ഏതെങ്കിലും സുഹൃത്ത് ദുരുദ്ദേശ പൂർവം സമ്മാനിച്ചതോ ആവാം. കേരളത്തിൽ 10% പെൺകുട്ടികൾ സൈബർ ബുള്ളിയിംഗിന് വിധേയരാകുന്നു എന്നതാണ് ഏകദേശ കണക്ക്.

കുട്ടികൾക്ക് ഗാർഹികാന്തരീക്ഷത്തിൽത്തന്നെ പക്വമായ ലൈംഗിക വിദ്യാഭ്യാസം നൽകുക എന്നത് പരമപ്രധാനമായി കാണണം. ഇന്ന് നമ്മുടെ കുടുംബാന്തരീക്ഷത്തിൽ ഉള്ള കൾച്ചറൽ സ്റ്റിഗ്മ മാറ്റി വച്ചുകൊണ്ട് ഇതിന് തയാറായേ മതിയാവൂ. തുറന്ന് പറയുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്നത് കൊണ്ട് രക്ഷിതാക്കൾക്കോ കുട്ടികൾക്കോ ദുരഭിമാനമല്ലാതെ ഒന്നും നഷ്ടപ്പെടുന്നില്ല. നേടുന്നതോ സുരക്ഷിതമായ ഭാവി ജീവിതവും. കുട്ടികൾ ടി വി പരിപാടികൾ കാണുന്നത് പരമാവധി നിയന്ത്രിക്കുകയും രാത്രി വൈകി കാണുന്നത് ഒരു കാരണവശാലും അനുവദിക്കാതിരിക്കുകയും വേണം. ദൃശ്യ മാധ്യമങ്ങളുടെ അതിരുകളില്ലാത്ത ദു:സ്വാധീനത്തിൽ നിന്ന് ഇളം തലമുറയെ വിമുക്തമാക്കിയേ കഴിയൂ. മലപ്പുറം ടൗണിലെ ഒരു വാർഡിലെ റസിഡന്റ്സ് അസോസിയേഷൻ സംഘടിച്ച് തങ്ങളുടെ വാർഡുകളിൽ കുട്ടികൾ ടി വി കാണുന്നതിന് ഏർപ്പെടുത്തിയ മാതൃകാപരമായ നിയന്ത്രണം സംസ്ഥാനമൊട്ടാകെയുള്ള റസിഡന്റ്സ് അസോസിയേഷനുകൾക്ക് മാതൃകയാക്കാൻ കഴിയും.

ലഹരി വിമുക്തിക്കായുള്ള ബോധവൽക്കരണം സജീവമാക്കണം. കുടുംബ സദസ്സുകളിലെ മദ്യപാന വേളകളിൽ ഒരിക്കലും കൊച്ചു കുട്ടികൾക്ക് രുചിച്ചുനോക്കാനായിട്ടു പോലും മദ്യം നൽകരുത്. ചില വീടുകളിൽ ഇങ്ങനെ സംഭവിക്കുന്നുണ്ട്. ഇത് കുട്ടികളെ ലഹരി ഉപയോഗത്തിലേക്ക് കടത്തിവിടുന്നതിനുള്ള പ്രേരണയാണ്. മുത്തച്ഛന്മാരുടെയോ മുത്തശ്ശിമാരുടെയോ കഥകളോ ഉപദേശ നിർദ്ദേശങ്ങളോ ഇന്ന് കുട്ടികൾക്ക് ലഭിക്കുന്നില്ല. അതിന് പകരം വിരൽത്തുമ്പിന്റെ ഒരു നേരിയ ചലനത്തിലൂടെ ഗൂഗിളിൽ നിന്ന് കിട്ടുന്ന വിവരത്തെ അവർ ആശ്രയിക്കുന്നു. തെറ്റായ ദിശയിലേക്കുള്ള ഒരു ചലനം ജീവിതത്തെത്തന്നെ കെടുത്തിക്കളയും. ഇവിടെയാണ് നല്ല പേരന്റിംഗിന്റെ പ്രസക്തി. Good parents; good friends ഉണ്ടായിരിക്കണം. Home is the second school എന്നത് അവർ യാഥാർത്ഥ്യമാക്കണം. ഇവയോടൊപ്പം തന്നെ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് പൂരകമായ ശ്രമങ്ങൾ ഉണ്ടാവുന്നുണ്ട് 2014 പൂർത്തിയാകുമ്പോൾ 6 ലക്ഷം കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ ചുമതലയിൽ റൂബെല്ല വാക്സിനേഷൻ നൽകിക്കഴിയും. ഇപ്പോൾ 3 ലക്ഷം കുട്ടികൾക്ക് നൽകിയിട്ടുണ്ട്. Self defence ൽ വനിതാ വികസന കോർപ്പറേഷൻ നൽകിവന്ന പരിശീലനവും വ്യാപി പ്പിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തെ സ്ത്രീ ശിശു സൗഹൃദമാക്കുക എന്നത് തദ്ദേശ സാമൂഹ്യനീതി വകുപ്പുകളുടെ നയവും ലക്ഷ്യവുമാണ്. അതിന്റെ ഭാഗമായി 77 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കിയ ക്രൈം മാപ്പിംഗിലെ കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തി ഉടൻതന്നെ തുടർനടപടികൾ ഉണ്ടാവും. നമ്മൾ ആരംഭിച്ച മാതൃകാ അങ്കണവാടികളിൽ കൗമാരത്തിലെ പെൺകുട്ടികളുടെ ആരോഗ്യ-പോഷക-കൗൺസിലിംഗ് സൗകര്യം ഇവിടെയുണ്ടാവും. ഏറ്റവും അടുത്ത് തന്നെ ഒരു പെൺകുട്ടിക്ക് 'കെയർ സെന്റർ' ഇതോടെ സാധ്യമാവുകയാണ്. കേരളത്തിലെ കൗമാരദിശയിലുള്ള പെൺകുട്ടികളെ ഇന്നത്തെയും നാളത്തെയും എന്നത്തെയും പ്രതിഭകളായി വളർത്താനുള്ള ഒരു സംരംഭത്തിന് നമുക്ക് തുടക്കമിടാൻ കഴിയും.

◆



# സങ്കല്പത്തിന്റെ

വിനു എ.

*സ്നേഹത്തിന്റെയും നന്മയുടെയും മഴമേഘങ്ങളെ ലയിപ്പിക്കുന്ന ഓണക്കാലത്തെ കുറിച്ച്*

ചിലപ്പോഴെങ്കിലും നാം ജീവിക്കുന്നത് സങ്കൽപ്പങ്ങളുടെ ലോകത്തിലാണ്. സ്വപ്നങ്ങളും പ്രതീക്ഷകളുമില്ലാത്ത ജീവിതം എത്ര കഠിനമായിരിക്കും. സ്വപ്നങ്ങളിൽ നാം വലിയ രൂപങ്ങളെ തേടുന്നു. സ്നേഹത്തിന്റെ ലോകം തേടുന്നു. അങ്ങനെ ഒരു തേടലിന്റെ, അന്വേഷണത്തിന്റെ പശ്ചാത്തലമാണ് നമുക്ക് ഓണം പകർന്നു നൽകുന്നത്.

മലയാളിയുടെ ഓണത്തെക്കുറിച്ചുള്ള ഓർമ്മകളിൽ ഗ്രാമത്തിന്റെ താളമാണ് ഇപ്പോഴും മുഴങ്ങുക. ഗ്രാമങ്ങൾ പോലും നഗരങ്ങളെ വെല്ലുന്ന വിധത്തിൽ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമായി വികസിക്കുമ്പോൾ ഓണത്തിന്റെ സ്മൃതികളിൽ സങ്കല്പത്തിൽ വിരിയുന്ന ഗ്രാമം എഴുത്തുകാരുടെ വർണനകളിൽ ലയിച്ചുചേരുന്നു. നാടകഗാനങ്ങളും സിനിമാപ്പാട്ടുകളുമായി ഒരു സ്വപ്നത്തിലെന്ന പോലെ അത് നമ്മെ മോഹിച്ചിച്ചുകൊണ്ടിരിക്കുന്നു. കഥകളിൽ, നോവലുകളിൽ, കവിതകളിൽ അത് നമ്മെ അന്യമായി കൊണ്ടിരിക്കുന്ന നന്മയുടെ ലോകത്തിലേക്ക് വലിച്ചുകൊണ്ടേയിരിക്കുന്നു. ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും പശ്ചാത്തലം നമുക്ക് നൽകിയ അന്യമായിരുന്ന ലോകത്തിലിരുന്ന്, കേരളീയ വസ്ത്രത്തിലേക്ക് വൈഷമ്യത്തോടെ വലിഞ്ഞുകയറി ഇല മാതൃകയിൽ വെട്ടിയ പേപ്പറിൽ സദ്യ കഴിച്ച്, ഓണത്തിന്റെ നന്മയെ നാം കൊണ്ടുവരാൻ ശ്രമിക്കുന്നു.

കാർഷിക സംസ്കാരത്തിനോട് ചേർന്നാണ് ഓണം വളർന്നത്. സുഖശീതളമായ മൺസൂൺ കാലം പകർന്നു നൽകുന്ന പച്ചപ്പിന്റെ നിറകാഴ്ചയിലാണ് ഓണം കടന്നുവരുന്നത്. ആവശ്യത്തിനുള്ള ധാന്യങ്ങളും മറ്റും ലഭിച്ച് കൃഷിക്കാരന്റെ അധ്വാനത്തിൽ നിന്നും ചെറിയ മോചനം (വിശ്രമം) കിട്ടുന്ന കാലത്തിലാണ് കർഷകന്റെ മനസിൽ സന്തോഷത്തിന്റെ നിലാവായി ഓണം കടന്നുവരുന്നത്. കൃഷിക്കാരനും മണ്ണും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലമാണ് ഈ ആഘോഷത്തിലൂടെ വെളിവാകുന്നത്. കൃഷിയിൽ നിന്നുള്ള ആദായത്തിലൂടെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് കടന്നുചെല്ലുന്നവരുടെ മനസുകളിലേക്ക് പുതിയ ജീവിതത്തിന്റെ സ്വപ്നങ്ങളാണ് ഓണം നൽകുന്നത്.

ലോകത്താകമാനമുള്ള മലയാളികൾ അത്യധികം ആഹ്ലാദത്തോടെ ആഘോഷിക്കുന്ന ഉത്സവമാണ് ഓണം. മാവേലിത്തമ്പുരാൻ സ്വന്തം പ്രജകളെ വർഷത്തിലൊരിക്കൽ കാണാൻ വരുന്നതിന്റെ ഐതിഹ്യങ്ങളിലാണ് അതിന്റെ കഥ കുടികൊള്ളുന്നത്. മാവേലിത്തമ്പുരാന് നമ്മുടെ ജീവിതം കാണുമ്പോൾ വിഷമമുണ്ടാക്കാത്ത വിധത്തിൽ എല്ലാ വേദനകളെയും മാറ്റി വെച്ച് സന്തോഷത്തോടെ നാം ഓണം ആഘോഷിക്കുന്നു.

*മാവേലി നാടുവാണീടും കാലം*
*മാനുഷരെല്ലാരുമൊന്നുപോലെ*
*ആമോദത്തോടെ വസിക്കുംകാലം*
*ആപത്തങ്ങാർക്കുമൊട്ടില്ലതാനും*
*ആധികൾ വ്യാധികൾ ഒന്നുമില്ല*
*ബാലമരണങ്ങൾ കേൾപ്പതില്ല*



**മലയാളിയുടെ ഓണത്തെക്കുറിച്ചുള്ള ഓർമ്മകളിൽ ഗ്രാമത്തിന്റെ താളമാണ് ഇപ്പോഴും മുഴങ്ങുക. ഗ്രാമങ്ങൾ പോലും നഗരങ്ങളെ വെല്ലുന്ന വിധത്തിൽ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമായി വികസിക്കുമ്പോൾ ഓണത്തിന്റെ സ്മൃതികളിൽ സങ്കല്പത്തിൽ വിരിയുന്ന ഗ്രാമം എഴുത്തുകാരുടെ വർണ്ണനകളിൽ ലയിച്ചുചേരുന്നു. നാടകഗാനങ്ങളും സിനിമാപ്പാട്ടുകളുമായി ഒരു സ്വപ്നത്തിലെന്ന പോലെ അത് നമ്മെ മോഹിപ്പിച്ചുകൊണ്ടിരിക്കുന്നു.**

# ഓണവർണ്ണങ്ങൾ

എന്ന വായ്ത്താരിയിൽ ധർമവും നന്മയും പുലർന്ന കാലത്തെ കുറിച്ചുള്ള വർണനയുണ്ട്. ഈ നന്മയുടെ കഥ നമുക്ക് പകർന്നു തരുന്നത് പ്രഹ്ലദാന്റെ കഥാലോകത്തിൽ നിന്നുമാണ്. നീതിപൂർവകമായ ഭരണത്തിലൂടെ ശ്രദ്ധിക്കപ്പെട്ട ആ രാജപരമ്പരയിൽ, പ്രഹ്ലദാന്റെ പുത്രനായ വിരേചനന്റെ പുത്രൻ മഹാബലിയുമായാണ് ഓണത്തെ കൂടുതലായി ബന്ധിപ്പിക്കുന്നത്. ദേവന്മാർക്കെതിരെ യുദ്ധം ചെയ്യാൻ ബലിയെ പ്രേരിപ്പിച്ചത് ശുക്രാചാര്യനായിരുന്നു. വിഷ്ണുവിനോട് ദേവന്മാർ പിണങ്ങിനിന്ന തക്കം നോക്കിയായിരുന്നു ഈ നീക്കം. ദേവലോകം സ്വാധീനത്തിലാക്കിയ ബലി ധർമം മാത്രമേ വിജയിക്കൂ എന്ന സിദ്ധാന്തവുമായിട്ടായിരുന്നു ഭരണം നടത്തിയത്. എല്ലാവർക്കും സന്തോഷം മാത്രം നൽകിയ ആ കാലം എല്ലാവരും സമത്വത്തിന്റെ ലോകക്രമത്തിലായിരുന്നു.

*നല്ല കനകം കൊണ്ടെല്ലാവരും*
*നല്ലാഭരണമണിഞ്ഞുകൊണ്ട്*
*നാരിമാർ ബാലന്മാർ മറ്റുള്ളോരും*
*നീതിയോടങ്ങുവസിച്ചകാലം*
*കള്ളവുമില്ല ചതിയുമില്ല*
*എള്ളോളമില്ല പൊളിവചനം*

അത്തരത്തിൽ നീതിപൂർവകമായ ഭരണം നടത്തിയ കാലഘട്ടത്തെ ദേവന്മാർ ഭയന്നു. ഇനിയുള്ള ലോകക്രമത്തിൽ ദേവലോകത്തിന്റെ സ്ഥാനമില്ലാതെയാകുന്ന നിസംഗതയെ ഭയന്ന അവർക്ക് മഹാബലിയെ നശിപ്പിക്കുകയെന്ന വഴിയാണ് മുന്നിൽ തെളിഞ്ഞത്.

നർമദാ തീരത്ത് യജ്ഞം നടത്തിവരുമ്പോൾ വാമനൻ മുനികുമാരന്റെ വേഷത്തിലെത്തുകയും ആശ്രയമില്ലാതെ അലയുന്ന തനിക്ക് മൂന്നടി സ്ഥലം അനുവദിച്ചുതരുവാൻ അപേക്ഷിക്കുകയും ചെയ്തു. സ്ഥലത്തിനു പകരം മറ്റെന്തെങ്കിലും കൊടുക്കാൻ ബലി തയ്യാറായി. ചതി മനസിലാക്കിയ ശുക്രാചാര്യൻ ബലിയോട് സ്ഥലം കൊടുക്കരുതെന്നും ഉപദേശിച്ചു. എന്നാൽ വാമനന്റെ യാചന ചെവിക്കൊള്ളാതിരിക്കാൻ മഹാബലിക്ക് കഴിഞ്ഞില്ല. ആദ്യ അടിയിൽ ഭൂമിയും രണ്ടാമത്തെ അടിയിൽ സ്വർഗലോകവും അളന്നുതീർത്ത വാമനൻ മൂന്നാമത്തെ അടിക്ക് മഹാബലിയോട് സ്ഥലം ചോദിച്ചു. മറ്റൊന്നും നൽകാനില്ലാത്ത അവസ്ഥയിൽ എത്തിയ ബലി തന്റെ ശിരസ് അളക്കാനായി കാണിച്ചുകൊടുത്തു. വാക്കിന്റെ ബലമായി, മാവേലിയുടെ ശിരസിനെ വാമനൻ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തി. ചതിയുടെ വായ്ത്താരിയിൽ നിന്നുമാണ് മാവേലിയെന്ന മഹത്വത്തെ മലയാളി ഓർത്തെടുക്കുന്നത്.

ഓണം മുന്നോട്ടുവെക്കുന്ന ഏറ്റവും വലിയ ആശയം ഒരുമയുടെതാണ്. നമ്മുടെ കാലഘട്ടം ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യവും അതുതന്നെയാണ്. ജാതിയുടെയും മതത്തിന്റെയും വർണത്തിന്റെയും വ്യത്യാസങ്ങളെ തിരഞ്ഞ് യുദ്ധവെറിയെടുത്തു നിൽക്കുന്ന ലോകക്രമത്തിൽ സംഘട്ടനങ്ങളില്ലാത്ത, വിദ്വേഷങ്ങളില്ലാത്ത ഒരു നാളെ പുലരുന്നതിന്റെ പ്രതീക്ഷയിലാണ് ഓരോ ഓണനാളും നമുക്ക് നൽകുന്നത്. പരിഷ്കാരത്തിന്റെ മുഖമാണ് നമ്മുടെ ജീവിതത്തിന് ഇന്നുള്ളത്. ഗ്രാമങ്ങളുടെ വിശുദ്ധികൾ നഷ്ടപ്പെട്ടതിൽ വ്യസനിക്കുന്ന നാം ജീവിക്കുന്ന കാലഘട്ടത്തിൽ എങ്ങനെ നന്മ ചെയ്യാമെന്നതിനെ പറ്റി ചിന്തി

ക്കുന്നില്ല. പഴമയുടെ വിസ്മൃതിയിൽ ഉപേക്ഷിക്കപ്പെട്ടവയോടൊപ്പം അതിനെയും ചേർത്തുവെക്കുവാനാണ് ശ്രമം നടക്കുന്നത്.

ദേശത്തിന്റെ സാംസ്കാരിക ചിഹ്നവുമായി ബന്ധപ്പെട്ടതാണ് ഓരോ ആഘോഷവും. കള്ളവും ചതിയുമില്ലാതെ, പരസ്പരം സ്നേഹിക്കുന്ന ഒരു കാലത്തിന്റെ സ്മൃതിഗീതങ്ങളാണ് ഓണവും അടയാളപ്പെടുത്തുന്നത്. പൂവും പൂവിളിയും പൂക്കളമൊരുക്കലും ഓണക്കളികളുമൊക്കെ ആ സാംസ്കാരിക മുദ്രകളെയാണ് കാണിച്ചുതരുന്നത്. ഇന്ന് തിരക്കിട്ട ജീവിതത്തിനിടയിൽ കൈവിട്ടുപോയ പല മൂല്യങ്ങളെയും ഓണം ഓർമയിലെത്തിക്കുന്നുവെങ്കിൽ അതിനേക്കാൾ മഹത്തായ മറ്റൊരു ആഘോഷം നമുക്കില്ലാതെ വന്നേക്കാം. അദ്ധ്വാനപൂർണമായ പ്രവൃത്തികളിലൂടെ നല്ല ജീവിതം തേടേണ്ട മനുഷ്യരെയാണ് ഓണം വാർത്തെടുക്കുന്നത്. ഇടശേരി ഗോവിന്ദൻ എഴുതിയിട്ടുണ്ട്.

*പുത്തരിക്കണ്ടം കൊയ്തുവരുന്നു*
*പൊൻമലകൾ കുലുങ്ങിക്കുലുങ്ങി*
*ഓണക്കാഴ്ചകൾ വന്നിറങ്ങുന്നു*
*-പൂവേ പൊൻ പൂവേ*

ഓണത്തിനെ വാണിജ്യപരമായ രീതിയിൽ കച്ചവട സ്ഥാപനങ്ങൾ മാത്രമല്ല മലയാളിയും കണ്ടു തുടങ്ങിയിരിക്കുന്നു. പൂക്കളമൊരുക്കുന്നതു മുതൽ ഓരോ കാര്യങ്ങളിലും അതിന്റെ നിഴൽ വീണുകിടക്കുന്നത് കാണാനാവും. ഓണപ്പാട്ടിലും ഓണക്കഥകളിലും മാത്രം നിലകൊള്ളുന്ന പറമ്പുകളിൽ നിന്നും പൂ ശേഖരിച്ച് തുടങ്ങുന്ന, സദ്യയുടെ ഒരുക്കങ്ങളുമൊക്കെ സങ്കല്പത്തിന്റെ പശ്ചാത്തലത്തിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഈ കാലത്തിന് അപ്രാപ്യമെന്ന് സ്വയം സമ്മതിക്കുന്ന ആ സുന്ദരസ്മരണകളുടെ ലേബൽ തന്നെയാണ് ഇപ്പോഴും ഓണം നമ്മിലെത്തിക്കുന്നതെന്നത് അത്ഭുതം തന്നെ. പരസ്യപലകകളിൽ ഇപ്പോഴും നിറയുന്നത് പഴയ രൂപങ്ങൾ തന്നെ!

ഓണം അതിരുകളില്ലാത്ത മാനവികതയുടെ അടയാളമാണ്. സമത്വപൂർണമായ ഒരു സാമൂഹ്യരീതി പടുത്തുയർത്താനുള്ള ആഹ്വാനമാണതിന്റെ കരുത്ത്. മഹാബലിയുടെ ഭരണരീതി അത്തരത്തിലുള്ളതായിരുന്നുവെന്നാണ് സങ്കൽപ്പം. യന്ത്രങ്ങളും മറ്റ് വിപ്ലവകരമായ കണ്ടെത്തലും കൂടുതൽ എളുപ്പമാക്കിയ നമ്മുടെ ജീവിതത്തിൽ അദ്ധ്വാനത്തിൽ ഊന്നിയ കാർഷികസംസ്കൃതി വളരെയധികം മാറിയിട്ടുണ്ട്. അദ്ധ്വാനം കൊണ്ടു മാത്രം വിജയം കുറിച്ച പഴയകാലത്തിന്റെ വിളവെടുപ്പുകൾ വലിയ ഉത്സവക്കാഴ്ചകളിലേക്ക് മനസുകളുടെ തന്നെ പരിവർത്തനമാണെങ്കിൽ ഇന്നത് കമ്പോളത്തിന്റെ നിറക്കാഴ്ചയാണ്. നമ്മുടെ ആഘോഷങ്ങളെ പോലും നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് കമ്പോളങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഗ്രാമീണമായ ജീവിതപശ്ചാത്തലം പുരോഗമിക്കുന്നതിനെ തകർത്തുകൊണ്ട്, നാം നേടിയ ജീവിതസാഹചര്യങ്ങളെ നിരാകരിച്ചുകൊണ്ട് ഓണമെന്ന കാലങ്ങളിലൂടെ സഞ്ചരിക്കുന്ന ആഘോഷത്തെ പരിശോധിക്കുന്നതിൽ അർത്ഥമില്ല. ഗ്രാമീണതയുടെ വിശുദ്ധി അതിന്റെ പ്രകൃതിയിൽ മാത്രമല്ല, മറ്റ് കാര്യങ്ങളിലുമുണ്ട്. നമ്മുടെ വികസനത്തിൽ സംഭവിച്ച പാളിച്ചകളാലും മറ്റും ചില ഗ്രാമീണ സ്മൃതികളെങ്കിലും മാഞ്ഞുപോയിട്ടുണ്ട്. പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങി പ്രകൃതിയുടെ ജീവതന്തുക്കളിൽ പലതിനോടും നാം സമരം ചെയ്തിട്ടുമുണ്ട്. അവയുടെ പരാജയത്തിലൂടെ പ്രകൃതിയെ കൂടുതൽ വരണ്ടതാക്കുവാൻ നമുക്ക് സാധിച്ചിട്ടുമുണ്ട്. എന്നാൽ നമ്മുടെ മനസ്സുകളിലേക്ക് കൂടി ആ വരൾച്ചയെ നാം എത്തിക്കുന്നത് എന്തിനാണ്. സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും ലോകത്തെ നാം ഇരുളിൽ തള്ളുന്നതെന്തിനാണ്?

ഓണം ആഘോഷിക്കുന്നതിലൂടെ നാം ചെയ്യുന്നത് നന്മയുടെ പഴയ കാലത്തെ മായ്ച്ചുകളഞ്ഞിട്ടുണ്ട്. അവയിൽ സ്നേഹത്തിന്റെയും സമത്വത്തിന്റെയും വിത്തുകളില്ലെന്ന് ഉറപ്പ് വരുത്തുവാൻ ഓണത്തിലൂടെ നമ്മുക്ക് സാധിക്കണം. ആഘോഷത്തിനപ്പുറം സാക്ഷാത്കാരത്തിന്റെ നിറമാണ് ഓണം. കമ്പോളത്തിൽ ചെലവാക്കിയ കണക്കുകൾക്കിടയിൽ അത് ലയിച്ചുപോയാൽ ആഘോഷങ്ങളെ നിയന്ത്രിക്കപ്പെടുന്നുവെന്ന യാഥാർത്ഥ്യം കടന്നുവരുന്നു. പുത്തൻ ലോകക്രമത്തിലേക്ക് വളരെ വേഗത്തിൽ കുതിക്കുന്ന മലയാളിക്ക് മത്സരക്കുതിപ്പിനിടയിൽ മനസിൽ നന്മയുടെ പൂവിളികളെത്തിക്കുന്ന വികാരമാവട്ടെ ഓണം. ◆



ലേഖന പരമ്പര – ഒൻപത്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

## ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സാക്ഷാത്കാരം : ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കറ്റ് നേടുക എന്നതിലൂടെ ബൃഹത്തായ ലക്ഷ്യമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ ഏർപ്പെടുത്തുന്നതിലൂടെ എല്ലാ പ്രവർത്തനങ്ങളിലും ഫലപ്രാപ്തിയും വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും തദ്വാര ജനസംതൃപ്തിയും ഉറപ്പുവരുത്തുകയാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ലക്കത്തിൽ സർട്ടിഫിക്കേഷൻ നേടിയ പഞ്ചായത്തുകളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. അതിൽ പല പഞ്ചായത്തുകളും 'കില'യുടെ പരിശീലനത്തിൽ പകർന്നുനൽകിയ കാര്യങ്ങളേക്കാൾ നൂതന ആശയങ്ങൾ നടപ്പിലാക്കി എന്നത് ശ്രദ്ധേയമാണ്. എന്നാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ബൃഹദ് ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി നിർവ്വഹിച്ച പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ ഇനിയുമുണ്ട്. അവ ചുവടെ കൊടുക്കുന്നു.

**പൗരസർവ്വേ**

ആസൂത്രണത്തിലും ഭരണത്തിലും പൊതുജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം നൽകുന്നതിനാണ് കേരള പഞ്ചായത്ത് രാജ് നിയമം പാസ്സാക്കുന്നതെന്ന് അതിന്റെ പീഠികയിൽ പ്രതിപാദിച്ചിരിക്കുന്നു. അതിനാൽ ഗ്രാമസഭ കൂടുന്നതിനോടൊപ്പം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പൗരാവകാശരേഖ തയ്യാറാക്കുമ്പോൾ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിനുവേണ്ടി പൗരസർവ്വേയിലൂടെ പൊതുജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കേഷൻ നേടിയ പഞ്ചായത്തുകൾ എല്ലാം തന്നെ ഇക്കാര്യത്തിൽ ഏറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അതിനായി 'ഫീഡ്ബാക്ക് ഫോം' പഞ്ചായത്ത് ഓഫീസിൽ വച്ചിരിക്കുകയും ആഫീസിൽ സേവനത്തിനായി വരുന്നവരിൽനിന്നും നിർദ്ദേശങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുകയും വേണം. ജനങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് സേവനപ്രദാനത്തിൽ ഗുണപരമായ മാറ്റങ്ങൾ തുടർച്ചയായി വരുത്തുകയും വേണം.

വിശകലന വിധേയമാക്കിയ ചുരുക്കം ചില പഞ്ചായത്തുകൾ മാത്രമേ പൗരസർവ്വേ നടത്തിയതായി കാണുന്നുള്ളൂ. ഇക്കാര്യത്തിൽ ഐ.എസ്.ഒ. കൺസൾട്ടന്റുമാർ കാര്യമായ സാങ്കേതിക പിന്തുണയോ നിർദ്ദേശങ്ങളോ നൽകിയിട്ടില്ല. പൗരസർവ്വേ നിർവ്വഹിക്കാത്തതിനാൽ ജനപങ്കാളിത്തം എന്ന തത്വം അനുവർത്തിക്കപ്പെട്ടിട്ടില്ല.

**ഗുണമേന്മാ നയ രൂപീകരണം**

ഗുണമേന്മാ നയരൂപീകരണം ഐ.എസ്.ഒ. കൺസൾട്ടന്റിന്റെ പരിപോഷണത്തിൽ ജനപ്രതിനിധികളും, ജീവനക്കാരും ഘടകസ്ഥാപന



പ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പങ്കാളിത്ത പ്രക്രിയയിലൂടെ രൂപീകരിക്കേണ്ടതാണ്. എന്നാൽ മാത്രമേ ഗുണമേന്മാ നയം എല്ലാവരിലേക്കും പകരാൻ സാധിക്കുകയുള്ളൂ. അതിന്റെ അന്ത:സത്ത ഉൾക്കൊണ്ടു ഗുണമേന്മാ നയവും കാഴ്ചപ്പാടുകളും ഓരോ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വ്യക്തമായി പറയാൻ കഴിയണം. ആയതിനാൽ അവയുടെ രൂപീകരണം ബന്ധപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കണം. വിശകലന വിധേയമാക്കിയ പഞ്ചായത്തുകളിൽ ഐ.എസ്.ഒ. കൺസൾട്ടന്റ് 'റെഡിമെയ്ഡ്' നയവും കാഴ്ചപ്പാടും ഗുണമേന്മാ മാനുവലും നൽകിയതായി കാണാം. 'റെഡിമെയ്ഡ്' ഗുണമേന്മാ നയം പ്രദാനം ചെയ്യുകയല്ല, ഗുണമേന്മാ നയരൂപീകരണത്തിനുള്ള പരിപോഷണമാണ് (facilitation) ഐ.എസ്.ഒ. കൺസൾട്ടന്റ് നിർവ്വഹിക്കേണ്ടത്.

ലീഡ് ഓഡിറ്റർ വരുമ്പോൾ പഞ്ചായത്തിലെ ഏതൊരു ജീവനക്കാരനോടും ജനപ്രതിനിധിയോടും ചോദിച്ചാലും ഗുണമേന്മാ നയം വ്യക്തമായി പറയുവാൻ കഴിയണം എന്നതാണ് വ്യവസ്ഥ. ലീഡ് ഓഡിറ്റർ ഇക്കാര്യം അന്വേഷിച്ചുവോ എന്നുള്ളത് സംശയമാണ്! ഫയൽ വേഗത്തിലെടുക്കുന്ന കാര്യം മാത്രമേ അന്വേഷിച്ചുള്ളൂ എന്നാണ് മിക്ക പഞ്ചായത്തുകളിലും നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഗുണമേന്മാ നയം സംബന്ധിച്ച വ്യക്തത പഞ്ചായത്തിലെ ഭാരവാഹികൾക്ക് ഉപരിയായി ജനപ്രതിനിധികളിലും ജീവനക്കാരിലും എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### ഭൗതിക സാഹചര്യങ്ങൾ

വിശകലന വിധേയമാക്കിയ പഞ്ചായത്തുകളിൽ നല്ല രീതിയിൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഇതു മാത്രമായി പരിമിതപ്പെടുത്തിയത്, ഗുണമേന്മയെന്നാൽ ഭൗതിക സാഹചര്യം ഒരുക്കുന്നതായി മാത്രം ഗണിക്കപ്പെട്ടുവോ എന്ന സംശയം ബലപ്പെടുത്തുന്നു. ഭൗതിക സാഹചര്യത്തിനുപരിയായി ആന്തരിക പ്രക്രിയയും, അനന്തര ഫലങ്ങൾക്കും ആണ് യഥാർത്ഥത്തിൽ ഗുണമേന്മാ സംവിധാനത്തിൽ മുഖ്യ ഊന്നൽ നൽകേണ്ടത്.

### സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം

സമ്പൂർണ്ണ ഗുണമേന്മാ വർദ്ധനവ് ആണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. എല്ലാ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഇത് സംബന്ധിച്ച ഉത്തരവാദിത്തവും, ആശയ വ്യക്തതയും ഉണ്ടാകണം. ഇവരുടെയെല്ലാം സജീവ പങ്കാളിത്തവും ഉണ്ടാകണം. എന്നാൽ വിശകലന വിധേയമാക്കിയ മിക്ക പഞ്ചായത്തുകളിലും ഭാരവാഹികളിൽ മാത്രമായി ഈ കാര്യം ചുരുങ്ങിപ്പോയിരിക്കുന്നു. പാരറ്റോ ചട്ട (Pareto Rule) പ്രകാരം 80 ശതമാനം ജോലിയും 20 ശതമാനം ജീവനക്കാർ ചെയ്യുന്നുവെന്നത് ഇപ്പോഴും മിക്ക പഞ്ചായത്തിലും നിലനിൽക്കുന്നതായി കാണാം. ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയെന്ന പരിമിത ലക്ഷ്യത്തിലേയ്ക്കാണ് ഐ.എസ്.ഒ. കൺസൾട്ടന്റുമാരും പഞ്ചായത്തുകളെ നയിച്ചിരിക്കുന്നത്. 'സർട്ടിഫിക്കറ്റ്' ഗുണമേന്മയുടെ മുഖമുദ്ര മാത്രമാണെന്ന വ്യക്തത പഞ്ചായത്തുകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

### തുടർച്ചയായ പരിശീലനം

തുടർച്ചയായ പരിശീലനത്തിലൂടെ വിഭാവന ചെയ്തത് ഗുണമേന്മാ ആശയം മാത്രമല്ല; പഞ്ചായത്ത് നിയമങ്ങൾ, വ്യക്തിത്വവികാസം, നേതൃത്വഗുണം തുടങ്ങിയ കാര്യ

ങ്ങളെക്കുറിച്ചും പഞ്ചായത്ത് തലത്തിൽ നിരന്തര പരിശീലനങ്ങൾ നടക്കേണ്ടതുണ്ട്. ഇതിലൂടെ ഓരോ പഞ്ചായത്തിലും പഠന സംസ്കാരം (Learning Culture) ഉരുത്തിരിയേണ്ടതുണ്ട്. ഓരോ പഞ്ചായത്തും അവിടുത്തെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ഉള്ള പഠന സ്ഥാപനം (Learning Organization) ആയി പരിണമിക്കണം. വിശകലന വിധേയമാക്കിയ പഞ്ചായത്തുകളിൽ അതുണ്ടാകുന്നില്ല എന്നതാണ് വസ്തുത. തുടർച്ചയായ പരിശീലനത്തിനായി ക്വാളിറ്റി സർക്കിൾ ക്രിയാത്മകമാകേണ്ടതുണ്ട്.

### ജനസംതൃപ്തി

ജനസംതൃപ്തി ശാസ്ത്രീയമായി വിലയിരുത്തേണ്ടത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അനിവാര്യമാണ്. അതിനായി പഞ്ചായത്തിൽ വരുന്നവരിൽ നിന്നും ശേഖരിക്കുന്ന നിർദ്ദേശങ്ങൾ മാസംതോറും വിലയിരുത്തണം. എന്നാൽ ഇവ നിർവ്വഹിക്കുന്നതായി കാണുന്നില്ല.

### ക്വാളിറ്റി സർക്കിൾ

ക്വാളിറ്റി സർക്കിൾ രൂപീകരിച്ചാൽ മാത്രം അതിലൂടെ ലക്ഷ്യമിടുന്ന സംഘബോധവും, തുടർച്ചയായ മെച്ചപ്പെടുത്തലും നടക്കണമെന്നില്ല. വിശകലനവിധേയമാക്കിയ ചില പഞ്ചായത്തുകളിൽ ക്വാളിറ്റി സർക്കിൾ രൂപീകരിച്ചിട്ടില്ല. രൂപീകരിച്ചവയിൽ ചില സർക്കിളുകൾ നിർജ്ജീവവുമാണ്. നിരന്തര കൂടിച്ചേരലുകളില്ല. നൂതനാശയങ്ങൾക്കായുള്ള സജീവ ചർച്ചകൾ നടക്കുന്നില്ല. ക്വാളിറ്റി സർക്കിൾ സംബന്ധിച്ച വ്യക്തമായ ആശയവ്യാപനവും സാങ്കേതിക പിന്തുണയും നൽകാൻ ഐ.എസ്.ഒ. കൺസൾട്ടന്റിന് കഴിഞ്ഞിട്ടുമില്ല. ഗുണപരമായ മത്സരബുദ്ധിയോടുള്ള (Healthy Competition) പ്രവർത്തനം ഉണ്ടാകത്തക്കരീതിയിൽ ക്വാളിറ്റി സർക്കിളിന്റെ ഘടന രൂപീകരിക്കേണ്ടതുണ്ട്. നിരന്തര കൂടിച്ചേരലിനായി ജീവനക്കാർ ശ്രമിക്കേണ്ടതുണ്ട്. നല്ല വിദ്യാഭ്യാസവും കാര്യപ്രാപ്തിയും ഉള്ളവരാണ് എല്ലാ ജീവനക്കാരും. എന്നാൽ 'ഞാൻ മാത്രം എന്തിന് ശ്രമിക്കണം' എന്ന മനോഭാവം മാറുകയും, ജോലി സ്ഥലം ദേവാലയമാണെന്നും ജോലി ആരാധനയാണെന്നും പഞ്ചായത്തിന്റെ ഗുണപരമായ മാറ്റം സ്വന്തം കർത്തവ്യവുമാണെന്ന മനോഭാവത്തിലേക്ക് എല്ലാ ജീവനക്കാരും എത്തിച്ചേരേണ്ടതുണ്ട്. അതിനായി ക്വാളിറ്റി സർക്കിൾ കൂടുതൽ ക്രിയാത്മകമാകേണ്ടതുമുണ്ട്.

**നല്ല വിദ്യാഭ്യാസവും കാര്യപ്രാപ്തിയും ഉള്ളവരാണ് എല്ലാ ജീവനക്കാരും. എന്നാൽ 'ഞാൻ മാത്രം എന്തിന് ശ്രമിക്കണം' എന്ന മനോഭാവം മാറുകയും, ജോലി സ്ഥലം ദേവാലയമാണെന്നും ജോലി ആരാധനയാണെന്നും പഞ്ചായത്തിന്റെ ഗുണപരമായ മാറ്റം സ്വന്തം കർത്തവ്യവുമാണെന്ന മനോഭാവത്തിലേക്ക് എല്ലാ ജീവനക്കാരും എത്തിച്ചേരേണ്ടതുണ്ട്. അതിനായി ക്വാളിറ്റി സർക്കിൾ കൂടുതൽ ക്രിയാത്മകമാകേണ്ടതുമുണ്ട്.**

### ഇന്റേണൽ ഓഡിറ്റ്

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടിയുള്ള ഇന്റേണൽ ഓഡിറ്റ് ടീമിനുതന്നെ അവരുടെ ഉത്തരവാദിത്തവും, രീതിശാസ്ത്രവും വ്യക്തമല്ല. പലർക്കും അവർ ഇന്റേണൽ ഓഡിറ്റർ ആണെന്ന് അറിയുക പോലുമില്ല എന്നത് ഐ.എസ്.ഒ. കൺസൾട്ടന്റ് കൊടുത്തിട്ടുള്ള പരിശീലനത്തിന്റെ പോരായ്മ വ്യക്തമാക്കുന്നു. വിശകലന വിധേയമാക്കിയ ചില പഞ്ചായത്തുകളിൽ ഇന്റേണൽ ഓഡിറ്റിനുള്ള രൂപരേഖ തയ്യാറായില്ലായെന്നത് വലിയ പോരായ്മയാണ്. ഇന്റേണൽ ഓഡിറ്റ് ഐ.എസ്.ഒ. ക്കുവേണ്ടി മാത്രമല്ല; എല്ലാ വർഷവും തുടരേണ്ടതും, കൂടാതെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്ത് ഉചിതമായ തിരുത്തൽ നടപടികളും മുൻകരുതൽ നടപടികളും കൈക്കൊള്ളേണ്ടതിനുമാണ്.

### ഭരണസമിതി റിവ്യൂ മീറ്റിംഗ്

ഭരണസമിതിയുടെ നിരന്തര റിവ്യൂ മീറ്റിംഗിലൂടെ മാത്രമെ നിരന്തര ഗുണനിലവാര വർദ്ധനവ് (Continuous Quality Improvement) ഉറപ്പു വരുത്താനാകൂ. വിശകലന വിധേയമാക്കിയ പഞ്ചായത്തുകളിൽ വളരെ വിരളമായിട്ടേ റിവ്യൂ മീറ്റിംഗ് നടന്നിട്ടുള്ളൂ. റിവ്യൂ മീറ്റിംഗിന് ആവശ്യമായ വിവരങ്ങൾ പ്രദാനം ചെയ്യാൻ സ്റ്റിയറിംഗ് കമ്മിറ്റി നിരന്തര മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നതാണ് വസ്തുത. ആയതിനാൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിരന്തര മോണിറ്ററിംഗ് റിപ്പോർട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പൊതുജന ഫീഡ്ബാക്ക് റിപ്പോർട്ടും ഭരണസമിതി റിവ്യൂ മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യപ്പെടേണ്ടതും പരിഹാര നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.

### ഉപസംഹാരം

പല നൂതനാശയങ്ങളും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ പ്രവർത്തനത്തിനുപരിയായി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. ടച്ച് സ്ക്രീനിലൂടെ വിവരങ്ങൾ വിരൽതുമ്പിൽ നൽകാനും, സി.സി. ടി.വി.യിലൂടെ ഭരണ നടപടികളിൽ സുതാര്യത വരുത്തുവാനും, സഞ്ചരിക്കുന്ന പഞ്ചായത്തിലൂടെ വീട്ടുമുറ്റത്ത് സേവനം നൽകുവാനും, എം.ഗവേർണൻസിലൂടെ സേവനം സമയബന്ധിതമാകുവാനും പഞ്ചായത്തുകൾ നടത്തിയ ഉദ്യമങ്ങൾ അതിനുദാഹരണങ്ങളാണ്. ഈ മാറ്റങ്ങളുടെ സ്ഥായിയായ നിലനില്പും കൂടുതൽ ജനസംതൃപ്തിക്കായുള്ള പ്രവർത്തനങ്ങളും തുടരേണ്ടതുണ്ട്. ആയതിനാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഓരോ തത്വവും ലക്ഷ്യമിടുന്ന ജനസംതൃപ്തി, കൂട്ടായ്മ, കാര്യക്ഷമത, സമഗ്രവീക്ഷണം, ശാസ്ത്രീയത, സഹകരണം, കുറ്റമറ്റ പ്രവർത്തനം, മോണിറ്ററിംഗ്, ലക്ഷ്യപ്രാപ്തി എന്നിവ യാഥാർത്ഥ്യമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ഐ.എസ്.ഒ. 9001 : 2008 കരസ്ഥമാക്കിയ പഞ്ചായത്തുകൾ നിരന്തരം ശ്രമിക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ ആശയ വ്യക്തത നൽകുവാൻ ഐ.എസ്.ഒ. കൺസൾട്ടന്റുമാരും ബാധ്യസ്ഥരാണ്. സർട്ടിഫിക്കറ്റല്ല, ജനസംതൃപ്തിയാകണം ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ആത്യന്തിക ലക്ഷ്യം. ◆

*(അടുത്ത ലക്കം - ഐ.എസ്.ഒ. കൺസൾട്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ)*

രഘുരാമൻ

# ഇന്ത്യയിലെ ജൈവ വൈവിധ്യവും അവയുടെ സംരക്ഷണവും

ജൈവ വൈവിധ്യത്തെ കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഈ പരമ്പരയുടെ ആദ്യഭാഗത്തിൽ വിവരിച്ചിരുന്നുവല്ലോ. ഇന്ത്യയിലെ ജൈവ വൈവിധ്യത്തെ കുറിച്ചും അവയുടെ സംരക്ഷണത്തെ കുറിച്ചുമാണ് ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നത്. ലോക ഭൂവിസ്തൃതിയുടെ 2.4 ശതമാനം മാത്രം വരുന്ന ഇന്ത്യ ലോക ജൈവ വൈവിധ്യത്തിന്റെ 8 ശതമാനം ഉൾക്കൊള്ളുന്നു. ഇക്കാരണം കൊണ്ട് തന്നെ ലോകത്തിലെ 12 മഹാവൈവിധ്യ പ്രദേശങ്ങളിലൊന്നായി (Mega diversity regions) ഇന്ത്യ പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയിൽ 45000 സസ്യ ജീവജാതികളും 80000 ജന്തു ജീവജാതികളും ഉണ്ട്. ഇതിൽ 33 ശതമാനം ജീവജാതികളും 62 ശതമാനം ജന്തു ജീവജാതികളും ഇന്ത്യയിൽ മാത്രം ഉള്ളവയാണ് (Endemic).

ജൈവ വൈവിധ്യ ബാഹുല്യത്തിലെന്ന പോലെ ജൈവവൈവിധ്യ നാശത്തിലും നിർഭാഗ്യവശാൽ ഇന്ത്യ മുൻനിരയിലാണ്. ജൈവ വൈവിധ്യത്തിന് ഗുരുതരമായ നാശഭീഷണിയുള്ള ഹോട്ട് സ്പോട്ടുകളിൽ രണ്ടെണ്ണം നമ്മുടെ രാജ്യത്താണ്. പശ്ചിമഘട്ടവും കിഴക്കൻ ഹിമാലയൻ പ്രദേശവുമാണ് അവ. (Western Ghats and Eastern Himalayas)

### ജൈവ വൈവിധ്യ നാശവും സംരക്ഷണവും

ചരിത്രാതീത കാലഘട്ടത്തെ അപേക്ഷിച്ച് വർത്തമാനകാലത്തിൽ ജൈവ വൈവിധ്യ വംശനാശതോത് ആയിരം മുതൽ പതിനായിരം മടങ്ങ് വേഗത്തിൽ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ മുഖ്യകാരണം തനത് സ്വാഭാവിക ആവാസവ്യവസ്ഥിതികളുടെ നാശമാണ്. കൂടാതെ സുസ്ഥിരമല്ലാത്ത



വിളവെടുപ്പു രീതികളും ഇതിന് കാരണമാകുന്നു. വർദ്ധിച്ചുവരുന്ന വാണിജ്യാവശ്യങ്ങൾ ജൈവ വൈവിധ്യത്തെ നശിപ്പിക്കുന്നുവെന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണം മത്സ്യബന്ധനം വർദ്ധിച്ചത് മൂലം ലോകത്താകമാനമായി 22 ശതമാനം മത്സ്യഇനങ്ങൾ നഷ്ടപ്പെട്ടതാണ്. സസ്തനികളുടെ വൈവിധ്യ ശോഷണത്തിന്റെ പ്രധാന കാരണമായി കണക്കാക്കുന്നത് വൈദേശിക ജൈവജാതികളുടെ (Inasive Alien Species) വ്യാപകമായ കടന്നുകയറ്റമാണ്. ജീവജാതികളുടെ വംശനാശത്തെ തടയുന്നതിനുള്ള പ്രധാന മാർഗ്ഗം സ്വാഭാവിക ആവാസ സ്ഥാനങ്ങളെ സംരക്ഷിക്കുക എന്നതാണ്. താഴെ പറയുന്ന സംരംഭങ്ങൾ ജൈവ വൈവിധ്യ സംരക്ഷണത്തിന് വഴിയൊരുക്കുന്നു.

## വന്യജീവി സങ്കേതങ്ങൾ

വന്യ ജന്തുക്കളുടെ സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു സംരംഭമാണിത്. മൃഗങ്ങൾക്ക് അവയുടെ സ്വാഭാവിക പരിസരത്തിൽ ജീവിക്കാൻ ഇതുമൂലം അവസരം ലഭിക്കുന്നു. പരിസ്ഥിതിക്കു ദോഷം വരാത്തവിധത്തിലും മൃഗങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സമാകാത്ത തരത്തിലും മനുഷ്യന്റെ നിയന്ത്രിത ഇടപെടലുകൾ ഇവിടെ അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിൽ 500ലധികം വന്യജീവി സങ്കേതങ്ങൾ ഉണ്ട്. ഇവ 12 ദശലക്ഷം ഹെക്ടറുകളിലായി രാജ്യത്തിന്റെ 3.6 ശതമാനം ഭൂവിസ്തൃതിയിൽ സ്ഥിതി ചെയ്യുന്നു.

## നാഷണൽ പാർക്കുകൾ

പ്രകൃതിയുടെ തനതു സൗന്ദര്യവും സങ്കീർണ്ണതയും അതേപടി നിലനിർത്തിക്കൊണ്ടുള്ള വിശാലമായ വനപ്രദേശങ്ങളാണ് നാഷണൽ പാർക്കുകൾ. ഇവിടെ കൃഷി, പ്ലാന്റേഷൻ തുടങ്ങിയ മനുഷ്യന്റെ ഇടപെടലുകൾ കർശനമായി നിരോധിച്ചിരിക്കുന്നു. നാഷണൽ പാർക്കുകളിൽ സ്വകാര്യ ഉടമസ്ഥതയും അനുവദിക്കില്ല.



സമസ്ത ജീവജാലങ്ങൾക്കും പ്രകൃതിയുടെ ഭാഗമായി ജീവിക്കാനവസരം നൽകുന്ന നാഷണൽ പാർക്കുകൾ ജൈവസമ്പത്തിന്റെ സമ്പുഷ്ടമായ കലവറകളാണ്. ഇന്ത്യയിൽ 89 നാഷണൽ പാർക്കുകൾ ഉണ്ട്. ഇരവികുളവും സൈലന്റ് വാലിയും കേരളത്തിലെ നാഷണൽ പാർക്കുകളാണ്.

## ബയോസ്ഫിയർ റിസർവുകൾ

ജൈവ മണ്ഡലത്തിന്റെ പകർപ്പുകളാണ് ബയോസ്ഫിയർ റിസർവുകൾ. മറ്റു സംരക്ഷണ സങ്കേതങ്ങളെ അപേക്ഷിച്ച് അതിവിശാലമായ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഒരു ബയോസ്ഫിയർ റിസർവിൽ നിരവധി നാഷണൽ പാർക്കുകളും വന്യജീവി സങ്കേതങ്ങളും ഉൾപ്പെടാം. ഒരു ബയോസ്ഫിയർ റിസർവിന്റെ കേന്ദ്രഭാഗം (Core Zone) പൂർണ്ണമായും സംരക്ഷിത മേഖലയായിരിക്കും. ഇന്ത്യയിൽ 15 ബയോസ്ഫിയർ റിസർവുകൾ ഉണ്ട്. നീലഗിരിയാണ് 1986-ൽ സ്ഥാപിതമായ ആദ്യ ബയോസ്ഫിയർ റിസർവ്വ്. സുന്ദർബൻ, ഗൾഫ് ഓഫ് മന്നാർ, അഗസ്ത്യമല എന്നീ ബയോസ്ഫിയർ റിസർവ്വുകൾക്ക് അന്താരാഷ്ട്ര പദവി UNESCO നൽകിയിട്ടുണ്ട്.

## സുവോളജിക്കൽ ഗാർഡനുകൾ

വന്യ മൃഗങ്ങളെ കൃത്രിമമായ സാഹചര്യത്തിൽ മാറ്റി വളർത്തുന്നതാണിത്. പ്രകൃതിയോടിണങ്ങി ജീവിക്കുന്ന മൃഗങ്ങൾക്ക് അതേ സ്വാതന്ത്ര്യവും സാഹചര്യങ്ങളും പൂർണ്ണമായ തോതിൽ പ്രദാനം ചെയ്യാൻ കഴിയില്ലെങ്കിലും ഇത്തരം മൃഗശാലകൾ വംശനാശഭീഷണി നേരിടുന്ന പല ജന്തുക്കളേയും സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്ന നിലക്ക് പ്രാധാന്യമർഹിക്കുന്നു. കേരളത്തിൽ തിരുവനന്തപുരത്തും തൃശൂരും മൃഗശാലകളുണ്ട്.

## ബോട്ടാണിക്കൽ ഗാർഡനുകൾ

സസ്യങ്ങളെ അവയുടെ സ്വാഭാവികസ്ഥാനങ്ങളിലല്ലാതെ വളർത്തുന്ന സംവിധാനമാണിത്. സസ്യങ്ങളുടെ പുനരുല്പാദനത്തിനും ഗവേഷണ



ത്തിനും ഇവ ഉപകരിക്കുന്നു. തിരുവനന്തപുരത്തുള്ള പാലോട് ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TBGRI), തൃശൂരുള്ള കേരള വന ഗവേഷണ സ്ഥാപനം (KFRI), വിവിധ സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ ഇത്തരം സസ്യോദ്യാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്.

### ജീൻ ബാങ്കുകൾ

പൂർണ്ണ വളർച്ചയെത്തിയ ജീവജാലങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം അവയുടെ സ്വഭാവഗുണങ്ങൾ നിയന്ത്രിക്കുന്ന ഘടകങ്ങൾ (ജീനുകൾ) ശേഖരിച്ച് സംരക്ഷിക്കുന്ന ആധുനിക സാങ്കേതിക സംവിധാനമാണ് ജീൻ ബാങ്കുകൾ. വിത്ത് ബാങ്ക് (സീഡ് ബാങ്ക്), ബീജ ബാങ്ക് തുടങ്ങിയ ജീൻ ബാങ്കുകൾക്ക് പല വക ഭേദങ്ങളുണ്ട്. അനേകം കാലം സൂക്ഷിച്ചു വയ്ക്കാവുന്ന ഇത്തരം ജീൻ ബാങ്കുകളിൽ നിന്ന് ആവശ്യമുള്ള അവസരങ്ങളിൽ ജീവിക്കുന്നവ പുനഃസൃഷ്ടിച്ച് വംശനാശം ഒഴിവാക്കാനുള്ള നടപടികളെടുക്കാമെന്നതാണ് ഇതിന്റെ മേന്മ.

### കടുവ സംരക്ഷണ പദ്ധതി

ഇന്ത്യയുടെ ദേശീയ മൃഗമായ കടുവ വംശനാശ ഭീഷണി നേരിടുന്ന ഒരു മൃഗമായതിനാലും വിശാലമായ വനമേഖലകൾ അവയുടെ നിലനിൽപ്പിന് വേണ്ടി വരുന്നതിനാലും കടുവാ സംരക്ഷണത്തിനായി 1973 മുതൽ പ്രത്യേക പദ്ധതി പ്രകാരം കടുവകളെ അവയുടെ സ്വാഭാവിക ആവാസത്തിൽ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി. ഇന്ത്യയിൽ ഇത്തരത്തിൽ 29 കേന്ദ്രങ്ങളുണ്ട്. (തേക്കടിയിലെ പെരിയാർ ടൈഗർ റിസർവ്) കടുവ സംരക്ഷണ പദ്ധതി മൂലം കടുവകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

### റെഡ് ഡാറ്റാ ബുക്ക്

വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളെ ലിസ്റ്റു ചെയ്യുന്നതാണ് റെഡ് ഡാറ്റാ ബുക്ക്. ആഗോളതലത്തിൽ IUCN തയ്യാറാക്കുന്ന റെഡ് ഡേറ്റാ ബുക്കിനൊപ്പം പല രാജ്യങ്ങളും സ്വന്തമായി തയ്യാറാക്കുന്ന റെഡ് ഡേറ്റാ ബുക്കുമുണ്ട്. ജീവികൾ നേരിടുന്ന ഭീഷണിയുടെ തീവ്രതയ്ക്കനുസരിച്ച് വിവിധ വിഭാഗങ്ങളായാണ് അവയെ ഈ ബുക്കിലുൾപ്പെടുത്തുന്നത്. സിംഹവാലൻ കുരങ്ങ്, വരയാട്, മലബാർ വെരുക് തുടങ്ങിയവ കേരളത്തിൽ നിന്ന് റെഡ് ഡാറ്റാ ബുക്കിൽ സ്ഥാനം പിടിച്ച സസ്തനികളാണ്. ◆

*ലേഖകൻ ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയാണ്.*



# “നിശബ്ദനായി അനുസരിക്കേണ്ടയാളല്ല; നിയമാനുസൃതം പ്രവർത്തിക്കേണ്ടയാളത്രെ സെക്രട്ടറി”

**സി. രാജഗോപാലൻ**

**ഭരണ സമിതിയുടെ തീരുമാനങ്ങളും /പ്രസിഡന്റിന്റെ ഉത്തരവുകളും നിശബ്ദനായി അനുസരിക്കുവാനുള്ള വിധേയത്വം മാത്രം ചുമതലയായിട്ടുള്ള ഒരു ഉദ്യോഗസ്ഥനല്ല സെക്രട്ടറി. മറിച്ച് ലേഖകൻ തന്നെ പറയുന്നതുപോലെ, പഞ്ചായത്ത് തീരുമാനങ്ങളുടെയും പ്രസിഡന്റിന്റെ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, തന്നിൽ നിക്ഷിപ്തമാക്കപ്പെട്ട ചുമതലകളും അധികാരവും വിനിയോഗിക്കുന്ന കാര്യനിർവ്വഹണ ഉദ്യോഗസ്ഥനാണ്.**

“ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെടുന്ന ക്രമക്കേടുകൾക്കും ധനനഷ്ടങ്ങൾക്കും, ഭരണ സമിതി അംഗങ്ങളേയും ഉത്തരവാദികളും ബാധ്യസ്ഥരുമാക്കേണ്ടതല്ലെ?” എന്ന ചോദ്യം (പഞ്ചായത്ത് രാജ് മാസിക ജൂലൈ 2014- കെ. രവി മുൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തികച്ചും യുക്തിസഹമാണ്, പ്രസക്തവും. എന്നാൽ നിർണ്ണായകമായ ചില വസ്തുതകൾ ലേഖകൻ (അറിഞ്ഞോ അറിയാതെയോ) പരാമർശിക്കുവാൻ വിട്ടുപോയിട്ടുണ്ട്. അവ കൂട്ടിച്ചേർത്തു വായിക്കുമ്പോഴേ ഈ വിഷയത്തിലുള്ള സമീപനം സമഗ്രവും സന്തുലിതവുമാവുകയുള്ളു.

1994-ൽ നിലവിൽ വന്ന ഭരണഘടനാനുസൃതമായ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ പ്രസിഡന്റ് ഭരണ സമിതിയുടെ നേതൃത്വത്തിലുള്ള കാര്യനിർവ്വഹണാധികാരിയും സെക്രട്ടറി കാര്യനിർവ്വഹണ ഉദ്യോഗസ്ഥനുമായി മാറി എന്നത് ശരിതന്നെ. പക്ഷെ അപ്പോഴും ഭരണ സമിതിയുടെ തീരുമാനങ്ങളും / പ്രസിഡന്റിന്റെ ഉത്തരവുകളും നിശബ്ദനായി അനുസരിക്കുവാനുള്ള വിധേയത്വം മാത്രം ചുമതലയായിട്ടുള്ള ഒരു ഉദ്യോഗസ്ഥനല്ല സെക്രട്ടറി. മറിച്ച് ലേഖകൻ തന്നെ പറയുന്നതുപോലെ, പഞ്ചായത്ത് തീരുമാനങ്ങളുടെയും പ്രസിഡന്റിന്റെ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, തന്നിൽ നിക്ഷിപ്തമാക്കപ്പെട്ട ചുമതലകളും അധികാരവും വിനിയോഗിക്കുന്ന കാര്യനിർവ്വഹണ ഉദ്യോഗസ്ഥനാണ്. ഇവിടെ അടിവരയിട്ടു പറയുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അതായത് സെക്രട്ടറി എന്ന പദവിയിൽ തന്നിൽ നിക്ഷിപ്തമായ

കർത്തവ്യങ്ങളും ചുമതലകളും അധികാരവും വിനിയോഗിച്ചുതന്നെയാണ് സെക്രട്ടറിയായ ഒരാൾ കാര്യ നിർവ്വഹണം നടത്തേണ്ടത്. എന്നാൽ സെക്രട്ടറിയിൽ കർത്തവ്യങ്ങളും ചുമതലകളും അധികാരവും നിക്ഷിപ്തമാകുന്നത് നിയമേനയാണ്. എന്നുവച്ചാൽ ഭരണസമിതിയോ അതിന്റെ അധ്യക്ഷനോ അല്ല മറിച്ച്, പഞ്ചായത്ത് രാജ് നിയമവും അതിനു കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുമാണ് സെക്രട്ടറിയുടെ അധികാര ചുമതലാ സ്രോതസ്സ് എന്ന് തിരിച്ചറിയേണ്ടതാണ്. അതായത് ഭരണ സമിതിയുടെ ഒരു തീരുമാനം/പ്രസിഡന്റിന്റെ ഒരു ഉത്തരവ് അനുസരിക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാകുന്നത് ആ തീരുമാനം ബന്ധപ്പെട്ട നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായിരിക്കുമ്പോൾ മാത്രമാണ്. എന്നുവെച്ചാൽ, ഭരണസമിതിയുടെ തീരുമാനം/പ്രസിഡന്റിന്റെ ഉത്തരവ് സെക്രട്ടറി അനുസരിക്കുന്നത് വളരെ വ്യക്തമായ ഒരു മുന്നുപാധിയിന്മേലാണ് എന്ന് സാരം. ആ തീരുമാനം/ഉത്തരവ് തികച്ചും നിയമാനുസൃതമായിരിക്കണം എന്നു തന്നെയാണ് ആ മൂന്നുപാധി.

ഭരണസമിതിയുടെ തീരുമാനം/അദ്ധ്യക്ഷന്റെ ഉത്തരവ് നിയമാനുസൃതമല്ലെങ്കിൽ അത് തക്ക സമയത്ത് ചൂണ്ടിക്കാട്ടി നിയമവിരുദ്ധമായ നിർവ്വഹണങ്ങൾക്കും അതുവഴിയുണ്ടാകുന്ന ചെലവുകൾക്കും തടയിടുവാനുള്ള കൃത്യമായ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് രാജ് നിയമം സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നുണ്ട്.

ഉദാഹരണത്തിന്, 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിൽ, സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും വിവരിക്കുന്നിടത്ത്, വകുപ്പ് 182-ൽ പഞ്ചായത്ത് പാസാക്കിയ ഏതെങ്കിലും പ്രമേയം, നിയമാനുസൃതം പാസാക്കിയതല്ലെന്നോ, ഈ ആക്ടോ മറ്റേതെങ്കിലും ആക്ടോ പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിച്ചതാണെന്നോ അല്ലെങ്കിൽ അത് നടപ്പാക്കിയാൽ മനുഷ്യജീവനോ, ആരോഗ്യത്തിനോ, പൊതു സുരക്ഷക്കോ അപകടമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, അദ്ദേഹം ആ പ്രമേയം പുനരവലോകനം ചെയ്യാൻ പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും, പഞ്ചായത്ത് അത് പുനരവലോകനം ചെയ്യുന്ന സമയത്ത് തന്റെ അഭിപ്രായങ്ങൾ പറയേണ്ടതും അതിനുശേഷവും പഞ്ചായത്ത് അതിന്റെ ആദ്യതീരുമാനത്തിൽ തന്നെ ഉറച്ചുനിൽക്കുകയാണെങ്കിൽ, വിവരം പ്രസിഡന്റിനെ അറിയിച്ചശേഷം സംഗതി തീരുമാനത്തിനായി സർക്കാരിന് റഫർ ചെയ്യേണ്ടതും പതിനഞ്ച് ദിവസം വരെ സർക്കാരിന്റെ തീരുമാനം ലഭിക്കാതിരുന്നാൽ പ്രസ്തുത പ്രമേയം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിയമാനുസൃതമല്ലാത്ത ഒരു തീരുമാനത്തിന്മേൽ/ഉത്തരവിന്മേൽ മേൽ പ്രകാരമുള്ള നടപടികൾ സെക്രട്ടറി കൈക്കൊള്ളുന്ന പക്ഷം മേൽ ഉത്തരവ്/തീരുമാന ഫലമായിട്ടുണ്ടാവുന്ന ക്രമക്കേടുകൾക്കും നഷ്ടങ്ങൾക്കും സെക്രട്ടറി ഒട്ടും തന്നെ ഉത്തരവാദിയായിരിക്കുന്നതല്ല. അഥവാ ഭരണസമിതി മാത്രമായിരിക്കും ഇവിടെ ഉത്തരവാദികൾ.

അനധികൃതമായ രീതിയിലുള്ള നിർവ്വഹണവും ചെലവു ചെയ്യലും വഴി ഉണ്ടാകാനിടയുള്ള ഓഡിറ്റ് തടസ്സങ്ങളും നിരാകരണങ്ങളും ഒഴിവാക്കുവാനുള്ള എളുപ്പവഴി, അത്തരം നിർവ്വഹണ ചെലവുകൾ സംഭവിക്കാതെ സൂക്ഷിക്കലാണ്. ഭരണസമിതിയുടെ തീരുമാനവും പ്രസിഡന്റിന്റെ അധികാരപ്പെടുത്തലുമില്ലാതെ പണം ചെലവഴിക്കുക സാധ്യമല്ല എന്നിരിക്കെ, തീരുമാനമെടുക്കുന്നതിലേക്കായി ഭരണ സമിതിക്കു മുമ്പാകെ വയ്ക്കപ്പെടുന്ന ഏതൊരജണ്ടയുടെയും നിയമ സാധുതയെ, യോഗമാരംഭിക്കും മുമ്പു തന്നെ



രേഖാമൂലം ചൂണ്ടിക്കാണിക്കുവാൻ പഞ്ചായത്ത് രാജ് നിയമം സെക്രട്ടറിക്ക് അവസരം നൽകുന്നുമുണ്ട്.

"…. സെക്രട്ടറി, പഞ്ചായത്തിന്റെ പരിഗണനക്കുവരുന്ന ഏതൊരു സംഗതിയിലും അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തേണ്ടതും, അജണ്ടയിലെ ഓരോ ഇനവും, സെക്രട്ടറിയുടെ വ്യക്തമായ അഭിപ്രായം സഹിതം പഞ്ചായത്തിന്റെ മുമ്പാകെ വയ്ക്കേണ്ടതുമാണ്." (വകുപ്പ് 182)

മറ്റൊരു പ്രധാനപ്പെട്ട കാര്യമുള്ളത്, പ്രസിഡന്റ് അധികൃതമാക്കുന്ന ചെലവുകളാണ് സെക്രട്ടറി നിർവ്വഹിക്കേണ്ടത് എന്നതിലാണ്. പ്രസിഡന്റ് ഒപ്പിടുന്നതുകൊണ്ടു മാത്രം, ഒരു ചെലവ് യഥാർത്ഥത്തിൽ അധികൃതമായിക്കൊള്ളണമെന്നില്ല! പഞ്ചായത്ത് രാജ് നിയമത്തിനോ ചട്ടങ്ങൾക്കോ, അല്ലെങ്കിൽ ബന്ധപ്പെട്ട മറ്റേതെങ്കിലും നിയമത്തിനോ ചട്ടങ്ങൾക്കോ വിരുദ്ധമാവുന്ന ഒരു ചെലവും പ്രസിഡന്റിന്റെ ഒപ്പിനാൽ അധികൃതമാവുക സാധ്യമല്ല. ഇവിടെ, നമ്മുടെ രാജ്യത്ത് സാർവ്വത്രികമായുള്ള ഒരു പൊതുതത്വം എല്ലാ ഭരണാധികാരികളും ഉദ്യോഗസ്ഥരും പൗരജനങ്ങളും പ്രാഥമികമായി ധരിച്ചിരിക്കേണ്ടതുണ്ട്. പരിപാവനമായ ഭരണ ഘടനയാലും, അതിന്റെ താൽപ്പര്യമുൾക്കൊണ്ട് നിർമ്മിക്കപ്പെടുന്ന നിയമങ്ങളാലും ഭരിക്കപ്പെടുന്ന നമ്മുടെ രാജ്യത്ത് എല്ലാവിധ അധികാരങ്ങളുടെയും അടിസ്ഥാന സ്രോതസ്സ് ഭരണഘടനയും അതിൻ കീഴിലുള്ള എണ്ണമറ്റ നിയമങ്ങളുമാണ്. ഒരു വ്യക്തി അധികാരിയോ മേലധികാരിയോ ആകുന്നത് ബന്ധപ്പെട്ട നിയമങ്ങൾ അയാളുടെ തീരുമാനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നടപ്പിലാകുന്നിടത്തോളം മാത്രമാണ്. മറിച്ചു പറഞ്ഞാൽ നിയമത്തിന്റെ അന്തഃസത്തക്കു വിരുദ്ധമായ രീതിയിൽ ഒരു തീരുമാനമോ അധികാരപ്പെടുത്തലോ നിയമപരമായി അസംഭവ്യമാണ്. അതിനാൽത്തന്നെ അസാധുവുമാണ്. തീരുമാനം/നിർവ്വഹണം നിയമാനുസൃതമാവുമ്പോൾ മാത്രമാണ് അധികാരം അധികാരിയിലേക്കു സംക്രമിക്കുന്നത്. നിയമവാഴ്ചയുടെ അക്ഷയവും അപ്രതിരോധ്യവുമായ ശക്തിയും ശ്രേയസ്സും അതു തന്നെയാണ്.

ഇത്രയും വിശദമായിപ്പറഞ്ഞതിന്റെ രത്ന ചുരുക്കം ഇതാണ്. നിയമങ്ങളുടെയും പൗര സമൂഹത്തിന്റെയും ഉത്തമ താൽപര്യം ഉൾക്കൊണ്ട്, ഒരു ചെലവു ചെയ്യലിന്റെ നിയമവിരുദ്ധത, പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും നൽകുന്ന സാധ്യതകളുപയോഗപ്പെടുത്തി യഥാകാലം രേഖാമൂലം ചൂണ്ടിക്കാട്ടുവാനുള്ള നിർണ്ണായകമായ ഉത്തരവാദിത്വം സെക്രട്ടറിക്കുണ്ട്. ആ ഉത്തരവാദിത്വം പാലിക്കുവാനായാൽ അക്കാര്യം എടുത്തു കാട്ടിക്കൊണ്ടുതന്നെ ക്രമക്കേടിന്റെ ഭാരം, ചെലവ് അധികാരപ്പെടുത്തുന്നവരിൽ ചെലുത്തുവാൻ ഓഡിറ്റിനു മുമ്പാകെ കൂടുതൽ സാധ്യതകൾ തെളിഞ്ഞുവരും.

ഒരു ക്രമക്കേടിന്/നഷ്ടത്തിന്/അനധികൃത ചെലവിന് ഉത്തരവാദിയെ ക്ലിപ്തപ്പെടുത്തുന്നതിൽ നിർണ്ണായകമാവുന്ന ഒരു വിശദീകരണം പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 215(9) (അക്കൗണ്ടും ഓഡിറ്റും) ന്റെ ഭാഗമായി നൽകിയിട്ടുള്ളതു കൂടി പരിശോധിക്കേണ്ടതുണ്ട്.

"ആരുടെ ഉപേക്ഷയോ നടപടി ദൂഷ്യമോ ആണ് അങ്ങനെയുള്ള ഏതെങ്കിലും കുറവിനോ നഷ്ടത്തിനോ കാരണമാകുകയോ ഇടയാക്കുകയോ ചെയ്തിട്ടുള്ളത്. അയാൾക്ക്, തന്റെ ഉപേക്ഷയോ നടപടി ദൂഷ്യമോ ഉണ്ടായിരുന്നാൽ കൂടി മറ്റേ

ശേഷം 27–ാം പേജിൽ



# കാരശ്ശേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല) ഭക്ഷണ – മരുന്ന് കിറ്റ് വിതരണം

## പാലിയേറ്റീവ് കെയർ സംവിധാനം ശക്തമാക്കാൻ ആശ്വാസ ഭവനങ്ങൾ തുടങ്ങും: മന്ത്രി മുനീർ

സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആശ്വാസ ഭവനം പദ്ധതിക്ക് രൂപം നൽകുമെന്ന് പഞ്ചായത്ത് സാമൂഹികനീതി മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. പാലിയേറ്റീവ് കെയർ, പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയുടെ സഹകരണത്തോടെ കാരശേരി ഗ്രാമപഞ്ചായത്ത് ആരംഭിച്ച ആശ്വാസ് പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കുള്ള ഭക്ഷണ-മരുന്നുകിറ്റ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ആലംബഹീനരുടെ വികസനവും കരുതലിനുമായി കാരശ്ശേരി പഞ്ചായയ്ത് ആവിഷ്കരിച്ച ആശ്വാസ് പദ്ധതി സംസ്ഥാനത്തിന് മാതൃകയാണെന്നും ഇത് കണക്കിലെടുത്ത് ആദ്യത്തെ ആശ്വാസഭവനം കാരശ്ശേരിയിൽ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി പ്രവൃത്തികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. അങ്കണവാടികൾക്കുള്ള ഗ്യാസ് കണക്ഷൻ വിതരണവും അധ്യാപക അവാർഡ് ജേതാവ് പി.കെ.അബ്ദുൽ റഷീദിനുള്ള സ്വീകരണവും വിദ്യാലയങ്ങളിലെ പൂക്കള മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. സി. മോയിൻകുട്ടി എം.എൽ.എ അധ്യക്ഷം വഹിച്ചു. എം.ഐ.ഷാനവാസ് എം.പി, പഞ്ചായത്ത് പ്രസിഡന്റ് റീന പ്രകാശ് എന്നിവർ സംസാരിച്ചു

# മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല) സേവാഗ്രാം ഉദ്ഘാടനം ചെയ്തു

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കോതനല്ലൂർ വാർഡ് ‘സേവാഗ്രാം’ ഗ്രാമകേന്ദ്രം ജൂലൈ 20–ാം തീയ്യതി 2.00 പി.എംന് കടുത്തുരുത്തി എം എൽ എ അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

ഇത്തരം ഗ്രാമകേന്ദ്രങ്ങൾ കേരളത്തിലെ എല്ലാ വാർഡുകളിലും തുടങ്ങുമ്പോൾ പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കു



ന്നതിനും കഴിയുമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ എം.എൽ.എ. പറഞ്ഞു. ജനങ്ങൾ നിരന്തരമായി കൂടിചേരുകയും വികസന ക്ഷേമകാര്യങ്ങൾ ചരച്ചചെയ്യുകയും ചെയ്യുമ്പോൾ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് പൂർത്തീകരിക്കുമെന്നും അതുവഴി അധികാര വികേന്ദ്രീകരണം താഴെതട്ടിലെത്തുകയും ചെയ്യും. പഞ്ചായത്തിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടറായി ഗ്രാമകേന്ദ്രങ്ങൾ മാറുമെന്നും ഓരോവാർഡിലുള്ള ആളുകൾക്ക് പഞ്ചായത്തിന്റെ ദൈനംദിന കാര്യങ്ങൾ സേവാഗ്രാം വഴി അറിയുന്നതിന് കഴിയുമെന്നും ഈ ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഭംഗിയായി പോയാൽ പേപ്പർലെസ് ഓഫീസുകളായി പഞ്ചായത്തുകൾ മാറുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതു കേരളത്തിന്റെ ചരിത്ര സംഭവമാണെന്നും മോൻസ് ജോസഫ് എം എൽ എ പറഞ്ഞു.യോഗത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു.

# പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല ) ഐഎസ്ഒ സർട്ടിഫിക്കേഷന്റെ നിറവിൽ

2014 മാർച്ച് 31 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഐഎസ്ഒ 9001:2008 അംഗീകാരം കരസ്ഥമാക്കി. ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുന്ന എറണാകുളം ജില്ലയിലെ ആദ്യ പഞ്ചായത്ത് എന്ന ബഹുമതി ഇനി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് സ്വന്തം. 2014 ജൂലായ് 3ന് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ അവർകൾ പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ വർണാഭമായ ചടങ്ങിൽ ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രഖ്യാപനം നടത്തി.

1963ലാണ് പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. എറണാകുളം ജില്ലയിലെ വടക്കു പടിഞ്ഞാറെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് നിലവിൽ 23 വാർഡുകളുണ്ട്. 2011ലെ സെൻസസ് പ്രകാരം 44000 ആണ് ജനസംഖ്യ. ലോകത്തിലെ ഏറ്റവും ജനസാന്ദ്രമായ വൈപ്പിൻ ദ്വീപിലെ ഈ ഗ്രാമത്തിൽ എല്ലാ മതവിഭാഗങ്ങളിലേയും ജനങ്ങൾ വളരെ സൗഹാർദ്ദപൂർവ്വം സഹകരിച്ച് കഴിയുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള ചെറായി ശ്രീവരാഹം ക്ഷേത്രത്തിലെ രഥം, പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പള്ളിപ്പുറം മഞ്ഞുമാതാ ബസലിക്ക ദേവാലയം, പുരാതനമായ മുനമ്പം ജുമാമസ്ജിദ്, ചരിത്ര പുരുഷനായ ശ്രീ സഹോദരൻ അയ്യപ്പന്റെ ജന്മഗൃഹം, പള്ളിപ്പുറം കോട്ട, മലയാള പഴനി എന്നറിയപ്പെടുന്ന



ശ്രീ ഗൗരീശ്വര ക്ഷേത്രം എന്നിവ പള്ളിപ്പുറം പഞ്ചായത്തിന്റെ അഭിമാനമാണ്. ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ ചെറായി ബീച്ചും, മത്സ്യബന്ധന തുറമുഖമായ മുനമ്പം ഫിഷിങ്ങ് ഹാർബറും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ഒരു പക്ഷേ കേരളത്തിൽ തന്നെ ആദ്യമായി പൂർണ്ണ ജനപങ്കാളിത്തത്തോടെ ഓഫീസ് മന്ദിര സമുച്ചയം നിർമ്മിച്ചത് പള്ളിപ്പുറം ഗ്രാമപഞ്ചായത്താണ്. ക്രാന്തദർശിയായ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ടി.കെ അച്ചുതന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് നിലവിലെ വിശാലമായ ഈ ഓഫീസ് മന്ദിരം നിർമ്മിച്ചത്. ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുന്നതിന് ഇത് വളരെയധികം സഹായകമായിട്ടുണ്ട്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ ഐഎസ്ഒ സർട്ടിഫിക്കേഷൻ സംബന്ധിച്ച് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ അവർകളുടെ നിർദ്ദേശ പ്രകാരം കിലയിൽ നടത്തിയ സെമിനാറിൽ പങ്കെടുക്കുകയും ആയത് ഭരണസമിതി മുമ്പാകെയും ജീവനക്കാരുടെമുമ്പാകെയും അവതരിപ്പിച്ച് ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുക എന്ന വെല്ലുവിളി ഏറ്റെടുക്കാൻ തീരുമാനമെടുത്തു. ഈ അംഗീകാരം ലഭിക്കുന്നതിന് പിന്നിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും ജീവനക്കാരുടേയും കഠിന പരിശ്രമവും ശക്തമായ ഇച്ഛാശക്തിയും ഉണ്ടായിരുന്നു. എല്ലാവരും ഒറ്റക്കെട്ടായി ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് ഈ അംഗീകാരം.

# ചാരുതയാർന്ന ചിങ്ങമാസം

**ബിന്ദുരാജ് എം. എ.**

സന്ധ്യാ നേരം! അങ്കണത്തിലെ മൂവാണ്ടൻ മാവിന്റെ കൊമ്പിൽ അവൻ പറന്നിരുന്നു.

വീടിന്റെ ശബ്ദം നിറഞ്ഞ ഉൾവശത്തേക്ക് അവൻ ചരിഞ്ഞ് നോക്കി. രാമായണ പാരായണം നിറഞ്ഞ കർക്കിടകം ദിനങ്ങളുടെ തിരക്ക് പിടിച്ച അവസാന ദിനം.

'ആടിയറുതി'

ആടി മാസത്തിന്റെ അറുതി അഥവാ അവസാനം കുറിക്കുന്ന ദിനം. 'ചേട്ട' (ഐശ്വര്യക്കേടിന്റെയും അസംപ്തൃപ്തിയുടെയും ദേവത) യെ അകറ്റി ശ്രീ ദേവതയെ ഭവനങ്ങളിൽ കുടിയിരുത്തുന്ന ദിവസം. സ്ത്രീ ജനങ്ങൾ ഭവനങ്ങളിലെ അഴുക്കും, പൊടിയും പഴകി ദ്രവിച്ചവയും ഒക്കെ സമാഹരിച്ച് അകലെ നിക്ഷേപിച്ച് വീടുകൾ തൂത്ത് തുടച്ച് വൃത്തിയാക്കുന്ന അവസരം. അവർക്കറിയാം നാളെ വർഷാരംഭമാണ്! ചിങ്ങം ഒന്ന്!

വാസസ്ഥലമായ മൂവാണ്ടൻ മാവിന്റെ കൊമ്പിൽ ഇരുന്ന് അവൻ മയങ്ങി.

അകലെ കിഴക്ക് നീല നിറത്തിൽ നീളത്തിൽ ഘനഗംഭീരമായി നിലകൊള്ളുന്ന സഹ്യന്റെ മുകളിലെ ആകാശം വെള്ളകീറി. മലയിടുക്കുകളിൽ നിന്നും സ്വർണ്ണ നിറമാർന്ന കതിരുകൾ മാനത്തിന്റെ ഉയർന്ന വിതാനങ്ങളിലേക്ക് നീണ്ട് വന്നു.

ചിങ്ങപൊൻ പുലരിപൊട്ടി വിടർന്നു പക്ഷികൾ ആഹാരസമ്പാദനത്തിനായി വാസസ്ഥലങ്ങൾ വെടിഞ്ഞ് അകലങ്ങളിലേക്ക് പറന്നകന്നു തുടങ്ങി. അവൻ ചിങ്ങ പുലരിയുടെ സൗന്ദര്യം നുകർന്ന് മാവിന്റെ കൊമ്പിലിരുന്നു.

പ്രഭാത കിരണങ്ങളെ പ്രതിഫ

**വിവിധ വർണ്ണങ്ങളിലെ പൂക്കൾ കൊണ്ട് കലാനിപുണതയോടെ കളം വരച്ച് അത്തപ്പൂക്കളങ്ങൾ, പഴവും പർപ്പിടവും വിവിധങ്ങളായ കറികളും, പായസ്സവും ചേർന്ന വിഭവ സമൃദ്ധമായ സദ്യ. അതിന് ശേഷം ആബാല വൃദ്ധജനങ്ങളും ഏർപ്പെടുന്ന ഓണക്കളികൾ. സ്ത്രീകൾ കളിക്കുന്ന തുമ്പിതുള്ളൽ, ചരട് പിന്നിക്കളി, കുടമുടയ്ക്കൽ തുടങ്ങിയവയും, ആൺകുട്ടികളും മുതിർന്നവരും കളിക്കുന്ന നാടൻ പന്ത് കളി (തലപട്ടം), കബഡി, കിളിതട്ട്, സെവന്റീസ്, തുടങ്ങിയവയും, കുട്ടികൾ കളിക്കുന്ന പച്ചിലമാടൻ, കരിയില മാടൻ കളികൾ എന്നിവയുമൊക്കെ അതീവ ഹൃദ്യമാണ്.**



ലിപ്പിക്കുന്ന തുഷാരകണങ്ങൾ തങ്ങി നിൽക്കുന്ന തങ്കനെൽ കതിരുകൾ വിളഞ്ഞ് നിൽക്കേണ്ട വയലുകളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ തലയുയർത്തി നിൽക്കുന്നു.

ഓണപ്പട്ടങ്ങൾ പറത്തേണ്ട ബാലൻമാരുടെയും കൈകൊട്ടി കളിച്ച് ഊഞ്ഞാലാടി തുമ്പിതുള്ളേണ്ട ബാലികമാരുടെയും കൈകളിൽ മൊബൈൽ ഫോണുകൾ, ഓണപ്പാട്ടുകൾക്ക് പകരം ജെന്നിഫർ ലോപ്പസിന്റെയും, മഡോണയുടെയും സംഗീതം.

അവൻ പറന്ന് സമീപത്ത് പൂത്തുലഞ്ഞു നിന്ന ചെമ്പക മരത്തിന്റെ ചില്ലയിലിരുന്നു.

റോഡരുകിൽ കൊച്ചു വെളുപ്പാം കാലത്ത് യുവാക്കളുടെ ഒരു ചെറിയ കൂട്ടം. അവർ അത്തപ്പൂ ഇടാനുള്ള തട്ട് തയ്യാറാക്കുകയാണ്. ഉത്സവങ്ങളുടെ ചക്രവർത്തിയായ തിരുവോണത്തിനെ വരവേൽക്കാൻ യുവജനങ്ങൾ ആവേശം കൊള്ളുന്നു. അത്തം തുടങ്ങി പിന്നെ പത്താം നാൾ തിരുവോണമായി.

വിവിധ വർണ്ണങ്ങളിലെ പൂക്കൾ കൊണ്ട് കലാനിപുണതയോടെ കളം വരച്ച് അത്തപ്പൂക്കളങ്ങൾ, പഴവും പർപ്പിടവും വിവിധങ്ങളായ കറികളും, പായസ്സവും ചേർന്ന വിഭവ സമൃദ്ധമായ സദ്യ. അതിന് ശേഷം ആബാലവൃദ്ധജനങ്ങളും ഏർപ്പെടുന്ന ഓണക്കളികൾ. സ്ത്രീകൾ കളിക്കുന്ന തുമ്പിതുള്ളൽ, ചരട് പിന്നിക്കളി, കുടമുടയ്ക്കൽ തുടങ്ങിയവയും, ആൺകുട്ടികളും മുതിർന്നവരും കളിക്കുന്ന നാടൻ പന്ത് കളി (തലപട്ടം), കബഡി, കിളിതട്ട്, സെവന്റീസ്, തുടങ്ങിയവയും, കുട്ടികൾ കളിക്കുന്ന പച്ചിലമാടൻ, കരിയില മാടൻ കളികൾ എന്നിവയുമൊക്കെ അതീവ ഹൃദ്യമാണ്. കേരളത്തിലെ ചിലയിടങ്ങളിൽ 'ഓണത്തല്ല്' എന്ന മേല്നോവുന്ന കളിയും ഉണ്ടെന്ന് പറയപ്പെടുന്നു. വൈകുന്നേരം അത്തമിളക്കലാണ് ദേഹമാസകലം കരിവാരി പൂശിയ ഒരാൾ കൈയ്യിൽ അമ്പും വില്ലുമായി താളമേളങ്ങൾക്കൊപ്പം അത്തത്തറയിൽ ഉറഞ്ഞ് തുള്ളും അതിനോടൊപ്പം പൂക്കളങ്ങൾ അലങ്കോലപ്പെടുത്തും. എന്നിട്ട് അത്തത്തിന്റെ മുന്നിൽ സജ്ജീകരിച്ചിരിക്കുന്ന അടക്ക് മേൽ അമ്പെയ്യുന്നു. അതിന് ശേഷം അത്തം ഇളക്കുന്നു. അങ്ങനെ പത്ത് ദിവസം നീണ്ടു നിന്ന സൗന്ദര്യവും ഐശ്വര്യവും ഇല്ലാതാകുന്നു. ഒരു പക്ഷെ സുഖദു:ഖങ്ങളുടെ നശ്വരതയാകാം ഇത്തരം ചടങ്ങുകൾ വഴി മനുഷ്യ സമൂഹത്തിന് കാട്ടിത്തരാൻ ശ്രമിക്കുന്നത്. കേരളനാട് ഭരിച്ചിരുന്ന ദ്രാവിഡ രാജാവായ മഹാബലിയുടെ കാലത്തെ ഐശ്വര്യവും സൗന്ദര്യവും സമത്വവും സമ്പന്നതയും വൈദേശിക കുതന്ത്രങ്ങളാൽ തകർത്തെറിയപ്പെട്ടതായും ഒരു പക്ഷെ അത്തപ്പൂ ഇടുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. എന്തായാലും ഓണക്കാലത്ത് മാവിന്റെ കൊമ്പിൽ ചല്ലിക്കയറു കൊണ്ട് കെട്ടിയ ഊഞ്ഞാലിലാടുമ്പോൾ പാടാറുള്ള ഓണപ്പാട്ട് ഐശ്വര്യ സമ്പൂർണ്ണമായ ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നു.

*മാവേലി നാട് വാണീടുംകാലം*
*മാനുഷ്യരെല്ലാരുമൊന്നുപോലെ*
*ആമോദത്തോടെ വസിക്കും കാലം*
*ആപത്തെങ്ങാർക്കുമില്ലതാനും*
*കള്ളംപറയും ചെറുനാഴിയും*
*കള്ളത്തരങ്ങൾ മറ്റൊന്നുമില്ല*

ഇതിനെയാണോ സ്വർഗ്ഗം എന്ന് വിശേഷിപ്പിച്ചിരുന്നത്! അവൻ പറന്ന് നിറയെ ചക്ക കായ്ച്ച് നിന്ന ഒരു പ്ലാവിന്റെ കൊമ്പിൽ ചെന്നിരുന്നു.

കർഷകർ കൂട്ടമായി നടന്നു പോവുകയാണ്. അവർ എങ്ങോട്ടാണ് ഇത്ര ആഹ്ലാദവാൻമാരായി. എന്ന് അവൻ ആലോചിച്ചു. 'ചിങ്ങം ഒന്ന് കർഷക ദിനമാണ്'. അത് ആഘോഷിക്കാൻ അവർ പഞ്ചായത്ത് ആഫീസിലേക്ക് പോവുകയാണ്. ചിങ്ങമാസത്തിലെ ഓണം നാളുകൾ പഞ്ചായത്ത് ഓഫീസുകൾക്ക് ആഘോഷത്തിന്റെ ദിനങ്ങളാണ്. ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, സ്വയംസഹായ സംഘങ്ങളും, മിഷനുകളും, നാട്ടുകാരും എല്ലാം ഒന്നായി മാറുന്നു. അവർ ബഹുവർണ്ണങ്ങളിലെ പൂക്കൾ കൊണ്ട് പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ അത്തപ്പൂ ചമയ്ക്കും എന്നിട്ട് വിഭവ സമൃദ്ധമായ സദ്യ എല്ലാവരും ഒരുമിച്ച് കഴിക്കും. ഓണപ്പാട്ടുകൾ




പാടി പഞ്ചായത്തിനെ ഉഷാറാക്കും, നാടിന്റെ വികസനത്തിന്റെ മുന്നണി പോരാളിയായ പഞ്ചായത്ത് നാടിന്റെ ഉത്സവം ഗംഭീരമായി തന്നെ ആഘോഷിക്കുന്നു.

ചിങ്ങവും ചിങ്ങമാസത്തിലെ ഓണവും നൻമയുടെ, സഹോദര്യത്തിന്റെ, ഒരുമയുടെ, സമത്വത്തിന്റെ പ്രതീകമാണ്. തെറ്റി, മന്ദാരം, കനകാംബരം, ജെമന്തി, റോസ്, വാടാമുല്ല, സൂര്യകാന്തി, ചെമ്പരത്തി, ശംഖ്പുഷ്പം,നാലുമണി പൂവ് തുടങ്ങിയ നാടൻപൂവുകൾ തുടങ്ങി തമിഴ് നാട്ടിൽ നിന്നുമുള്ള വരവ് പൂവുകൾ വരെ അത്തപ്പൂവ് ചമയ്ക്കാൻ ഉപയോഗിക്കുമെങ്കിലും ഓണപ്പൂവ് എന്നറിയപ്പെടുന്നത് നമ്മുടെ തോട്ടുവരമ്പുകളിലും വയലേലകളിലും യഥേഷ്ടം കാണപ്പെടുന്ന തുമ്പപ്പൂവാണ്. കാര്യമായ സുഗന്ധമില്ലാത്ത, വെളുത്ത നിറമുള്ള തീരെ ചെറിയ പുഷ്പമാണ് തുമ്പപ്പൂ. പക്ഷേ അതിന് ഓണമെന്ന മഹോത്സവത്തിന്റെ പ്രഥമസ്ഥാനങ്ങളിൽ ഒന്ന് ലഭിച്ചിരിക്കുന്നു. ഇത് ഒരു ചെറിയ കാര്യം ആയിരിക്കാം. എന്നാൽ ഒരുപാട് വലിയ വസ്തുതകൾ നമുക്ക് ഈ ചെറിയ കാര്യത്തിലൂടെ തിരിച്ചറിയാൻ കഴിഞ്ഞാൽ ചിങ്ങമാസത്തിലെ ഓണ സന്ദേശം യാഥാർത്ഥ്യമാകും.

അവൻ ആവേശത്തോടെ ചിറകടിച്ച് ഉയർന്നു. മറ്റ് കാക്കകൾക്കൊപ്പം പറന്നകന്നു. ◆

**കവിത** **അജിത് എഴക്കാട്**

# ഓണം



അ- അത്തം തൊട്ടു
വരുന്നോരോണം,
മാമലനാട്ടി-
ലൊരുത്സവമേളം;
ആ - ആട്ടംപാട്ടും
കൈകൊട്ടിക്കളി,
പൂവേ പൂപൊലി
ഉയരുംകാലം;
ഇ - ഇത്തിരിനേരം
പൂക്കൾ പറിക്കാം,
വട്ടം വട്ടം
പൂക്കളമാകാം;
ഈ- ഈറനുടുത്തു
കുളിച്ചെത്തിരേല്ക്കാം
കേരള നാട്ടിൻ
പൊന്നോണത്തെ;
ഉ - ഉല്ലാസത്തോ-
ടാടിപ്പാടും.
ഊ - ഊഞ്ഞാലൻപോ-
ടുയരുന്നേരം,
വയറിന്നുള്ളിൽ
തീക്കളിയാട്ടം;
ഋ-ഋതു ഭേദത്തിൻ
വിസ്മയമാമീ,
വസന്തകാല-
പ്പറവകളാവാം;
എ - എല്ലാ നാടും
ഒന്നാവുമ്പോൾ,
ഏലേലയ്യോ
കലപിലക്കൂട്ടം;
ഐ- ഐതിഹ്യത്തിൻ
സമത്വസ്വപ്നം,
മാമലനാടിൻ
മഹത് സന്ദേശം;
ഒ - ഒന്നിച്ചുള്ളേം
തുണ്മയതല്ലോ,
ചാരുതയേറും
ഈ പൊന്നോണം;
ഓ - ഓണം നാളിൽ
സദ്യയൊരുക്കം;
തൂശനിലമേൽ
വിഭവസമൃദ്ധം;
ഔ - ഔന്നത്ത്യത്തിൻ
സന്ദേശമായ്,
ജനമനമൊ-
ന്നാം ഉത്സവമേളം;
അം- അമ്പരമെങ്ങും
പാറി നടക്കും,
പൂത്തുമ്പികളായ്
കുരുവികളായ് നാം,
കേരള നാട്ടിൻ
പെരുമപരത്തും,
കളകളരവ-
മതിലണിചേരാം;
ക- കർക്കടകത്തിൽ
മുണ്ടുമുറുക്കി,
ച ചിങ്ങം നമ്മൾ -
ക്കാഘോഷം
ട ടകടക ഡകഡക
മേളമതൊപ്പം,
ത- തിത്തിത്താരാ
തിത്തിത്തൈ;
പ - പച്ചപുതച്ചൊരു
പാടംനിറയേ,
സ്വർണ്ണക്കതിരുകൾ
നിരനിരയായ്;
ഓണത്തപ്പനു
സ്വാഗതമേകാൻ
പൊന്നിൻകസ-
പണിതീർക്കുന്നു;
തുമ്പപ്പൂവൊളി
പുഞ്ചിരിവിതറി,
ഓണനിലാ-
വിനു വരവേകാം

# മികച്ച വിളവ് ഉറപ്പാക്കാൻ സോയിൽ ഹെൽത്ത് കാർഡ്

കെ.എം. രവീന്ദ്രൻ, എം. ശ്രീവിദ്യ



രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ആറിൽ ഒരു ഭാഗവും സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്. രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും തങ്ങളുടെ ഉപജീവനത്തിന് കൃഷിയെ ആശ്രയിക്കുന്നവരാണ്. ഫലഭൂയിഷ്ഠത നഷ്ടമായിക്കൊണ്ടിരിക്കുന്ന മണ്ണ് വിഭവലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾക്ക് കാരണമാവുന്നു. വളങ്ങളുടെ അസന്തുലിതമായ ഉപയോഗം, ജൈവവളങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്, തുടർച്ചയായ കൃഷി മൂലം മണ്ണിലെ സൂക്ഷ്മ പോഷകങ്ങൾ നഷ്ടമാവുന്നത് എന്നിവ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ മണ്ണിന്റെ ഫലഭൂയിഷ്ഠതയെ സാരമായി ബാധിച്ചിട്ടുണ്ട്.

മണ്ണിൽ നിലവിലുള്ള പോഷകങ്ങൾ ഏതൊക്കെയെന്നും ഏതെല്ലാം പോഷകാംശങ്ങളാണ് കുറവുള്ളതെന്നും കണ്ടെത്താൻ തുടർച്ചയായ ഇടവേളകളിൽ മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്.

രാജ്യത്തെ എല്ലാ കർഷകർക്കും മണ്ണിന്റെ ആരോഗ്യം പരിശോധിക്കാനുള്ള സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കാൻ ഗവൺമെന്റ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യത്യസ്ത വിളകൾക്ക് ആവശ്യമായ മണ്ണിലെ പോഷകാംശങ്ങളുടെ അളവ് കർഷകർക്ക് ഈ കാർഡുപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഏതെങ്കിലും പോഷകങ്ങളുടെ കുറവുണ്ടെങ്കിൽ കർഷകന് അത് എളുപ്പത്തിൽ പരിഹരിക്കാനും സാധിക്കും.

കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന മണ്ണ് പരിശോധനാ ലബോട്ടറികൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്രഗവൺമെന്റ് സഹായം നൽകും. മണ്ണിന്റെ ആരോഗ്യം പരിശോധിക്കാൻ കാർഷിക വിദ്യാർത്ഥികൾ, സർക്കാരിതര സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം സംസ്ഥാന സർക്കാരുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ഭൂമിയുടെ നിലവിലുള്ള ആരോഗ്യാവസ്ഥ മനസ്സിലാക്കാനും തുടർകൃഷിയിലൂടെ ഏതെല്ലാം മൂലകങ്ങളാണ് നഷ്ടമാവുന്നതെന്ന് നിരീക്ഷിക്കാനും അവയുടെ കുറവ് നികത്താനും സോയിൽ ഹെൽത്ത് കാർഡ് സഹായിക്കും. കർഷകരുടെ പാരമ്പര്യ അറിവും പ്രവൃത്തിപരിചയവും അടിസ്ഥാനമാക്കിയാണ് മണ്ണിന്റെ ആരോഗ്യപരിശോധന നടത്തുന്നത്. ഒരു ലബോറട്ടറിയുടേയോ സാങ്കേതിക വിദ്യയുടേയോ സഹായമില്ലാതെ മണ്ണിന്റെ അവസ്ഥ വ്യക്തമാക്കുന്ന സൂചനകളാണ് കാർഡിലുള്ളത്.

നിലവിൽ തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിജയകരമായി വിതരണം ചെയ്തിട്ടുണ്ട്. ഇന്ത്യ മുഴുവൻ ഇത് വ്യാപിപ്പിക്കാനാണ് കേന്ദ്രഗവൺമെന്റിന്റെ തീരുമാനം. ലഭ്യമായ കണക്കനുസരിച്ച് 2012 മാർച്ച്വരെയുള്ള കാലയളവിൽ 48 കോടി സോയിൽ ഹെൽത്ത് കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 2006 മുതൽ തമിഴ്നാട്ടിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് 30 മണ്ണ് പരിശോധനാ ലബോറട്ടറികളും 18 മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറികളുമുണ്ട്. പുതുക്കോട്ട ജില്ലയിലെ കുടുമിയാൻ മലയിലുള്ള ലബോറട്ടറി സെൻട്രൽ ലബോറട്ടറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റു ലബോറട്ടറികളുടെയെല്ലാം പ്രവർത്തനം നിയന്ത്രിക്കുന്നത് ഇവിടെയാണ്.

തമിഴ്നാട് കാർഷിക സർവ്വകലാശാല വികസിപ്പിച്ച 'ഡെസിഫർ' എന്ന സോഫ്റ്റ്വെയർ വഴി മണ്ണുപരിശോധനാ ലബോറട്ടറികൾ ഓൺലൈൻ സോയിൽ ഹെൽത്ത് കാർഡുകൾ നൽകുകയും ഓരോ മണ്ണിനത്തിനും അനുയോജ്യമായ വളപ്രയോഗം നിർദ്ദേശിക്കുകയും ചെയ്യുന്നു. ◆

*കെ.എം. രവീന്ദ്രൻ ചെന്നൈ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയിലെ അഡീഷണൽ ഡയറക്ടർ ജനറലും, എം. ശ്രീവിദ്യ ഇൻഫർമേഷൻ അസിസ്റ്റന്റുമാണ്.*

ഉപ്പ് എല്ലാവരുടെയും നിത്യജീവിതത്തിന്റെ ഭാഗമാണ്. കഴിഞ്ഞ ആറു ദശകങ്ങളായി ഇന്ത്യയിലെ ഉപ്പു വ്യവസായം വൻ കുതിപ്പിലാണ്. സ്വാതന്ത്ര്യ ലബ്ധിയുടെ കാലത്ത് ഉപ്പ് ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ ഇന്ന് ലോകത്തിലെ 120 ഉപ്പ് ഉത്പാദക രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്ത് നില്ക്കുന്നു. ഇന്ത്യയുടെ ശരാശരി വാർഷിക ഉപ്പ് ഉത്പാദനം 24 മില്യൺ ടണ്ണാണ്. ഇന്ത്യ, ആഭ്യന്തര ഉപയോഗത്തിനുള്ള 18 മില്യൺ ടൺ ഉപ്പ് ഉത്പാദിപ്പിച്ച ശേഷം 20 വിദേശരാജ്യങ്ങളിലേയ്ക്ക് അഞ്ചു മില്യൺ ടൺ കയറ്റി അയക്കുകയും ചെയ്യുന്നുണ്ട്. പ്രതിവർഷം രാജ്യത്ത് ഉത്പാദിപ്പിക്കുന്ന മൊത്തം ഉപ്പിന്റെ 70 ശതമാനവും കടൽ വെള്ളത്തിൽ നിന്നാണ്. ബാക്കി ഭൂഗർഭ ഉപ്പുവെള്ളത്തിൽ നിന്നും, ശേഷിക്കുന്ന രണ്ടു ശതമാനം ഉപ്പുതടാകങ്ങളിൽ നിന്നും ഉപ്പു പാറകളിൽനിന്നുമാണ് ഉത്പാദിപ്പിക്കുന്നത്.

ഇന്ത്യയിലെ പ്രധാന ഉപ്പു പാറകളിൽ ഒന്നാണ് ഹിമാചൽ പ്രദേശിലെ മന്ദി. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന ഉപ്പിന്റെ 96 ശതമാനവും ഗുജറാത്ത്, തമിഴ്നാട്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് ആന്ധ്ര, മഹാരാഷ്ട്ര, ഒറീസ, കർണാടക, പശ്ചിമ ബംഗാൾ, ഗോവ, ഹിമാചൽ പ്രദേശ്, ഡാമൻ ഡ്യു എന്നീ സംസ്ഥാനങ്ങളിലും ഉപ്പ് ഉത്പാദനമുണ്ട്. 62 ശതമാനം ഉപ്പിന്റെയും ഉത്പാദനം നടത്തുന്നത് വൻ കമ്പനികളാണ്. ബാക്കി 38 ശതമാനം ഇടത്തരം ഉത്പാദകരുടെയും ചെറിയ ഉത്പാദകരുടെയും വിഹിതവും. ഇവരെല്ലാം തന്നെ സ്വകാര്യ വ്യവസായികളാണ്. ഓസ്ട്രേലിയ, ക്യാനഡ, ഫ്രാൻസ്, യുഎസ്എ തുടങ്ങിയ രാജ്യങ്ങളിൽ ഉപ്പ് വ്യവസായത്തിൽ ആധുനിക സാങ്കേതിക വിദ്യയും ഏറ്റവും നൂതന യന്ത്രങ്ങളും ഉപയോഗിക്കുമ്പോൾ ഇന്ത്യയിൽ ഇന്നും പഴഞ്ചൻസാങ്കേതിക വിദ്യയിൽ തൊഴിലാളികളെ കൊണ്ടാണ് ഉപ്പളങ്ങളിൽ ജോലി ചെയ്യിക്കുന്നത്.

അധികമായി ഉത്പാദിപ്പിക്കുന്ന 35 ലക്ഷം ടൺ ഉപ്പാണ് ഇന്ത്യ കയറ്റി അയക്കുന്നത്. ജപ്പാൻ, ബംഗളാദേശ്, ഇന്തോനേഷ്യ, ദക്ഷിണ കൊറിയ, ഉത്തര കൊറിയ, മലേഷ്യ, യുഎഇ, ഖത്തർ തടങ്ങിയ രാജ്യങ്ങളാണ് ഇന്ത്യയിൽ നിന്ന് ഉപ്പ് വാങ്ങുന്ന രാജ്യങ്ങൾ. രാജ്യത്ത് ഉത്പ്പാദിപ്പിക്കുന്ന ഉപ്പിൽ 30 ശതമാനവും മനുഷ്യരും മൃഗങ്ങളുമാണ് ഉപയോഗിക്കുന്നത്. വിവിധ രോഗങ്ങൾക്കെതിരെ മനുഷ്യ ശരീരത്തിന് പ്രതിരോധ ശേഷി നല്കുന്ന സൂക്ഷ്മപോഷകങ്ങൾ ഉപ്പിലുണ്ട്. വിവിധ വ്യവസായങ്ങൾക്കുള്ള അടിസ്ഥാന ഘടകമായും ഉപ്പ് ഉപയോഗിക്കുന്നു. ലോകത്തിൽ ഉത്പ്പാദിപ്പിക്കുന്ന ഉപ്പിൽ 60 ശതമാനവും വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ക്ലോറിൻ, കാസ്റ്റിക് സോഡ, സോഡ ആഷ് തുടങ്ങിയവയുടെ നിർമ്മാണത്തിനാണ് ഇതു പ്രധാനമായും ഉപയോഗിക്കുക. ഈ വസ്തുക്കളാകട്ടെ അടുത്ത

*ശേഷം 34-ാം പേജിൽ*

▶ **എം. വി. എസ്. പ്രസാദ്**

# സൗര ലവണം



19-ാം പേജിൽ നിന്നും തുടർച്ച

തെങ്കിലും ആളുടെ ഉപേക്ഷയോ നടപടി ദൂഷ്യമോ കൊണ്ടല്ലാതെ ഈ കുറവോ നഷ്ടമോ സംഭവിക്കുമായിരുന്നില്ലെന്ന് വാദിക്കാവുന്നതല്ല." ഇക്കാര്യം ലളിതമായിപ്പറയുകയാണെങ്കിൽ, തന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ട്. എന്നാലും മറ്റാൾക്ക്/ആളുകൾക്ക് കൂടി വീഴ്ച വന്നിരുന്നില്ലെങ്കിൽ, ഈ നഷ്ടം സംഭവിക്കുമായിരുന്നില്ല' എന്ന തരത്തിലുള്ള വാദം വിലപ്പോവുകയില്ല എന്ന് സാരം.




**നഷ്ടം ഈടാക്കലിനുമപ്പുറം:**

വ്യാപകമായ ജനാധിപത്യ അർത്ഥതലങ്ങളുള്ള ഒരു ഓഡിറ്റ് റിപ്പോർട്ട്, അതിൽ സൂചിപ്പിച്ച ക്രമക്കേടുകൾക്കും സാമ്പത്തിക നഷ്ടങ്ങൾക്കും ഉത്തരവാദിയായി പേർ ചൊല്ലപ്പെട്ട വ്യക്തികളുടെ മാത്രം ഉൽക്കണ്ഠാവിഷയമായി ചുരുങ്ങിപ്പോവുന്ന അവസ്ഥയുണ്ടോ എന്നതാണ് ഈ സന്ദർഭത്തിൽ ഏറ്റവും ഗൗരവമായി പരിഗണിക്കേണ്ടുന്ന വസ്തുത എന്നു തോന്നുന്നു.

ശരാശരി അരലക്ഷത്തിൽ താഴെ വരുന്ന പൗരജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഗണ്യമായി സ്വാധീനിക്കാനിടയുള്ള ഒരു പ്രാദേശിക സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ വ്യത്യസ്ത തലങ്ങളിൽ സമ്പൂർണ്ണമായി വിലയിരുത്തുക എന്നതിൽ ഓഡിറ്റിന് അനിവാര്യമായ പരിമിതികൾ ഒട്ടേറെയാണ്.

നിർവ്വഹണം കഴിഞ്ഞ് ഒരിടവേളയ്ക്കുശേഷം നടത്തുന്ന, അതുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള രേഖകളുടെ നിയമാനുസൃത ഉദ്യോഗസ്ഥതല പരിശോധനയാണല്ലോ ഓഡിറ്റ്.

ഇങ്ങനെയുള്ള പരിശോധനാഫലമായി കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്ന ക്രമക്കേടുകൾക്കും നഷ്ടങ്ങൾക്കുമപ്പുറം ഓഡിറ്റ് റിപ്പോർട്ടിന് നിശബ്ദമാകേണ്ടിവരുന്ന ഒട്ടേറെ പ്രവർത്തന മേഖലകൾ പ്രാദേശിക സർക്കാരുകൾക്കുണ്ട്.

ഉദാഹരണത്തിന്, നിർവ്വഹണവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചുവെച്ച രേഖകളിൽ പ്രഥമദൃഷ്ട്യാ കുഴപ്പങ്ങളൊന്നുമില്ലെങ്കിൽ, ഓഡിറ്റ് റിപ്പോർട്ടിൽ തൽ സംബന്ധമായ പരാമർശങ്ങൾ ഒന്നും ഉണ്ടാകാനിടയില്ല.

അതേസമയം, രേഖകളിൽ ന്യൂനതയൊന്നുമില്ലെങ്കിൽ നിർവ്വഹണം അപാകതകളൊന്നുമില്ലാത്തത് എന്ന് എപ്പോഴും ഉറപ്പിച്ചു പറയാനാവുമോ? ഇതിനൊരു മറുപുറവുമുണ്ട്. രേഖകളുടെ സൂക്ഷിപ്പിലുള്ള അശ്രദ്ധ ചിലപ്പോൾ നിർവ്വഹണത്തിലെ ആത്മാർത്ഥത പ്രതിഫലിപ്പിച്ചില്ല എന്നും വരാം. ഇങ്ങനെ പരസ്പര വിരുദ്ധമായ രണ്ടു നിലകളിൽ ഓഡിറ്റിന് നേരിടേണ്ടിവരുന്ന പരിമിതികളെ മറികടക്കുന്നത് എങ്ങിനെ എന്നന്വേഷിക്കുവാൻ കിട്ടുന്ന ഉത്തരം ഇതാണ്:

ഒരു പ്രാദേശിക സർക്കാരിന്റെ നാനാമുഖമായ പ്രവർത്തനങ്ങളെ അതിന്റെ ഏറ്റവും അടിത്തട്ടിലുള്ള ജനങ്ങളുടെ സൂക്ഷ്മമായ വിലയിരുത്തലുകൾക്കും, ജനകീയമായ മൂല്യവിചാരണകൾക്കും വിധേയമാക്കുവാൻ ഏറെ സഹായകമായ ഒരു മാർഗ്ഗ ദർശി (ഗൈഡ്) എന്ന നിലക്കാണ് ഓഡിറ്റ് റിപ്പോർട്ടിന്റെ ഏറ്റവും കാതലായ ജനാധിപത്യ പ്രസക്തി. ഓഡിറ്റ് റിപ്പോർട്ട് അതിന്റെ തന്നെ പരിമിതികളെ മറികടക്കുന്നത് ഈ വിധത്തിൽ അത് ഉപയോഗിക്കപ്പെടുമ്പോൾ മാത്രമാണ്.

ഓഡിറ്റ് റിപ്പോർട്ട്, ഭരണസമിതി പ്രത്യേകമായി വിളിച്ചു ചേർത്ത യോഗത്തിൽ പരിഗണിക്കപ്പെടുക, നടപടികൾ സ്വീകരിക്കുക, റിപ്പോർട്ട് അതിന്മേലുള്ള ഭരണസമിതി തീരുമാനങ്ങൾ സഹിതം പരസ്യപ്പെടുത്തുക, ഗ്രാമ സഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക എന്നതൊക്കെ അതിന്റെ ഭാഗമാണ്. ഭരണഘടനാനുസൃതമായ പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങൾ നിലവിൽ വന്നിട്ട് രണ്ടു പതിറ്റാണ്ട് തികയുകയാണ്. ഈ സന്ദർഭത്തിൽ വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ വിശാല ലക്ഷ്യങ്ങളെ എത്രമാത്രം സാക്ഷാത്കരിക്കുവാൻ സാധിക്കുന്നുണ്ട് എന്ന അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്. കാര്യക്ഷമത, സമഗ്രത, സുതാര്യത, പങ്കാളിത്തം, വിലയിരുത്തൽ തുടങ്ങിയവ എത്രത്തോളം ജനകീയമായിട്ടുണ്ട്?

വികസന-ക്ഷേമ പ്രവർത്തനങ്ങൾ സംശയരഹിതമായ, കക്ഷി രാഷ്ട്രീയത്തിനതീതമായ ജനസമ്മതി ആർജ്ജിക്കുന്നതിൽ എത്രത്തോളം വിജയിക്കുന്നുണ്ട്? സത്യസന്ധതയില്ലാത്ത കരാർ-ഉദ്യോഗസ്ഥ-അധികാര കൂട്ടുകെട്ട് ഇല്ലാതാക്കുന്നതിൽ എത്രത്തോളം മുന്നേറാനായി?

ഓഡിറ്റ് റിപ്പോർട്ടുകളിൽ വെളിപ്പെടുത്തിയ നഷ്ടങ്ങളെ പറ്റിയുള്ള വേവലാതികൾ ഇങ്ങനെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ എന്ന നിലയിലേക്കു വളർന്നെങ്കിൽ എന്ന് പ്രത്യാശിക്കുകയാണ്. ◆

*ലേഖകൻ - ലോക്കൽ ഫണ്ട് ആഡിറ്റ് - കാസർഗോഡ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറാണ്*

# പരിസ്ഥിതി സൗഹൃദവും കുടുംബശ്രീയും

റസാഖ് പയമ്പ്രോട്ട്

ദേശീയതലത്തിൽ, പ്രവർത്തന മികവുകൊണ്ട് ശ്രദ്ധനേടിയ കുടുംബശ്രീ സമൂഹത്തിലെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് ഇടപെടുന്നതിൽ അതിന്റെ ആരംഭം മുതൽ മാതൃകകാണിച്ചിട്ടുണ്ട്. അയൽക്കൂട്ടസംവിധാനങ്ങളിലൂടെ മാനവസൗഹൃദത്തിന്റെയും ഏകതയുടെയും സന്ദേശം പ്രചരിപ്പിക്കുമ്പോൾ തന്നെ സമൂഹത്തിൽ മാന്യമായസ്ഥാനം സഹജീവികൾക്ക് ഉറപ്പുവരുത്തുന്നതിലും ശ്രദ്ധപുലർത്തുന്നു. സാമൂഹ്യജീവിയായ മനുഷ്യന് സമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങളോട് പൊരുത്തപ്പെടേണ്ടിവരും. സാമൂഹിക ബോധമുള്ളവർക്കേ അറിഞ്ഞ് ഇടപെടാൻ സാധിക്കൂ. അറിവും തിരിച്ചറിവും സ്വായത്തമാക്കിയാൽ ഏത് പ്രതിസന്ധികളെയും അതിജയിക്കാനാവുമെന്ന് ഗ്രാമീണവനിതകളെ പഠിപ്പിച്ചതിൽ മുഖ്യപങ്ക് കുടുംബശ്രീക്ക് തന്നെയാണ്.

അക്ഷരകേരളം പദ്ധതിയുടെ ഭാഗമായി തൊണ്ണൂറുകളുടെ തുടക്കത്തിലാരംഭിച്ച വനിതാകൂട്ടായ്മകൾ ഒമ്പതാം പഞ്ചവത്സരപദ്ധതി നടത്തിപ്പ് വികേന്ദ്രീകരിക്കപ്പെട്ടതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണപങ്കാളിത്തത്തിൽ പുരുഷന്മാരേക്കാൾ ഒരു ശതമാനത്തിന്റെ ഏറ്റം ലഭിച്ചതും (വനിതാ സംവരണം കണക്കാക്കുമ്പോൾ 50:50 ആണെങ്കിലും സ്ഥാനമാനങ്ങളും പദവികളും പങ്കുവെച്ചപ്പോൾ അനുപാതം വനിതകൾക്ക് 51ഉം പുരുഷന്മാർക്ക് 49മായി) വലിയ മുന്നേറ്റം തന്നെയാണ്. ഗ്രാമപ്രദേശങ്ങളിൽപോലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും ഇത് പ്രകടമായി. സ്ത്രീകൾക്ക് മൊത്തത്തിൽ കൈവരിക്കാനായ ആത്മവിശ്വാസവും എന്തിനെയും നേരിടാനാകുമെന്ന ഇച്ഛാശക്തിയും പകർന്നു നൽകിയത് കുടുംബശ്രീ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും കൂടിയാണ്.

ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയിലടക്കം കുടുംബശ്രീയുടെ സന്നദ്ധസേവനം രാജ്യത്തിനു മാതൃകയായി. ഒരു കാലത്ത് പുരുഷന് മാത്രമേ പ്രാപ്യമാകൂ എന്നുധരിച്ചിരുന്ന തൊഴിലിടങ്ങളിലേക്ക് പുരുഷനോട് തോളുരുമ്മി കടന്നുവരാൻ വനിതകൾക്കായതിന്റെ അഭിമാനവും ചില്ലറയല്ല. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് എത്തിയവരിൽ അനുഭവപ്പെടുന്ന കൗതുകവും ആഹ്ലാദവും കുടുംബശ്രീപ്രവർത്തകരിൽ പ്രകടമായിരുന്നു. സമൂഹത്തിനുമൊത്തമായി ആസൂത്രണം ചെയ്യുന്നവ, തനിക്കുകൂടിപ്രയോജനപ്പെട്ടതാണെന്ന



സാമൂഹികാവബോധമായിരുന്നു ഇതിൽ പ്രധാനം. ഈ അനുഭവസമ്പത്തിൽ നിന്നും സ്വയംതൊഴിൽ സംരംഭങ്ങളടക്കം ബാങ്കിങ് വരെയുള്ള മേഖലകളിൽ നിരവധി പ്രവർത്തനങ്ങളാണ് നടക്കുന്നത്. പലപ്രവർത്തനങ്ങളും മുമ്പ് തുടങ്ങിയതിന്റെ തുടർച്ചയുമാണ്. അഥവാ നേടിയതൊന്നും വഴിയിൽ ഉപേക്ഷിക്കാതെ പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളുമായി കുടുംബശ്രീ സമൂഹത്തിൽ സാന്നിദ്ധ്യം ഉറപ്പിക്കുന്നു.

ജീവിത പരിസരം ഒരു പ്രധാന ഘടകമാണ്. കേരളത്തിന്റെ അടിസ്ഥാന ജിവിതവൃത്തിയായിരുന്ന കാർഷിക മേഖലയിൽ നിന്നും വ്യാവസായിക തൊഴിലിടങ്ങളിലേക്ക് പറിച്ചുനടപ്പെട്ട മനുഷ്യർ വ്യവസായങ്ങളുടെ പേരിൽ പ്രകൃതിയുടെ ആവാസവ്യവസ്ഥയിൽ ഏറെ അപകടങ്ങൾ വരുത്തിവെച്ചിട്ടുണ്ട്. അതിന്റെ ദുരന്തമാണ് ഇന്നിപ്പോൾ എല്ലാവരും അനുഭവിക്കുന്നത്. ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കേണ്ട തെക്കുപടിഞ്ഞാറൻ മൺസൂൺകാലം മാർച്ച് മുതൽ മെയ് വരെയുള്ള ഉഷ്ണകാലത്തിന് സമാനമാകുകയാണ്. തെക്കുപടിഞ്ഞാറൻ മൺസൂൺകാലം കേരളത്തിൽ നിന്ന് തുടങ്ങി വടക്കോട്ടും കിഴക്കോട്ടും സഞ്ചരിക്കണമെന്നാണ് കണക്ക്. ജൂൺ ആദ്യത്തിൽ ലഭിക്കുന്ന ഇക്കാലത്തെ മഴയെ ഇടവപ്പാതി എന്നാണ് വിളിക്കാറ്. ഈ വർഷത്തെ ഇടവപ്പാതി മഴയില്ലാതെ മലയാളിയെ ആശങ്കപ്പെടുത്തുന്നു. ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ നിന്ന് തെക്കോട്ടുസഞ്ചരിക്കുന്ന കാറ്റാണ് വടക്കുകിഴക്കൻ മൺസൂൺ. ഇതേ തുടർന്നാണ് ഒക്ടോബർ-നവംബർ മാസങ്ങളിൽ മഴലഭിക്കുന്നത്. കേരളത്തിലിത് തുലാവർഷമായാണ് അറിയപ്പെടുന്നത്.

കാലാവസ്ഥാവ്യതിയാനം കടുക്കുന്നതോടെ ജീവജാലങ്ങളുടെ നിലനിൽപ്പ് താളം തെറ്റുന്നുണ്ട്. കൃഷിയും കുടിവെള്ളവുമടക്കം കടുത്ത പ്രതിസന്ധിയിലേക്ക് വഴുതിവീഴുന്നതാണ് ഇന്നത്തെ നില. ഇതിനെ അതിജയിക്കണമെങ്കിൽ പരിസ്ഥിതിക്ക് ഇനിയും കോട്ടം തട്ടാത്തവിധത്തിൽ ഇതിനെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം സമൂഹം ഏറ്റെടുത്തേ മതിയാകൂ. ഇതിന്റെ മുന്നിൽ നിൽക്കാൻ ഇന്നത്തെ നിലയിൽ കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന് സാധിക്കും.



**കാലാവസ്ഥാവ്യതിയാനം കടുക്കുന്നതോടെ ജീവജാലങ്ങളുടെ നിലനിൽപ്പ് താളം തെറ്റുന്നുണ്ട്. കൃഷിയും കുടിവെള്ളവുമടക്കം കടുത്ത പ്രതിസന്ധിയിലേക്ക് വഴുതിവീഴുന്നതാണ് ഇന്നത്തെ നില. ഇതിനെ അതിജയിക്കണമെങ്കിൽ പരിസ്ഥിതിക്ക് ഇനിയും കോട്ടം തട്ടാത്തവിധത്തിൽ ഇതിനെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം സമൂഹം ഏറ്റെടുത്തേ മതിയാകൂ. ഇതിന്റെ മുന്നിൽ നിൽക്കാൻ ഇന്നത്തെ നിലയിൽ കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന് സാധിക്കും.**

അന്തരീക്ഷമലിനീകരണമാണ് പരിസ്ഥിതി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും നൂറുകിലോമീറ്റർ ഉയരമുള്ള സ്ഥലം വരെ അന്തരീക്ഷമാണ്. ഭൂമിക്കുചുറ്റുമുള്ള വാതക ആവരണം കൂടിയാണ് അന്തരീക്ഷം. അന്തരീക്ഷമെന്നത് ഭൂമിയുടെ ഗുരുത്വാകർഷണവുമായി ബന്ധപ്പെട്ടതാണ്. വാതകാവരണം ഭൂമിക്കുചുറ്റും ചേർന്നു നിൽക്കുന്നത് ഗുരുത്വാകർഷണത്താലാണ്. ഭൂമിയിൽ ചൂടും തണുപ്പും ക്രമീകരിക്കുന്നതും വായു ലഭ്യമാക്കുന്നതും മഴപെയ്യിക്കുന്നതും അന്തരീക്ഷമാണ്. മാരക അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തുന്നതും പരിസ്ഥിതി സംതുലനം സാധ്യമാക്കുന്നതും അന്തരീക്ഷമാണെന്നോർക്കണം. ഗുരുത്വാകർഷണമില്ലെങ്കിൽ അന്തരീക്ഷം തന്നെ ഇല്ലാതാകും.

പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയകളെ താളം തെറ്റിക്കുന്നത് മനുഷ്യരാണ്. പ്രകൃതിവിഭവങ്ങളുടെ അമിതവും അനിയന്ത്രിതവുമായ ചൂഷണമാണ് ഈ പ്രതിഭാസത്തിനു കാരണം. സാമൂഹിക, ഭൗമശാസ്ത്ര കാരന്മാർ ഈ അപകടാവസ്ഥയെക്കുറിച്ച് നേരത്തെ മുന്നറിയിപ്പുകൾ തന്നിരുന്നെങ്കിലും എല്ലാം അവഗണിക്കപ്പെട്ടു. പ്രകൃതി ദുരന്തങ്ങൾ ചെറുതും വലുതുമായി ആവർത്തിക്കപ്പെട്ടപ്പോഴാണ് എല്ലാവരും ചുറ്റുപാടും ശ്രദ്ധിച്ചത്. അപ്പോഴേക്കും എല്ലാം നഷ്ടമായിക്കഴിഞ്ഞിരുന്നു. ഇനി അതെല്ലാം തിരിച്ചുപിടിക്കാനായില്ലെങ്കിലും ജനിച്ച തലമുറകൾക്ക് ജീവിക്കാനാവുന്ന തരത്തിലെങ്കിലും പ്രകൃതിയെ നിലനിർത്തേണ്ടതുണ്ട്. പരിസ്ഥിതി സൗഹൃദമായ ഒരന്ത



രീക്ഷം സൃഷ്ടിക്കലാണ് അതിൽ പ്രധാനം.

ഒരു വ്യക്തി വിചാരിച്ചാൽ മാറ്റം എളുപ്പമല്ല. അതേസമയം ഒരുപാട് വ്യക്തികൾ ഒത്തുചേരുന്ന സംഘങ്ങൾക്ക് എളുപ്പത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഭൂമി എല്ലാവർക്കും വേണ്ടിയാണെന്നും ഇനിയും പിറക്കാനിരിക്കുന്ന അനേകം തലമുറകൾക്കായി പ്രകൃതിവിഭവങ്ങൾ ബാക്കി വയ്ക്കാമെന്നും ഈ സമൂഹത്തെ പഠിപ്പിച്ചാൽ പുതിയ ചില ചിന്തകൾക്ക് അത് കരുത്തുപകരും.

പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരെ, അത് അലക്ഷ്യമായി വലിച്ചെറിയുന്നവരെ കടുത്ത ഭാഷയിൽ ശാസിക്കുന്ന രീതിയെ കുടുംബശ്രീ പ്രോത്സാഹിപ്പിച്ചാൽ തന്നെ അത് പരിസ്ഥിതി സൗഹൃദപ്രവർത്തനമായിരിക്കും. പ്ലാസ്റ്റിക് ഉപയോഗം പരമാവധി ഒഴിവാക്കുകയും ഉപയോഗിക്കുന്നവ അന്തരീക്ഷമലിനീകരണത്തിനു കാരണമാകാത്ത തരത്തിൽ കരുതുകയും സംസ്ക്കരണ കേന്ദ്രത്തിലേക്ക് അവ കയറ്റി അയക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം സമസ്തമേഖലകളുടേയും സഹകരണത്തോടെ നടപ്പിലാക്കിയാൽ അത് പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് പുത്തൻ മാതൃകയായിരിക്കും.

ഒറ്റപ്പെട്ടനിലയിൽ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലുമെല്ലാം വിവിധ സ്വകാര്യ ഏജൻസികളുടെ പദ്ധതിയായി കുടുംബശ്രീ പ്രവർത്തകർ ഇത് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇത് വ്യാപകമാക്കാൻ കുടുംബശ്രീക്കു തന്നെ സ്വതന്ത്രമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സമർപ്പിക്കാവുന്നതാണ്. ഗ്രാമസഭകളിലൂടെ ഉയർന്നുവരുന്ന ആശയമാകുമ്പോൾ പഞ്ചായത്ത് തലത്തിൽ വാർഷികപദ്ധതികളിൽ ഇതിനായി ഫണ്ട് കണ്ടെത്താനും കഴിയും. സംസ്ഥാന ശുചിത്വമിഷനും മലിനീകരണ നിയന്ത്രണ ബോർഡുമെല്ലാം കുടുംബശ്രീയോട് എല്ലാ നിലയ്ക്കും സഹകരിക്കും.

വെയിലത്ത് വാടാത്ത, തീയിൽ ദഹിക്കാത്ത, വെള്ളത്തിൽ അലിയാത്ത മണ്ണിൽ ചേരാത്ത ദീർഘായുസ്സുള്ള ചിരംജീവിയായ ഒരു വസ്തുവായാണ് പ്ലാസ്റ്റിക്കിനെ കാണുന്നത്. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ചിതലരിക്കാതെ ബാക്ടീരിയയോ മറ്റുജീവികളോ നശിപ്പിക്കാതെ കാലങ്ങളോളം കരയിലും കടലിലും കിടക്കുകയാണ്. വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൃഷിയിടങ്ങളിൽ ചെടികളുടെ വേരുകളുടെ വളർച്ച തടയുന്നതിനാൽ കാർഷിക ഉല്പാദനം കുറയുന്നു. മണ്ണിലെ കോടാനുകോടി സൂക്ഷ്മ ജീവികൾക്കും പ്ലാസ്റ്റിക് മാരക വിനകളാണ് വരുത്തിവയ്ക്കുന്നത്. ജൈവാംശത്തോടൊപ്പം പ്ലാസ്റ്റിക് വിഴുങ്ങുന്ന മണ്ണിരകളുടെ കുടലിൽ അത് കെട്ടിക്കിടക്കുന്നതിനാൽ മണ്ണിരകൾ ചത്തൊടുങ്ങുന്നു. കൃഷിയിടം ഇളക്കിമറിക്കുന്നതിലും മണ്ണിന്റെ സ്വാഭാവികത നിലനിർത്തുന്നതിലും മണ്ണിരകളുടെ പങ്ക് വളരെ വലുതാണല്ലോ. പ്ലാസ്റ്റിക് മാലിന്യം കത്തിച്ചുകളയുന്നതും കൂടുതൽ അന്തരീക്ഷമലിനീകരണത്തിന്നിടവരുത്തും. പ്ലാസ്റ്റിക് കത്തുമ്പോൾ അപകടകാരികളായ പോളി ന്യൂക്ലിയർ ഹൈഡ്രോ കാർബണുകളുണ്ടാകും. ക്ലോറിൻ അടങ്ങിയ പി വി സി പോലുള്ള പ്ലാസ്റ്റിക്കുകൾ കത്തിക്കുമ്പോൾ മാരക വിഷവാതകങ്ങളായ ക്ലോറോ ഡയോക്സിനുകളും ക്ലോറോ ഫ്യൂറോനുകളും വായുവിൽ കലരുന്നത് അന്തരീക്ഷം വിഷലിപ്തമാകാൻ കാരണമാകും.

മറ്റുമാലിന്യങ്ങളെപോലെ പ്ലാസ്റ്റിക് സുരക്ഷിതമായി സംസ്ക്കരിക്കുവാനുള്ള മാർഗ്ഗങ്ങളില്ല. വീണ്ടും വീണ്ടും ഉപയോഗിക്കുകയോ ഉപയോഗിച്ചവ പുനഃചംക്രമണം ചെയ്ത് പുതിയ ഉപകരണങ്ങൾ നിർമ്മിക്കുകയുമാണ് പ്ലാസ്റ്റിക് മലിനീകരണം തടയാനുള്ള രീതി. പ്ലാസ്റ്റിക് ഒരു ഓർഗാനിക ഘടകമായതിനാൽ തെർമോ പ്ലാസ്റ്റിക് മാത്രമേ പുനഃചംക്രമണത്തിനു വിധേയമാക്കാൻ പറ്റൂ. ഇലക്ട്രിക് സ്വിച്ചുകൾ പോലുള്ള വസ്തുക്കൾ നിർമ്മിക്കുന്ന തെർമോ സൈറ്റിംഗ് പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരണ സംവിധാനങ്ങളിലും പുറത്താണ്.

ഇത്രയും മാരകവും ഭീതിതവുമായ പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും കുടുംബശ്രീക്ക് തനതായ രീതിയിൽ പലകാര്യങ്ങളും ചെയ്യാൻ സാധിക്കും. സമൂഹം ഉൾക്കൊള്ളുന്ന, കുടുംബങ്ങളുമായി ഇത്രയും കണ്ണിചേർന്നു നിൽക്കുന്ന കുടുംബശ്രീക്കാണ് പരിസ്ഥിതി സൗഹൃദത്തിൽ ഇനിയെന്തെങ്കിലും പ്രവർത്തിക്കാനാകുക. പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലേക്ക് കുടുംബശ്രീ കടന്നുവരട്ടെ.

*ലേഖകൻ പത്രപ്രവർത്തകനാണ്*

◆



# സംഘർഷം എങ്ങിനെ നിയന്ത്രിക്കാം

*"You cannot shakehand with clenched fist"* - ***Indira Gandhi***

കാലിക കേരള സമൂഹം രൂക്ഷമായ സംഘർഷത്തിന്റെപിടിയിലാണ് എന്നത് പത്രമാധ്യമങ്ങളിലൂടെ കണ്ണോടിക്കുന്ന ഏതൊരാളേയും ആശ്ചര്യപ്പെടുത്തുന്ന ഒന്നാണ്. ഇത്തരത്തിൽ ആത്മസംഘർഷങ്ങളുടേയും സംഘട്ടനങ്ങളുടേയും നീർച്ചുഴിയിൽപെട്ട് ഉഴലുന്ന ഒരു സമൂഹത്തിന്റെ ഭാഗമാണ് നാം എന്ന തിരിച്ചറിവ് നമ്മെ തെല്ല് ഭയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വ്യക്തികളുടെ ആന്തരിക സംഘർഷങ്ങളിൽ നിന്ന് തുടങ്ങി വ്യക്തികൾക്കിടയിലും മതസാമൂഹ്യ രാഷ്ട്രീയ സംവിധാനങ്ങൾ തമ്മിലും അവയ്ക്കിടയിലുംമാത്രമല്ല രാജ്യങ്ങൾക്ക് അകത്തും രാഷ്ട്രങ്ങൾ തമ്മിലും സംഘർഷത്തിന്റെ ശാഖകൾ ഉണ്ട്. മനുഷ്യൻ ഇടപെടുന്ന സർവ്വ മേഖലകളിലും ഇതന്റെ ലാഞ്ചന ഉണ്ട്. വ്യക്തികളുടെ ചുറ്റുപാടുകളിൽ മാത്രമല്ല വ്യക്തികളുടെ മനസ്സിലും ഇത് അന്തർലീനമാണ്.

രണ്ട് വ്യക്തികൾ സമ്പൂർണ്ണമായും എല്ലാ അർത്ഥത്തിലും സാമ്യതയോ, വ്യത്യസ്ഥമോ അല്ല. ഒരിയ്ക്കലും ഇവർക്ക് ഒരുപോലെ ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയില്ല. ഇത്തരത്തിൽ വൈവിധ്യമാർന്ന ചിന്താ രീതിയും താല്പര്യങ്ങളും ജീവിത ലക്ഷ്യങ്ങളും ഉള്ള വ്യക്തികൾ തമ്മിലുള്ള പാരസ്പര്യം മനുഷ്യബന്ധങ്ങളെ അനിവാര്യമായ സംഘർഷത്തിലേയ്ക്ക് നയിക്കുന്നു. അതിനാൽ ഇത് മനുഷ്യന്റെ നൈസർഗീക പ്രകൃതിയുടെ ഭാഗവുമാണ്.

തദ്ദേശഭരണ സർക്കാരുകളുടെ ഭൂമികയിൽ നിന്ന് ചിന്തിക്കുമ്പോൾ സംഘർഷങ്ങളുടെ ബഹിർസ്പുരണങ്ങൾ കാണാവുന്നതാണ്. വ്യത്യസ്ഥ ആശയ ആദർശങ്ങളുടേയും താല്പര്യങ്ങളുടേയും വേദിയായ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നോമിനികളായി വിവിധ പ്രദേശങ്ങളുടെ വൈരുദ്ധ്യങ്ങളായ ആവശ്യങ്ങളുമായി കടന്നു വരുന്ന ജനപ്രതിനിധികൾ, വ്യത്യസ്ഥ സാമ്പത്തിക സാമൂഹിക ചുറ്റുപാടുകളിൽ നിന്നും നിരവധി ആവലാതികളും ആവശ്യങ്ങളുമായി കടന്നുവരുന്ന പൗരന്മാർ, ബഹുമുഖ വികസന സേവന മേഖലകളെ പ്രതിനിധീകരിക്കുന്ന ബ്യൂറോക്രാറ്റുകൾ അവരുടെ യുക്തിസഹമല്ലാത്ത അമിതജോലിഭാരവും ഇവിടെ ഇവരുടെ ആശയങ്ങളും ആവശ്യങ്ങളും സ്വഭാവ വൈരുദ്ധ്യങ്ങളും തമ്മിൽ സംഘട്ടന സാധ്യത അനിവാര്യമാക്കുന്നു.

സംഘർഷങ്ങളെ ശരിയായ സമയത്ത് ഇടപെട്ട് പരിഹരിച്ചില്ലെങ്കിൽ അപകടകരമായി തീരുകയും വ്യക്തിബന്ധങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ സംഘർഷങ്ങളെ ലഘൂകരിക്കുന്നതിനും ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥാപനങ്ങളുടെ മേധാവികൾക്ക് ഉത്തരവാദിത്തമുണ്ട്. ഊഷ്മളമായ വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നതിനും അതുവഴി നല്ല ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇതു വഴി കഴിയും.

### സംഘർഷത്തിന്റെ അടിവേരുകൾ

സംഘർഷം ഉത്ഭവിക്കുവാൻ ഉതകുന്ന കാരണങ്ങളെകുറിച്ച് അറിവ് അത് നിയന്ത്രിക്കുന്നതിന് നമ്മെ പര്യാപ്തമാക്കുന്നു. അതിനാൽ ഈ വിഷയത്തിൽ ഒരു വ്യക്തമായ അറിവ് ഗുണകരമായിരിക്കും.

ഒരു വ്യക്തി ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ഒരു ഉദ്ദേശ്യലക്ഷ്യം ഉണ്ടായിരിക്കും. ഒരേ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോഴും വ്യക്തികൾ തമ്മിൽ ഇതിൽ ഭിന്നതയുണ്ടായിരിക്കും. ഇത്തരത്തിൽ ഉദ്ദേശ്യലക്ഷ്യങ്ങളിലുള്ള വ്യക്തതയുടെ അഭാവം സംഘർഷം സൃഷ്ടിക്കാൻ

സാധ്യതയുണ്ട്. ഇതുപോലെ തന്നെയാണ് ആശയപരമായ ഭിന്നതയും. ഒരേ ആശയങ്ങളെ വ്യത്യസ്ഥ വ്യക്തികൾ ഭിന്ന രീതിയിൽ വ്യാഖ്യാനിക്കുന്നതും വിവക്ഷിക്കുന്നതും മൂലമാണ് ഇത് സംഭവിക്കുന്നത്. വ്യത്യസ്ഥ വീക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന വ്യക്തിത്വങ്ങൾ തമ്മിൽ സംഘർഷം സ്വാഭാവികമാണ്.

ഒരാൾ മറ്റൊരാളെപ്പെലെയല്ല എന്ന പ്രകൃതി നിയമം ഇവിടെ പ്രസ്താവ്യമാണ്. വിവിധ സ്വഭാവക്കാരായ മനുഷ്യൻ പല തരത്തിൽ പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ ജോലിസ്ഥലത്തെ വ്യക്തിത്വങ്ങളെ പരിശോധിച്ചാൽ ഇത് കാണാവുന്നതാണ്. ചിലർ സൗമ്യരും മറ്റു ചിലർ സംസാരപ്രിയരും ആണെങ്കിൽ ചിലർ മടിയന്മാരും മറ്റ് ചിലർ ഉത്സാഹികളുംആണെന്ന് കാണാൻ കഴിയും. ചിലർ കർമ്മാത്സുകരും ചിലർ താഴ്മയുള്ളവരും ചിലർ അഹങ്കാരികളും ആയിരിക്കും. മറ്റ് ചിലർ ശുഭാപ്തി വിശ്വാസക്കാരാണെങ്കിൽ വേറെ ചിലർ ദോഷൈകദൃക്കുകളുമായിരിക്കും.

ജോലിസ്ഥലത്തെ ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള വ്യക്തതയില്ലായ്മ അല്ലെങ്കിൽ ഓരോരുത്തരുടേയും ജോലി കൃത്യമായി നിർവ്വചിക്കാതിരിക്കുന്നതും സംഘർഷ സാധ്യത ഉണ്ടാക്കുന്നു.

മറ്റുള്ളവരുടെ ആവശ്യങ്ങളെ അവഗണിക്കുക, വ്യക്തികൾ തമ്മിലുള്ള പരസ്പര വിശ്വാസമില്ലായ്മയും സഹകരണമില്ലായ്മയും, മുൻകാലങ്ങളിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന സംഘർഷം, വ്യക്തികളെ കുറിച്ച് നമുക്ക് ലഭിക്കുന്ന തെറ്റായ വിവരങ്ങൾ, തുടങ്ങിയവയും സംഘർഷങ്ങൾക്ക് കാരണമാകുന്നു.

## നിയന്ത്രണമാർഗങ്ങൾ

താഴെപ്പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ സംഘർഷങ്ങളെ നമുക്ക് ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. മാത്രമല്ല, വ്യക്തിബന്ധങ്ങളെ ഊഷ്മളമാക്കുന്നതിനും കഴിയും.

(1) ഒരു വ്യക്തിയുടെ സ്വകാര്യതയിൽ ഇടപെടാതിരിക്കുക. വ്യക്തിപരമായ വിഷയങ്ങളിൽ മറ്റൊരാൾ ഇടപെടുന്നത് ആരും ഇഷ്ടപ്പെടുന്നില്ല.

(2) മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ശ്രദ്ധയോടെ കേൾക്കുന്നതിന് ക്ഷമ കാണിക്കുക. നല്ലൊരു കേൾവിക്കാരനാകാൻ കഴിഞ്ഞാൽ വ്യക്തിപരമായ അടുപ്പം വർദ്ധിക്കും.

(3) വ്യക്തികളോട് അനുകമ്പ കാണിക്കുന്നതിന് പകരം അവരോട് തന്മയത്തത്തോടെ പെരുമാറുവാൻ ശ്രദ്ധിക്കുക. അവരുമായി താദാത്മ്യം പ്രാപിക്കുവാൻ കഴിഞ്ഞാൽ അതാണ് വിജയം.

(4) പ്രവൃത്തികളിൽ നീതി പാലിക്കുക.

(5) വസ്തുതകളെ സമീപിക്കുന്നത് വ്യക്തികേന്ദ്രീകൃതമായിരിക്കരുത്. മറിച്ച് പ്രശ്നകേന്ദ്രീകൃതമായിരിക്കണം.

(6) പ്രശ്നത്തിന്റെ മൂലകാരണം കണ്ടെത്താൻ ശ്രമിക്കണം.

(7) മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതും അപവാദങ്ങളും ഒഴിവാക്കണം.

(8) കഴിയുന്നതും പോസിറ്റീവ് ആയി ശുഭസൂചകമായി പ്രതികരിക്കാൻ ശ്രമിക്കുക.

സംഘർഷം പെട്ടെന്ന് ഉണ്ടാകുന്നതല്ല. ഇത് ചില വ്യത്യസ്ഥ ഘടകങ്ങളിലായി രൂപപ്പെട്ട് വളർന്ന് വരുന്നതാണ്. പ്രാരംഭഘട്ടത്തിൽ വ്യക്തി മറ്റുള്ളവരുമായി ഒരു വേർതിരിവ് സൃഷ്ടിക്കുന്നു. തുടർന്ന് കക്ഷികൾ തമ്മിൽ ചില ആവലാതികളും വിദ്വേഷങ്ങളും രൂപപ്പെടുത്തുകയും പിൻതുണ ലഭിക്കാൻ സുഹൃത്തുക്കളെ സമീപിക്കുകയും അവരുടെ മുമ്പാകെ പ്രശ്നം അവതരുപ്പിക്കുകയും ചെയ്യുന്നു. ഇവിടെ പ്രശ്നം രൂക്ഷമാകുന്നു. പരസ്പരം നടത്തുന്ന ആരോപണ പ്രത്യാരോപണങ്ങൾ സംഘർഷം പുതിയ തലത്തിൽ എത്തിക്കുന്നു.

## മധ്യസ്ഥത

പൊതുപ്രവർത്തകൻ എന്ന നിലയിൽ പഞ്ചായത്ത് ജനപ്രതിനിധികൾ വ്യത്യസ്ഥമായ സംഘർഷ നിമിഷങ്ങളിൽ മധ്യസ്ഥത വഹിക്കേണ്ടി വരുന്നുണ്ട്. ഇത്തരത്തിൽ,



ഒരു തർക്കവിഷയത്തിൽ ഇടപെടുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിച്ചിരിക്കേണ്ടതുണ്ട്. രണ്ട് വ്യക്തികൾ/വിഭാഗക്കാർ തമ്മിലുള്ള പ്രശ്നത്തിൽ ഒത്തുതീർപ്പിന് വേണ്ടി ഇടപെടുമ്പോൾ മധ്യസ്ഥത വഹിക്കുന്ന ആൾ ഒരു ഭാഗം ചേർന്നു എന്ന പ്രതീതി ഒരിക്കലും ജനിപ്പിക്കരുത്. മധ്യസ്ഥൻ എപ്പോഴും നിഷ്പക്ഷനായിരിക്കണം. മാത്രമല്ല, തികച്ചും നിർവ്വികാരമായി വേണം ഇതിനെ സമീപിക്കാൻ. ഏതെങ്കിലും തരത്തിലുള്ള വൈകാരികത ഉണ്ടെങ്കിൽ പോലും അത് മറച്ച് വയ്ക്കുവാൻ നമുക്ക് കഴിയണം. ഇരുഭാഗത്തും ന്യായമുണ്ട് എന്ന വിശ്വാസത്തിൽ വേണം ചർച്ചകൾ ആരംഭിക്കാൻ. യുക്തിസഹമല്ലാത്തതും ഹിംസാത്മകവുമായ പ്രതികരണങ്ങളെ ശാന്തമായി കേൾക്കുന്നതിനും നേരിടുന്നതിനും കഴിയണം. മാത്രമല്ല, ഇരു കക്ഷികൾക്കും ഏത് തരത്തിലുള്ള വികാരം പ്രകടിപ്പിക്കുന്നതിനും അവസരം നൽകുകയും വേണം. എന്നാൽ ഏതെങ്കിലും വിഷയത്തിൽ വ്യക്തത വേണമെങ്കിൽ അത് അറിയുന്നതിനും മനസ്സിലാക്കുന്നതിനും മടിക്കരുത്. വ്യക്തികളെ കുറിച്ചുള്ള നമ്മുടെ മുൻധാരണകളും മുൻവിധികളും ചായ്‌വുകളും ഇതിൽ കടന്ന് വരുന്നത്. പൊതുവായി പറയുവാൻ ബുദ്ധിമുട്ട് ഉള്ള കാര്യങ്ങൾ സ്വകാര്യമായി കേൾക്കുന്നതിനും തയ്യാറാകണം.

വിധി പുറപ്പെടുവിക്കുന്നത് മധ്യസ്ഥന്റെ ജോലി അല്ല. മറിച്ച് അഭിപ്രായ സമന്വയത്തിൽ എത്തിക്കുകയാണ് വേണ്ടത്. അതുകൊണ്ട് ഏകപക്ഷീയമായി തീരുമാനം പ്രഖ്യാപിക്കുകയും അത് അനുസരിക്കണമെന്നുമുള്ള നിലപാട് എടുക്കുന്നതും ശരിയല്ല.

സംഘർഷത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ഇരു കക്ഷികൾക്കും ചില നഷ്ടങ്ങൾ ഉണ്ടാകുകയും ദുർഘട പ്രതിസന്ധികളിൽ അകപ്പെടുകയും ചെയ്തിട്ടുണ്ടാവും. ഇതിനെ വളരെ അവഗാഹതയോടുകൂടി വേണം കൈകാര്യം ചെയ്യാൻ.

## ജോലി സ്ഥലം – സംഘർഷങ്ങളെ എങ്ങനെ ഒഴിവാക്കാം

ചില ചെറിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ജോലിസ്ഥലത്തെ പ്രശ്നങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നതാണ്. ഇതിന് നേതൃത്വം നൽകേണ്ടത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമാണ്.

ജീവനക്കാരുമായി നേരിൽ കാണുന്നതിനും ഓഫീസ് പ്രവർത്തനം ചർച്ച ചെയ്യുന്നതിനും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ വിളിച്ച് ചേർക്കാൻ ശ്രദ്ധിക്കുക. ഇത്തരത്തിൽ നടത്തുന്ന യോഗങ്ങളിൽ തുറന്ന ചർച്ചകൾക്ക് അവസരം നൽകുകയും അവരുടെ വികാരങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നതിന് അനുവദിക്കുകയും ചെയ്യുക. പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളുംജോലിയുടെ രീതിയും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കികൊടുക്കുകയും വിശദീകരിക്കപ്പെടുകയും ചെയ്യണം. അതുപോലെ ജോലികളും ഉത്തരവാദിത്തങ്ങളും നീതിയുക്തമായി വിഭജിച്ച് നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഒരിക്കലും കീഴ്ജീവനക്കാരെ പരസ്യമായി വിമർശിക്കുകയും ശാസിക്കുകയും അരുത്. ശാസിക്കേണ്ട സാഹചര്യങ്ങളിൽ കഴിയുന്നതും വ്യക്തിപരമായി വിളിച്ച് കാര്യങ്ങൾ പറയുവാൻ ശ്രദ്ധിക്കണം. കീഴ്ജീവനക്കാരോട് മാന്യതയോടെയും നീതിയുക്തമായും പെരുമാറുവാൻ കഴിഞ്ഞാൽ ഓഫീസ് സാഹചര്യങ്ങളിൽ ഉണ്ടാകുന്ന സംഘർഷങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും.

## സംഘർഷം – നേതൃത്വത്തിന് വേണ്ട കഴിവുകൾ

### (1) മുൻവിധിയും പക്ഷപാതത്വവും ഒഴിവാക്കുക.

ഒരു വ്യക്തിയെകുറിച്ചുള്ള മുൻവിധിയും അയാളോട് പക്ഷപാതത്തോടുകൂടിയ പെരുമാറ്റവും ഒഴിവാക്കുക. മനുഷ്യൻ മുൻവിധികളുടെ അടിമയാണ്. ഈ സ്വഭാവം പലപ്പോഴും തെറ്റായ നിഗമനങ്ങളിലും തീരുമാനങ്ങളിലും എത്തുന്നതിന് ഇടയാക്കുന്നു. മാത്രമല്ല, ഒരു വ്യക്തിയെക്കുറിച്ച് നമുക്ക് ലഭിക്കുന്ന തെറ്റായ വിവരങ്ങളും അറിവുകളും നമ്മുടെ പെരുമാറ്റത്തെ സ്വാധീനിക്കുകയും ആ വ്യക്തിയുമായി സംഘർഷ സാധ്യതയിലേക്ക് നയിക്കുകയും ചെയ്യുന്നു.

### (2) ക്രിയാത്മക നിലപാട്

ഏത് പ്രശ്നങ്ങളോടും ക്രിയാത്മകമായും ശുഭസൂചകമായും പ്രതികരിക്കാൻ കഴിയേണ്ടതുണ്ട്. ഈ ഗുണമാണ് എഡിസനെപ്പോലെയുള്ള മഹാന്മാരെ സൃഷ്ടിച്ചത്. തന്റെ പരീക്ഷണങ്ങളിൽ നിരന്തരമായി പരാജയം സംഭവിച്ചപ്പോഴും തനിക്ക് വീഴ്ച പറ്റിയിട്ടില്ല എന്നും വിജയത്തിന് തടസ്സമായി നിന്ന പതിനായിരത്തിൽപരം കാരണങ്ങൾ കണ്ടെത്തുകയും ചെയ്യുകയാണ് ചെയ്തത് എന്ന ക്രിയാത്മക ചിന്താഗതിയാണ് അദ്ദേഹത്തെ വിജയത്തിൽ എത്തിച്ചത്. വിജയിച്ച് വരുമ്പോൾ അനുമോദിക്കാനും പരാജയപ്പെടുമ്പോൾ അവർക്ക് ആശ്വാസം നൽകുവാനും നേതൃത്വത്തിന് കഴിയണം. മറ്റൊന്ന് കീഴ്ജീവനക്കാരുമായി പൂർണ്ണമായി സഹകരണ മനോഭാവത്തോട്കൂടി പ്രവർത്തിക്കണം .

'നമ്മൾ കേൾക്കുന്നതിൽ കൂടുതൽ സംസാരിക്കാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിൽ നമുക്ക് രണ്ട് നാക്കും ഒരു ചെവിയുമാണ് ഉണ്ടാകേണ്ടിയിരുന്നത്' എന്ന മാർക്ക് ടൈ്വന്റെ വാക്കുകൾ ഇവിടെ പ്രസ്ത്യാവ്യമാണ്. മറ്റുള്ളവരെ അറിയാനും മനസ്സിലാക്കുന്നതിനും അവരുമായി താതാത്മ്യം പ്രാപിക്കാനും കഴിയണം. നമുക്ക് ചുറ്റുമുള്ളവരുടെ പ്രശ്നങ്ങൾ കേൾക്കുവാനും മനസ്സിലാക്കുന്നതിനും കഴിയണം. ഇത് വ്യക്തിബന്ധങ്ങളെപരിപോഷിപ്പിക്കുന്ന ഒന്നാണ്.

വൈകാരിക പ്രകടനങ്ങളിൽ നിന്നും മുക്തമായി തികച്ചും ശാന്തമായും സ്വസ്ഥമായും പെരുമാറുന്നതിന് നേതൃത്വത്തിന് കഴിയണം. ഇക്കാര്യത്തിൽ സാധാരണ മനുഷ്യൻ മൂന്ന് രീതികളാണ് കൈക്കൊള്ളുന്നത്. ഒന്ന്, വിഷയങ്ങളോട് നിസ്സംഗമായതുമോ നിഷ്ക്രിയമായോ നിലപാട് സ്വീകരുക്കുന്ന സ്വഭാവം. മറ്റൊന്ന് അമിതമായി ഉത്സാഹമോ ഒരുതരം ആക്രമണ സ്വഭാവം കാണിക്കുന്ന നിലപാട്, മൂന്നാമത് ഇതിന് രണ്ടിനും ഇടയിലുള്ള മധ്യമനിലപാട് ആദ്യത്തേത് രണ്ടും സംഘർഷം വിളിച്ച് വരുത്തും. തന്റെ സ്വന്തം നിലപാടുകളിൽ ഉറച്ച് നിന്നുകൊണ്ട് അഭിപ്രായം പ്രകടിപ്പിക്കുന്നതിനും നിലപാട് സ്വീകരിക്കുന്നതിനും നേതാവ് പ്രാപ്തനായിരിക്കണം.

*ലേഖകൻ 'കില'യിൽ അസിസ്റ്റന്റ് ഡയറക്ടറാണ്*

◆

26-ാം പേജിൽ നിന്നും തുടർച്ച

ഘട്ടത്തിൽ പോളിമർ, പെട്രോ കെമിക്കൽസ്, പെട്രോളിയം ശുദ്ധീകരണം എന്നിവയ്ക്കും, കൂളന്റുകളിലും ഉപയോഗിക്കുന്നു.

സമുദ്രങ്ങളിലെ ഉപ്പ് ഒരിക്കലും തീരുകില്ല. കടലിൽ അല്ലാതെയും ഉപ്പിന്റെ ശേഖരം വൻ ഉപ്പുത്പാദന രാജ്യങ്ങളിലുണ്ട്. മൂന്നു തരത്തിലാണ് ഉപ്പിന്റെ ഉത്പാദനം - ഉപ്പു പാറകളിൽ നിന്ന് നേരിട്ട്. ഉപ്പുവെള്ളം കൃത്രിമമായി വറ്റിച്ച്, സൂര്യതാപത്തിലൂടെ ഉപ്പുവെള്ളം വറ്റിച്ച്. ഇതിൽ വളരെ സാധാരണവും ഏറ്റവും ലാഭകരവുമായ മാർഗ്ഗം സൂര്യതാപത്തിലൂടെ കടൽവെള്ളം വറ്റിച്ച് ഉപ്പുപരലുകളാക്കുക എന്നതു തന്നെ. ഏറ്റവും ശുദ്ധമായ ഉപ്പിനാണ് ഏറ്റവും നല്ല വില കിട്ടുന്നത്. ഉപ്പിൽ മഗ്നീഷ്യം പോലുള്ളവയുടെ സാന്നിധ്യം അളവിലും അധികമാകുമ്പോൾ അത് ശുദ്ധിയെ ബാധിക്കും.

### സവിശേഷതകൾ

സൗരോർജം ഉപയോഗിച്ച് ഉപ്പ് നിർമ്മിക്കുന്ന മേഖലകളിൽ വർഷങ്ങളായി വിവിധ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഈ മേഖലയിലെ പ്രമുഖ ഗവേഷണ സ്ഥാപനമാണ് സെൻട്രൽ സാൾട്ട് ആൻഡ് മറൈൻ കെമിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഉയർന്ന ഗുണമേന്മയുള്ള ഉപ്പ് നിർമ്മിക്കാനുള്ള ആധുനിക സാങ്കേതിക വിദ്യ ഈ സ്ഥാപനം വികസിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും പഴയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇന്ത്യയിൽ നിർമ്മിക്കുന്ന ഉപ്പ് ഓസ്ട്രേലിയ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങൾ ഉത്പ്പാദിപ്പിക്കുന്ന ഉപ്പിനെക്കാൾ ഗുണമേന്മയിൽ വളരെ പിന്നിലാണ്. യന്ത്രങ്ങൾ ഉപയോഗിച്ച് കഴുകിയും മറ്റ് രാസപ്രയോഗങ്ങൾ നടത്തിയും ഇത്തരം ഉപ്പിന്റെ ഗുണമേന്മ വർധിപ്പിക്കാം. സെൻട്രൽ സാൾട്ട് ആൻഡ് മറൈൻ കെമിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിവിധ സംസ്ഥാന ഗവൺമെന്റുകളുടെയും, ഉപ്പ് വകുപ്പിന്റെയും സഹകരണത്തോടെ ഗവൺമെന്റ് സൗരോർജ്ജത്തിൽ തയാറാക്കുന്ന ഉപ്പിന്റെ ഗുണമേന്മ വർധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി ഉത്പ്പാദർക്കിടയിൽ മാതൃകാ ഉപ്പു ഫാമുകളും, പ്രദർശന യൂണിറ്റുകളും സ്ഥാപിച്ചു വരുന്നു. സൗരോർജ്ജ ഉപ്പു യൂണിറ്റുകളുടെ യന്ത്രവത്ക്കരണം, ആധുനികവത്ക്കരണം തുടങ്ങിയവ ഉപ്പിന്റെ ഉത്പാദനം കുത്തനെ ഉയർത്തും. ഇത് ഉപ്പിന്റെ ഗുണമേന്മയും വർധിപ്പിക്കും. എന്നാൽ കനത്ത മഴ പോലുള്ള അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങൾ ഉപ്പിന്റെ ഉത്പ്പാദനത്തിൽ വൻ ഇടിവ് ഉണ്ടാക്കും. കാലവസ്ഥ വ്യതിയാനങ്ങൾ കൊണ്ടുള്ള സൗരോർജ്ജ ഉപ്പ് ഉത്പ്പാദന കേന്ദ്രത്തിലുണ്ടാകുന്ന മനുഷ്യശേഷി പ്രശ്നങ്ങൾ ഒരു പരിധി വരെ യന്ത്രവത്ക്കരണം കൊണ്ടു പരിഹരിക്കാം. ഇത് ഉപ്പിന്റെ ഗുണമേന്മയെയും വർധിപ്പിക്കും.

2020 ൽ എത്തുമ്പോൾ ഇന്ത്യ ലക്ഷ്യം വച്ചിരിക്കുന്നത് 40 മില്യൺ ടൺ ഉപ്പ് ഉത്പ്പാദനമാണ്. ഇതിൽ 25 ടൺ ആഭ്യന്തര ഉപയോഗത്തിനും 10 മില്യൺ ടൺ കയറ്റുമതിക്കുമാണ്. നിലവിലുള്ള 6.1 ലക്ഷം ഏക്കർ ഉപ്പളങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഈ ലക്ഷ്യം നേടാവുന്നതേയുള്ളു. ആധുനിക സങ്കേതിക വിദ്യ ഉപയോഗിച്ചാൽ ഉത്പ്പാദന ക്ഷമതയും ഉയർത്താവുന്നതുമാണ്.

◆

*ചെന്നൈ പി.ഐ.ബി.യിൽ ഡയറക്ടറാണ് ലേഖകൻ. (ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖകന്റേതു മാത്രം.)*






ടി.ഷാഹുൽ ഹമീദ്

# ബിസിനസ്സ് ലോകത്തിന് പുതിയ മുഖ മുദ്രയുമായി ഇന്ത്യൻ രൂപ

പണമിടപാടുകൾ അത്യന്തം ദുഷ്കരമാകുന്ന ആധുനിക കാലത്ത് സുരക്ഷിതമായ സംവിധാനം ഒരുക്കേണ്ടത് സർക്കാരുകളുടെ ചുമതലയാണ്. എ.റ്റി.എം.മുകളും പേപ്പർ കാർഡുകളും സുലഭമാകുമ്പോൾ ഇന്ത്യയ്ക്ക് മാത്രമായി കുറ്റമറ്റ രീതിയിൽ ഒരു പണമിടപാടിനായി ഒരു കാർഡ് സംവിധാനം ഒരുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ലോകത്തെ പ്രചുരപ്രചാരം നേടിയ വിസ, മാസ്റ്റർ കാർഡ് എന്നിവയ്ക്ക് പകരമായി ഇന്ത്യ 'രൂപേ കാർഡ്' പുറത്തിറക്കിയിരിക്കുന്നു. 8.5.14 ന് ഇൻഡ്യയുടെ രാഷ്ട്രപതി പ്രണബ്മുഖർജിയാണ് കാർഡ് പുറത്തിറക്കിയത്.

ലോകത്തെ ഏഴാമത്തെ രാജ്യമായി ഇക്കാര്യത്തിൽ ഇന്ത്യ മാറിയിരിക്കുന്നു. ആഗോള രംഗത്ത് തല യുയർത്തി നിൽക്കാൻ ഇത്കൊണ്ട് ഇന്ത്യയ്ക്ക് സാധിച്ചിരിക്കുന്നു.

പണത്തിനു പകരം കാർഡ് ഉപയോഗിച്ചു വരുന്ന കാലത്ത് സ്വന്തമായി കാർഡുമായി അപൂർവ്വരാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു. എ.റ്റി.എം.കളിൽ നിന്ന് പണം എടുക്കുവാനും വ്യാപാര ഇടപാടുകൾക്കും ഈ കാർഡ് ഉപയോഗിക്കാം. റുപ്പി, പേയ്മെന്റ് എന്നീ വാക്കുകളിലെ ആദ്യാക്ഷരങ്ങൾ കൂട്ടിച്ചേർത്താണ് രൂപേ കാർഡിന്റെ പേരുണ്ടായത്. രാജ്യത്തെ 145270 എ.റ്റി.എം.കളിലൂടെയും 875000 സെയിൽസ് കൗണ്ടറുകളിലൂടെയും ഈ കാർഡിന്റെ സേവനം ലഭിക്കും. റിസർവ്വ് ബാങ്കിന്റെ നേതൃത്വത്തിൽ 10 ദേശീയ ബാങ്കുകളുടെ സഹകരണത്തോടെ രൂപീകരിച്ച നാഷണൽ പേയ്മെന്റ് കോർപ്പറേഷനാണ് രൂപേ കാർഡ് പുറത്തിറക്കിയത്. 240 ബാങ്കുകളും, 200 സഹകരണ ബാങ്കുകളും 1000 ഇ-കൊമേഴ്സ് വെബ് സൈറ്റുകളും ഈ കാർഡിനെ അംഗീകരിച്ചിരിക്കുന്നു. വളരെ വിപുലമായ ബിസിനസ് തലങ്ങളുള്ള, കണക്ടിവിറ്റിയുള്ള എല്ലാ സ്ഥാപനങ്ങളും അംഗീകരിക്കുന്ന കാർഡായി രൂപേ കാർഡ് മാറി.

വൻതുക പ്രവേശന ഫീസായി നൽകിയാണ് വിസ, മാസ്റ്റർ കാർഡുകൾ ഇപ്പോൾ വാങ്ങാൻ കഴിയുന്നത്. എന്നാൽ രൂപേ കാർഡുകൾ സ്വായത്തമാക്കുവാൻ യാതൊരുവിധ പ്രവേശനഫീസും നൽകേണ്ടതില്ല എന്നത് ഈ കാർഡിന്റെ പ്രത്യേകതയാണ്. പേയ്മെന്റ് ഗേറ്റ്വേയായി ഈ കാർഡ് മാറുമെന്നതിൽ രണ്ടഭിപ്രായമില്ല. മൂന്ന് മേഖലകളിൽ ഈ കാർഡ് സുലഭമായി ഉപയോഗിക്കാം. എ.റ്റി.എം, പേയ്മെന്റ് ഓഫ് സെയിൽ, ഓൺലൈൻ കച്ചവടം, രൂപേ കാർഡിന് മാത്രമായി 25331 എ.റ്റി.എം.മുകളും സ്ഥാപിക്കും. പണത്തിന്റെ ആശ്രയത്വം കാർഡിലേയ്ക്ക് മാറ്റുന്നതിനുള്ള വലിയ ശ്രമമാണ് രൂപേ കാർഡ് കൊണ്ട് ഉണ്ടായിരിക്കുന്നത്. എല്ലാ സ്ഥലത്തും എല്ലാ സമയത്തും കാർഡിലൂടെ സേവനം എന്നതാണ് രൂപേ കാർഡിന്റെ മുദ്രാവാക്യം. കൂടാതെ കാർഡ് ഉടമ മരണപ്പെട്ടുപോയാൽ ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് ലഭിക്കും. ചരിത്രത്തിലാദ്യമായാണ് ഇത്രയും വലിയ തുക ഇൻഷ്വറൻസായി കാർഡ് ഉടമയ്ക്ക് ലഭിക്കുന്നത്. ലളിതം, സുരക്ഷിതത്വം, ചെലവു ചുരുങ്ങിയത്, ഏറ്റവും എളുപ്പം ഉപയോഗിക്കാൻ കഴിയുന്നത് എന്നീ മുഖമുദ്രയുമായാണ് രൂപേ കാർഡ് വിപണിയിലിറങ്ങുന്നത്. റയിൽടിക്കറ്റ് ബുക്കു ചെയ്യാനും, കച്ചവടക്കാർക്കും വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും ഒരുപോലെ ഉപകരിക്കുന്ന കാർഡ് ഇന്ത്യയിലെ ജനങ്ങൾ നെഞ്ചിലേറ്റുമെന്നത് തീർച്ചയാണ്. ◆



എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (i/C)

# മാലിന്യ നിർമ്മാർജ്ജനം കുമളി മാതൃക

**ആമുഖം**

ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നായ തേക്കടി കുമളി ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ ജൈവവൈവിധ്യവും പ്രകൃതി മനോഹാരിതയും കാലാവസ്ഥയും ഏതു വിനോദസഞ്ചാരിയേയും വീണ്ടും ആകർഷിക്കുന്ന തരത്തിലുള്ളതാണ്. കൂടാതെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി ലക്ഷക്കണക്കിന് തീർത്ഥാടകരും കുമളി വഴി ശബരിമലയിലേക്ക് പോകുന്നു. ഇതിന്റെയെല്ലാം ഫലമായി കുമളിയിലെ ടൂറിസം മേഖല അഭിവൃദ്ധിപ്പെടുകയും ഹോട്ടൽ, റിസോർട്ട്, ഹോം സ്റ്റേ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവയുടെയെല്ലാം എണ്ണം വളരെയധികം കൂടുകയും ചെയ്തു. അതോടെ കുമളി ടൗണിലെ മാലിന്യത്തിന്റെ അളവും വളരെയധികം വർദ്ധിച്ചുവന്നു.

ആദ്യകാലഘട്ടങ്ങളിൽ ഒരു ജീപ്പിൽ ശേഖരിക്കാവുന്ന മാലിന്യം മാത്രമേ കുമളി പഞ്ചായത്തിലുണ്ടായിരുന്നുള്ളൂ. പിന്നീടത് ഒരു ട്രാക്ടറിൽ കൊള്ളാവുന്നതായി മാറി. ഈ ശേഖരിക്കുന്ന മാലിന്യങ്ങൾ പഴയ കെ.കെ റോഡരികിൽ നിക്ഷേപിക്കുന്നതായിരുന്നു കുമളി പഞ്ചായത്തിലെ ആദ്യകാലങ്ങളിലെ രീതി. ഇത് പിന്നീട് വിവിധ ആരോഗ്യപ്രശ്നങ്ങൾക്കും ജനകീയ പ്രശ്നങ്ങൾക്കും കാരണമായതോടെ അന്നത്തെ പഞ്ചായത്ത് ഭരണസമിതി മാലിന്യം ടൗണിൽ നിന്നും നീക്കി വെറുതെ നിക്ഷേപിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങാൻ ആലോചിക്കുകയും അങ്ങനെ കുമളി ടൗണിൽ നിന്നും 5 കിലോമീറ്റർ അകലെയായി മുരിക്കടി എന്ന സ്ഥലത്ത് സ്ഥലം വാങ്ങിക്കുകയും ചെയ്തു. കൂടാതെ ടൗണിലെ മാലിന്യങ്ങൾ രാവിലെയും വൈകിട്ടും തൂത്തുവാരുന്നതിനായി പതിനഞ്ചോളം സ്ത്രീകളെയും അന്നത്തെ ഭരണസമിതി ഡി.റ്റി.പി.സിയുടെ സഹായത്തോടെ ഏർപ്പെടുത്തി. അപ്പോഴേയ്ക്കും കുമളിയിലെ മാലിന്യം ഏകദേശം നാല് വാഹനത്തിലായി 8000-10000 കിലോഗ്രാം ആയിത്തീർന്നിരുന്നു. ഇവയെല്ലാം ടൗണിൽ നിന്ന് നീക്കം ചെയ്ത് മുരിക്കടിയിലെ സ്ഥലത്ത് വെറുതെ കൂട്ടിയിട്ടത് വീണ്ടും ജനകീയ പ്രശ്നങ്ങൾക്ക് കാരണമായിത്തീരുകയും അപ്പോഴത്തെ പഞ്ചായത്ത് ഭരണസമിതി ജൈവമാലിന്യ സംസ്കരണത്തെക്കുറിച്ച് ആലോചിക്കുകയും മുരിക്കടിയിലെ സ്ഥലത്ത് വെർമികമ്പോസ്റ്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

എന്നാൽ പിന്നീടുള്ള പഠനത്തിൽ, നിലവിലുള്ള പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വളരെ വിപുലമായതും ജനപങ്കാളിത്തത്തോടു കൂടിയതുമായ 'ക്ലീൻ കുമളി ഗ്രീൻ കുമളി' പദ്ധതിക്ക് പഞ്ചായയത്ത് ഭരണസമിതി രൂപം നൽകി.

പദ്ധതി രൂപീകരിച്ചു കഴിഞ്ഞ



പ്പോൾ ഇതിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള ആലോചനയിൽ പഞ്ചായത്തിലെ മാറിമാറി വരുന്ന ഉദ്യോഗസ്ഥർക്ക് ഇത് തുടർച്ചയായി നടത്തിക്കൊണ്ടു പോകാൻ സാധിക്കില്ലെന്നും, മാലിന്യസംസ്ക്കരണ രംഗത്ത് പ്രതിസന്ധി നേരിടേണ്ടി വരുമെന്നും മനസ്സിലായതിനാൽ ഒരു സൊസൈറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും സംഘടനകളുടെയും പ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കാൻ ഭരണസമിതി തീരുമാനിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി 2009 ഫെബ്രുവരി മാസം 18-ാം തീയതി ക്ലീൻ കുമളി ഗ്രീൻ കുമളി സൊസൈറ്റി (രജി.നം.ക44/2009) രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2 ജീവനക്കാരെയും നിയമിച്ചു. കൂടാതെ മുരിക്കടിയിൽ സൊസൈറ്റിക്കാവശ്യമായ കമ്പ്യൂട്ടർവത്ക്കരിച്ച ഓഫീസും ഒരുക്കി.

### കാഴ്ചപ്പാട്

മാലിന്യരഹിതമായ, മലിനീകരണമില്ലാത്ത, ആരോഗ്യകരമായ, വൃത്തിയുള്ള ഗ്രാമമായി കുമളിയെ രൂപപ്പെടുത്തിയെടുക്കുക. സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ പരമാവധി കുറയ്ക്കുകയും അവയുടെ 80%മെങ്കിലും പുനരുപയോഗിക്കുകയോ പുനർചംക്രമണം ചെയ്യുകയോ ചെയ്യുന്ന, മാലിന്യരഹിത സമൂഹത്തിൽ വിശ്വസിക്കുന്ന ഒരു പൗരാവലിയെ വാർത്തെടുക്കുക. മാലിന്യങ്ങളെ വിഭവങ്ങളായി പരിഗണിക്കുന്ന, ഇവയിൽ നിന്നും സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഒരു സമൂഹത്തെ വളർത്തിക്കൊണ്ടുവരിക.

### ലക്ഷ്യങ്ങൾ

1. ശുചിത്വമുള്ളിടത്ത് ആരോഗ്യകരമായ വളർച്ച ഉറപ്പാക്കുക, കുമളി പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വഗ്രാമമാക്കി മാറ്റുക.
2. തൊഴിലവസരങ്ങൾ: ശുചിത്വപരിപാടികളിലും പ്രക്രിയകളിലും സ്ത്രീ സാന്നിദ്ധ്യം ഉറപ്പുവരുത്തുക.
3. പൊതുജനാരോഗ്യം: സമ്പൂർണ്ണ ശുചിത്വസംവിധാനങ്ങളുള്ള അന്താരാഷ്ട്ര ആരോഗ്യ നിലവാരത്തിലേക്ക് എത്തിക്കുക.
4. ടൂറിസം: തേക്കടിയെ ഒരു മാതൃകാ ടൂറിസം കേന്ദ്രമാക്കുക.
5. ശാസ്ത്രീയവും സുരക്ഷിതവും സമഗ്രവുമായ ഡ്രെയ്നേജ് സംവിധാനം ഒരുക്കുക.
6. സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധനം
7. ചപ്പുചവറുകൾ പൊതുസ്ഥലങ്ങളിലേക്കും ഓട, തോട്, കിണർ മുതലായ സ്ഥലങ്ങളിലും നിക്ഷേപിക്കുന്നവരെ ബോധവത്ക്കരണത്തിലൂടെ പിന്തിരിപ്പിക്കുക.
8. കുമളിയിലും പരിസരങ്ങളിലും ആധുനിക സംവിധാനങ്ങളോടുകൂടിയ അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുക.
9. തീർത്ഥാടകർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക- ടോയ്‌ലറ്റ്, വെള്ളം, വാഹന പാർക്കിംഗ് സൗകര്യം തുടങ്ങിയവ.
10. മാലിന്യസംസ്ക്കരണ കേന്ദ്രം പഠന ഗവേഷണ കേന്ദ്രമാക്കി മാറ്റുക. കൂടാതെ ബൊട്ടാണിക്കൽ ഗാർഡനാക്കുക.
11. ഉറവിട സംസ്കരണം പ്രോത്സാഹിപ്പിക്കൽ

### പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിലെ വീടുകളിലും സ്ഥാപനങ്ങളിലും തരംതിരിച്ചു ശേഖരിക്കുന്ന ജൈവ അജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ മാലിന്യം ശേഖരിക്കുന്ന മൂന്ന് വാഹനങ്ങൾ ഉപയോഗിച്ച് പന്ത്രണ്ടോളം ജീവനക്കാർ ശേഖരിച്ച് പൊതുസംസ്കരണ പ്ലാന്റിൽ എത്തിക്കുന്നു. ജൈവമാലിന്യങ്ങളെ വെർമി കമ്പോസ്റ്റ് പ്ലാന്റിലേക്ക് മാറ്റി മണ്ണിര കമ്പോസ്റ്റാക്കുന്നു. പ്ലാന്റിലെ 6 ജീവനക്കാർ ആദ്യകാലങ്ങളിൽ ജൈവം മാത്രമായിരുന്നു സംസ്കരിച്ചിരുന്നത്. സൊസൈറ്റിയുടെ പ്രവർത്തന ഫലമായി ഇപ്പോൾ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിരിക്കുകയാണ്. ഇതുപയോഗിച്ച് പ്ലാസ്റ്റിക്കുകൾ റീസൈക്കിൾ ചെയ്ത് എടുക്കാവുന്നതാണ്. കൂടാതെ മറ്റ് അജൈവ വസ്തുക്കൾ കത്തിച്ചുകളയുന്നതിനായി ഇൻസിനറേറ്റർ കൂടി സൊസൈറ്റി പഞ്ചായത്തിനോട് ആവശ്യപ്പെടുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ഏകദേശം പൂർത്തീകരിച്ചു

വരുന്നു. കൂടാതെ സ്ലോട്ടർ ഹൗസും ഇതേ കോമ്പൗണ്ടിലാണ് നിർമ്മിക്കുന്നത്. അതിലെ ബയോഗ്യാസ് പ്ലാന്റും കൂടിയാവുമ്പോൾ കുമളി ടൗണിലെ മത്സ്യമാംസ അവശിഷ്ടങ്ങൾ കൂടി നമുക്ക് സംസ്കരിക്കാനാവും. കൂടാതെ വരുന്ന ചില തരം അവശിഷ്ടങ്ങൾ ലാന്റ് ഫില്ലിംഗും നടത്തുന്നു. അങ്ങനെ വിവിധ തരത്തിലുള്ള മാലിന്യങ്ങൾ വിവിധ രീതിയിൽ സംസ്കരിക്കുന്ന ഒരു വേസ്റ്റ് മാനേജ്മെന്റ് സ്റ്റഡി സെന്റർ ആക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ സംസ്കരണ പ്ലാന്റിപ്പോൾ. ജീവനക്കാരുടെയും വിവിധ പദ്ധതികളുടെയുമെല്ലാം മേൽനോട്ടം സൊസൈറ്റി ജീവനക്കാർ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം വളരെ കാര്യക്ഷമമായി തന്നെ നടത്തുന്നുണ്ട്.

## പ്രവർത്തന മൂലധനം

മാലിന്യസംസ്കരണ രംഗത്തെ വിവിധ പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞപ്പോൾ സൊസൈറ്റിക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടാൻ തുടങ്ങി. അതായത് പ്ലാന്റിലെ ദൈനംദിന ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവയൊക്കെ പ്രതിസന്ധിക്ക് കാരണമായി. ഈ സാഹചര്യത്തിൽ സൊസൈറ്റി മാലിന്യം നേരിട്ട് ശേഖരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവരുടെ അനുവാദത്തോടുകൂടി തന്നെ മാലിന്യത്തിന്റെ അളവനുസരിച്ച് താരിഫ് തീരുമാനിച്ച് ഒരു കളക്ഷൻ ഫീസ് തീരുമാനിക്കുകയും അത് സൊസൈറ്റി രസീത് ഉപയോഗിച്ച് സൊസൈറ്റി ജീവനക്കാർ കളക്ട് ചെയ്യുകയും ബാങ്കിൽ നിക്ഷേപിക്കുകയും ദൈനംദിന ചെലവുകൾക്ക് കമ്മിറ്റി നിർദ്ദേശാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു.

## നേട്ടങ്ങൾ

1. സമീപ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി കുമളി പഞ്ചായത്തിനെ പകർച്ചവ്യാധികൾ ഇല്ലാത്ത ഗ്രാമമാക്കി മാറ്റി.
2. ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സാധിച്ചു.



*ഡയറക്ടർ പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നു*



*വെർമി കമ്പോസ്റ്റ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ എസ്.പി.സി. കേഡറ്റുകൾ സന്ദർശിക്കുന്നു*

3. കുമളി ഗ്രാമപഞ്ചായത്തിന് നിർമ്മൽഗ്രാം പുരസ്കാരം 2007-ൽ ലഭിച്ചു.
4. കുമളിയിലെ കൂടിയ ജനവിഭാഗവും മാലിന്യം സ്വയം സംസ്കരണത്തിലേക്ക് മാറിയിരിക്കുന്നു.
5. പൊതുനിരത്തിലേക്ക് മാലിന്യം വലിച്ചെറിയുന്ന പ്രവണത കുറഞ്ഞു.
6. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവ വാഹനങ്ങളിൽ മാലിന്യം നേരിട്ടെത്തിച്ചു തരുന്നു.
7. മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി മാലിന്യശേഖരണത്തിനായി ടൗണിൽ വേസ്റ്റ് ബിന്നുകൾ ഒന്നുപോലും സ്ഥാപിക്കാതെ മാലിന്യം വാഹനങ്ങളിൽ നേരിട്ട് ശേഖരിക്കുന്ന രീതി നടപ്പിലാക്കാൻ സാധിച്ചു.
8. വാർഡ് തലങ്ങളിൽ വിവിധ ക്ലസ്റ്റർ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ വിവിധ പ്രദേശങ്ങളിലുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ സൊസൈറ്റിക്ക് ഉടനടി അറിയാനും അത് സമയബന്ധിതമായി പരിഹരിച്ചു പോകുന്നതിനും സാധിച്ചു.
9. മാലിന്യസംസ്കരണ കേന്ദ്രത്തിൽതന്നെ സൊസൈറ്റി ഓഫീസ് സ്ഥാപിച്ച് ജീവനക്കാരെ നിയമിച്ചതിനാൽ മാലിന്യ സംസ്കരണ രംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി ഉടനടി പരിഹരിക്കാൻ സാധിക്കുന്നു.
10. കുമളി പഞ്ചായത്തിലെ യാചകനിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നു.
11. കുമളി പഞ്ചായത്തിലെ വഴിയോര കച്ചവട നിരോധനം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നു. ◆



ഡോ. എച്ച്. ആർ. കേശവമൂർത്തി

# എബോള വൈറസ് രോഗം: ആശങ്കയും പ്രതിരോധവും

എബോള രോഗം (ഇ വി ഡി) അഥവാ എബോള ഹെമറാജിക് പനി എന്നത് മനുഷ്യരെ ബാധിക്കുന്ന ഗുരുതരമായ ഒരു വൈറസ് രോഗമാണ്. ഇ വി ഡി പിടിപെട്ടാൽ 90 ശതമാനവും മരണ സാധ്യതയുണ്ട്. ഉഷ്ണമേഖല മഴക്കാടുകളോട് ചേർന്ന മധ്യ, പടിഞ്ഞാറൻ ആഫ്രിക്കയിലെ വിദൂര ഗ്രാമങ്ങളിലാണ് ഈ രോഗം പ്രധാനമായും കാണപ്പെടുന്നത്. വന്യമൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുകയും തുടർന്ന് മനുഷ്യരിലാകെ തന്നെ പടർന്നു പിടിക്കുകയുമായിരുന്നു ഈ രോഗം. 'റ്ററോപോഡിഡേ' കുടുംബത്തിൽപ്പെട്ട വവ്വാലുകളാണ് എബോളയുടെ പ്രകൃതിദത്ത വാഹകർ. ഡെമോക്രാറ്റിക് റിപ്പബ്ളിക് ഓഫ് കോംഗോയിലെ യാബുകുവിലും, ദക്ഷിണ സുഡാനിലെ സാറയിലും രണ്ടു സമയങ്ങളിലായി 1976 ലാണ് ആദ്യമായി എബോള രോഗം പൊട്ടിപ്പുറപ്പെടുന്നത്. തുടർന്ന് രോഗം പിടിപെട്ട ഡെമോക്രാറ്റിക് റിപ്പ്ബ്ലിക് ഓഫ് കോംഗോയിലെ യാബുക്കു എന്ന പ്രദേശത്തെ ഒരു ഗ്രാമത്തിനു സമീപമുള്ള 'എബോള നദി' യുടെ പേരിൽ നിന്നാണ് രോഗത്തിനു പേര് ലഭിച്ചത്.

### രോഗം പകരുന്ന വിധം

മനുഷ്യരിൽ രോഗം പകരുന്നത് അസുഖബാധിതരായ മൃഗങ്ങളുടെ രക്തം, ശരീരദ്രവങ്ങൾ എന്നിവയിലൂടെയാണ്. അസുഖം ബാധിച്ചതോ ചത്തതോ ആയ കുരങ്ങുകൾ, കാട്ടുമാൻ എന്നിവയെ കൈകാര്യം ചെയ്യുന്നതിലൂടെയാണ് ആഫ്രിക്കയിൽ രോഗാണുക്കൾ പടർന്നത്. ചർമ്മത്തിലോ ശ്ലേഷ്മപാളികളിലോ ഉള്ള മുറിവുകളിലൂടെയും, സ്പർശനം എന്നിവയിലൂടെയും രോഗം പടരുന്നു. രോഗവിമുക്തമായാലും മനുഷ്യരിൽ ശുക്ളത്തിലൂടെ ഏഴാഴ്ച വരെ രോഗം പടർന്നു പിടിച്ചേക്കാം. രോഗികളെ ശുശ്രൂഷിക്കുന്ന ആരോഗ്യ പ്രവർത്തകർ വേണ്ട മുൻകരുതലുകൾ എടുത്തില്ലെങ്കിൽ അവരും രോഗബാധിതരും വാഹകരുമാകും.

### സൂചനകളും രോഗലക്ഷണങ്ങളും

പെട്ടെന്നുള്ള പനി, കടുത്ത ക്ഷീണം, തലവേദന, തൊണ്ടവീക്കം എന്നി ലക്ഷണങ്ങളോടു കൂടിയാണ് മാരകരോഗമായ ഇ വി ഡി ആരംഭിക്കുക. തുടർന്ന് ഛർദ്ദി, അതിസാരം, ശരീരംചൊറിഞ്ഞു തടിക്കൽ, കിഡ്നിയുടെയും കരളിന്റെയും ക്ഷീണാവസ്ഥ, ചിലപ്പോൾ ആന്തരികമോ ബാഹ്യമോ ആയ രക്തസ്രാവം



എന്നിവയും ഉണ്ടാകും. വൈറസ് ബാധയേറ്റാൽ രണ്ടു മുതൽ 21 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചേക്കാം.

### രോഗനിർണ്ണയം

ഒരാൾക്ക് രോഗലക്ഷണങ്ങൾ പ്രകാരം എബോള വൈറസ് രോഗം ബാധിച്ചെന്ന് സ്ഥാപിക്കുന്നതിനു മുൻപേ, മലേറിയ, ടൈഫോയിഡ് പനി, വയറുകടി, പ്ളേഗ്, എലിപ്പനി, മെനിഞ്ചൈറ്റിസ്, കരൾ വീക്കം മറ്റു പകർച്ച വ്യാധികളായ ഡെങ്കിപ്പനി, യെല്ലോഫീവർ തുടങ്ങിയവയൊന്നുമല്ലെന്ന് പരിശോധനകളിലൂടെ ഉറപ്പുവരുത്തേണ്ടതുണ്ട്.

### രോഗപ്രതിരോധ ഔഷധങ്ങളും ചികിത്സയും

എബോള രോഗത്തിന് പ്രത്യേകം ചികിത്സയോ, അംഗീകാരമുള്ള രോഗപ്രതിരോധ മരുന്നുകളോ ലഭ്യമല്ല. കുറെയധികം രോഗപ്രതിരോധ മരുന്നുകൾ പരീക്ഷിച്ചുവെങ്കിലും, ചികിത്സായോഗ്യമായി ഒന്നും ലഭ്യമല്ല. ഗുരുതര രോഗബാധിതർ മറ്റുള്ളവരിൽ നിന്നകന്ന് അതീവ സംരക്ഷണത്തിൽ കഴിയേണ്ടതാണ്. രോഗികൾക്ക് ഇടക്കിടെ ജലാംശം നഷ്ടപ്പെടുന്നതിനാൽ വായിലൂടെയോ ഞരമ്പുകളിലൂടെയോ ജലാംശമോ ഇലക്ട്രോലൈറ്റുകളോ തുടർച്ചയായി നൽകിക്കൊണ്ടിരിക്കണം.

### രോഗം തടയലും നിയന്ത്രണവും

രോഗം തടയാനായി മൃഗങ്ങൾക്കായുള്ള പ്രതിരോധ ഔഷധങ്ങൾ ലഭ്യമല്ല. പതിവ് ശുചിത്വവും, സോഡിയം ഹൈപ്പോക്ളോറൈഡോ, മറ്റു ഡിറ്റർജന്റുകളോ ഉപയോഗിച്ച് പന്നികളുടേയും കുരങ്ങുകളുടേയും ഫാമുകൾ ശുചീകരിക്കാവുന്നതാണ്. രോഗബാധിത മൃഗങ്ങളുടെ ശവശരീരം കുഴിച്ചു മൂടുകയോ, ചുട്ടു ചാരമാക്കുകയോ ചെയ്യാം. രോഗം ബാധിച്ച ഫാമുകളിലേക്ക് പ്രവേശനം നിരോധിച്ചും മറ്റൊരു സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നത് ഒഴിവാക്കിയും രോഗം പകരുന്നത് തടയാനാകും.





മനുഷ്യനേക്കാൾ മുൻപേ പന്നികളിലും കുരങ്ങുകളിലുമാണ് രോഗം ആദ്യം പടർന്നു പിടിക്കുക എന്നിരിക്കെ, മൃഗങ്ങളിൽ രോഗം പടർന്നു പിടിക്കുന്നത് നിരീക്ഷിക്കാൻ ആവശ്യമായ മുൻകരുതലും, സജ്ജീകരണങ്ങളും ഒരുക്കുന്നത് മൃഗ, മനുഷ്യാരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ഏറെ സഹായകമാകും.

ഫലപ്രദമായ ചികിത്സയുടെയും മനുഷ്യപ്രതിരോധ ഔഷത്തിന്റെയും അഭാവത്തിൽ രോഗം പടർന്നു പിടിക്കുന്നത് തടയാനായി ഓരോ വ്യക്തിയും മുൻകൈയ്യെടുത്താൽ രോഗ ബാധയും മരണവും ഒഴിവാക്കാവുന്നതാണ്.

### ഇന്ത്യയും എബോളയും

നാലു രോഗബാധിത പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാർ വഴിയാണ് രോഗം ഇന്ത്യയിലേയ്ക്ക് പടർന്നു പിടിക്കാൻ സാധ്യതയുള്ളത്. രോഗം മൂലം 932 പേർ കൊല്ലപ്പെട്ട ഗിനിയ, ലൈബീരിയ, സിറ-ലിയോൺ, നൈജീരിയ എന്നീ രാജ്യങ്ങളിൽ ഏകദേശം 45000 ഇന്ത്യക്കാർ ജോലി ചെയ്യുന്നു. ഇന്ത്യയിൽ എബോള വൈറസ് രോഗ ബാധിതരുടെ ഭീഷണി കുറവാണെങ്കിലും ഏതു സാഹചര്യത്തിലും വൈറസ് കടൽ കടന്ന് എത്തിയേക്കാം. നാല് രാജ്യത്തിൽ നിന്നും എത്തുന്ന യാത്രക്കാരെ വീക്ഷിക്കാൻ ഇന്ത്യാ ഗവൺമെന്റ് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ വിമാനത്താവളങ്ങളിൽ യാത്രക്കാർക്ക് രോഗലക്ഷണമുണ്ടോ എന്ന് പരീക്ഷിക്കാനായി സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

രോഗബാധിതസാധ്യത പരിഗണിച്ച് ആശുപത്രികളിൽ മുൻകൂറായി പ്രത്യേക പരിചരണ വാർഡുകളും, സ്വയംസുരക്ഷയ്ക്ക് വേണ്ട മാസ്കുകൾ, ഗ്ലൗസുകൾ പോലുള്ള ഉപകരണങ്ങളും ലഭ്യമാക്കുവാനായി സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം ലഭിച്ചു കഴിഞ്ഞു. ◆

ലേഖകൻ കൊൽക്കട്ട പ്രസ്
ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടർ
(മീഡിയ & കമ്മ്യൂണിക്കേഷൻ) ആണ്.



# വാർത്തകളും വിശേഷങ്ങളും

## ഗ്രാമകേന്ദ്രങ്ങൾക്ക് പ്രവർത്തനച്ചട്ടം തയ്യാറാക്കുന്നതിനുള്ള ടീം രൂപീകരിച്ചു

പ്രാദേശിക ഭരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവാഗ്രാമം എന്നറിയപ്പെടുന്ന ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിനായി 25-6-2014-ലെ ജി.ഒ.(എം.എസ്)നം.112/14/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനച്ചട്ടം തയ്യാറാക്കുന്നതിനായി ഒരു ടീം തയ്യാറാക്കണമെന്ന 13-8-2014-ൽ കൂടിയ സംസ്ഥാന തല കോ-ഓർഡിനേഷൻ സമിതിയുടെ 2.6 നമ്പർ തീരുമാന പ്രകാരമുള്ള കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്ലാനിംഗ് ബോർഡംഗം സി.പി.ജോൺ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സ.ഉ.(സാധാ)നം.2270/2014/തസ്വഭവ, തീയതി 28-08-2014.

## 2014–15 പദ്ധതി നിർവ്വഹണം സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

2014-15 പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവായി.

സാങ്കേതിക അനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളെ സംബന്ധിച്ച് ഡെപ്പോസിറ്റുകൾ, അഡ്വാൻസ്, വിവിധ ഭവന പദ്ധതികൾക്കുള്ള തുക എന്നിവ 30-09-2014നകം കൊടുക്കേണ്ടതാണ്. സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകളെ സംബന്ധിച്ച് 30-09-2014നകം സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതും ടെൻഡർ നടപടികൾ 15-10-2014നകം പൂർത്തീകരിക്കേണ്ടതും ഉടമ്പടികൾ 31-10-2014ന് മുൻപ് വയ്ക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതികളുടെ രൂപീകരണം 25-09-2014ന് മുൻപ് പൂർത്തീകരിക്കേണ്ടതും അവരുമായുള്ള കരാർ 15-10-2014നകം വയ്ക്കേണ്ടതുമാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് അന്തിമ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് 30-09-2014നകം കൈമാറേണ്ടതാണെന്നും ഉത്തരവിൽ പറയുന്നു. സ.ഉ.(ആർ.ടി)നം.2257/2014/തസ്വഭവ, തീയതി 28-8-2014.

## സംയുക്ത റോഡു നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശം

ബ്ലോക്ക് പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തിയതിനുശേഷം മാത്രമേ റോഡ് പണികൾക്ക് തുക വകയിരുത്താവൂ. അപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 6 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായി. സ.ഉ.(സാധാ.)നം.2179/14/തസ്വഭവ, തീയതി 21-8-2014.

## ഗ്രന്ഥശാല സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഫർണിച്ചറും പുസ്തകങ്ങളും വാങ്ങി നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് അനുമതി

ഗ്രന്ഥശാല സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനുള്ള പദ്ധതി ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ.)നം.2148/2014/തസ്വഭവ., തീയതി 19-8-2014.

## കാലിത്തീറ്റ വിതരണം സംയുക്ത പ്രോജക്ട് അനുമതി നൽകി

ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന ക്ഷീരസംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ വിതരണം സംയുക്ത പ്രോജക്ടായി (ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ സഹകരിപ്പിച്ച്) നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ.)നം.2147/2014/തസ്വഭവ. തീയതി 19-8-2014.

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

www.promptec.in

promptec
LED Lights
Saves Power, Light forever

Leading Manufacturers of LED Lights
LED Lighting Systems & Accessories

Completed India's Largest LED Lighting Project,
Lighting up 5 Corporations, 60 Municipalities and Panchayats in Kerala.



Specialized in manufacturing LED Street Lights varying from 5W to 150W

**Promptec LED lights help you :**

| Save Energy | Enjoy Crystal Clear Visibility | Protect Environment - Mercury Free | No Maintenance Headaches |

Industry leading product Certifications from

CPRI · RoHS · TÜV NORD ISO 9001:2008 · Ministry of New & Renewable Energy Govt. of India · NSIC Certified

Manufactured & Marketed by:

**PROMPTEC RENEWABLE ENERGY SOLUTIONS PVT LTD.**

(An ISO 9001-2008 Certified Company)

Head Office & Works
'Shibra Farms', Nagasandra Main Road,
Near 8th Mile, Tumkur Road,
Bangalore - 560 073. Karnataka, India

Sales Depot
1/153 Thalore, Old NH47,
Nenmanikara Gramapanchayat,
Thrissur, Kerala, India - 680 306
Enquiries : +91 98468 81939

Ph :080-28390897 / +91 9686198166 / 67 | Fax : 080 28390889 Email: sales@promptec.in
We solicit Dealer / Representatives enquiries to supply our products in Kerala.

**PANCHAYATRAJ** (Monthly) **September** 2014
Annual Subscription ₹120/-, Published on 20th **September** 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈററുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## SOLAR LED MAST LIGHTS



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award
for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

## അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

**For more details:1800 300 00 600 (TOLL FREE)**

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed